# പഞ്ചായത്ത് രാജ്

പുസ്തകം 51 ◆ ലക്കം 4

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2011



**യുവ കർമ്മശേഷി പ്രയോജനപ്പെടുത്തണം**

**തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തും**



# KLGSDP

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ
പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്

## കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്



**ഇങ്ങനെയും ഒരു സർപഞ്ച്**






# ഉള്ളടക്കം



5 എഡിറ്ററുടെ പേജ്

6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തും
ഡോ. എം.കെ. മുനീർ

7 യുവ കർമ്മശേഷി പ്രയോജനപ്പെടുത്തണം
പി.കെ. ജയലക്ഷ്മി

10 കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്
എച്ച്. ഷാജി



14 മഴക്കാലപൂർവ്വ ശുചീകരണം ഫലപ്രദമാകണമെങ്കിൽ...
ഡോ. തോമസ് മാത്യു
ആർ. ഉണ്ണിക്കൃഷ്ണൻ

18 ശുചിത്വ പരീക്ഷണങ്ങൾ പാലക്കാട് മോഡൽ
ഡോ. മരിയ ലിസ മാത്യു



20 തീരദേശ നിയന്ത്രണ വിജ്ഞാപനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും
ഡോ. പി. ഹരിനാരായണൻ



24 കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ: പുത്തൻ പ്രവർത്തനദിശയിലേക്ക്
സൂപ്പി നരിക്കാട്ടേരി



27 കുടിശ്ശിക തീർപ്പാക്കൽ ആഡിറ്റ് അദാലത്തിലൂടെ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്



28 കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 - ഒരെത്തിനോട്ടം
എൻ. സുരാജ്



32 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ



35 ഇങ്ങനെയും ഒരു സർപഞ്ച്
ഡോ. പി.പി. ബാലൻ



38 തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര



40 കുടുംബശ്രീ വാർഷികം: പ്രദർശന മേളയിൽ പുളി മുതൽ പായസം വരെ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

42 വാർത്തകൾ വിശേഷങ്ങൾ




## കത്തുകൾ

### ഗ്രാമ – നഗര അന്തരം കുറയ്ക്കണം

ജൂൺ ലക്കം പഞ്ചായത്ത്‌രാജ് മാസികയിൽ പ്രസിദ്ധീകരിച്ച 'പുര'യെപ്പറ്റിയുള്ള ഡോ. ജെ.ബി. രാജന്റെ ലേഖനം പുതിയൊരു അറിവായി. PURA എന്താണെന്നും അതിന്റെ ഉദ്ദ്യേശ ലക്ഷ്യങ്ങൾ, ഗുണഭോക്താക്കൾ, നിർവഹണം എല്ലാം അറിയുവാൻ കഴിഞ്ഞു. കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ ഇത്തരത്തിലുള്ള പദ്ധതികളെപ്പറ്റിയുള്ള ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു. അതു ജനങ്ങൾക്കും ജനപ്രതിനിധികൾക്കും വളരെ ഗുണകരമായിരിക്കും. കേരളത്തിലെ രണ്ട് പഞ്ചായത്തുകളിൽ മാത്രമാണ് 'പുര' പദ്ധതി നടപ്പാക്കുന്നത്. നഗരസഭകളോട് ചേർന്നു കിടക്കുന്ന മറ്റുപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും പുര പദ്ധതി പ്രയോജനപ്പെടുത്തുവാൻ വരും വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകളും സർക്കാരും ഒന്നായി പ്രവർത്തിക്കണം. എങ്കിൽ മാത്രമേ ഗ്രാമ-നഗരങ്ങളുടെ അന്തരം കുറയ്ക്കുവാൻ സാധിക്കുകയുള്ളൂ.

***ഷാജി തോമസ്***, *വെച്ചൂച്ചിറ, പത്തനംതിട്ട*

### ഇത് ജനാധിപത്യത്തിന്റെ വിജയം

പഞ്ചായത്ത്‌രാജ് മാസികയുടെ ജൂൺ ലക്കത്തിൽ പ്രസിദ്ധീകരിച്ച 'ചരിത്രം തിരുത്തി കുറിച്ചൊരു തിരഞ്ഞെടുപ്പ്' എന്ന ലേഖനം ജമ്മുകാശ്മീരിൽ വർഷങ്ങൾക്കുശേഷം നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിനെക്കുറിച്ച് മനസ്സിലാക്കുന്നതിന് സാധിച്ചു. വളരെ വലിയ ജനവിഭാഗം തീവ്രവാദ ഭീഷണി പാടെ തള്ളിക്കളഞ്ഞ് തങ്ങളുടെ ജനനേതാക്കളെ തിരഞ്ഞെടുക്കാൻ പോളിംഗ് ബൂത്തിലെത്തി എന്നത് ഇന്ത്യൻ ജനാധിപത്യത്തിന്റെ വിജയം കൂടിയാണ്. ഒപ്പം തദ്ദേശഭരണത്തിന്റെ പ്രസക്തിയെ ഇത് അടിവരയിടുകയും ചെയ്യുന്നു.

***അഭിജിത്ത്***, *കരുമം, തിരുവനന്തപുരം*

## ഗ്രാമലക്ഷ്മി മുദ്രാലയം കല്ലിയൂർ യൂണിറ്റ് മന്ത്രി സന്ദർശിച്ചു

തിരുവനന്തപുരത്ത് കല്ലിയൂരിലുള്ള ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ യൂണിറ്റ് പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ സന്ദർശിച്ചു. പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി സെക്രട്ടറി സി.ടി. ഹരികുമാർ തുടങ്ങിയവരും സന്നിഹിതരായിരുന്നു.



*തിരുവനന്തപുരത്ത് കല്ലിയൂരിലുള്ള ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ യൂണിറ്റ് പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ സന്ദർശിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, ക്രൂസ് സെക്രട്ടറി സി.ടി. ഹരികുമാർ തുടങ്ങിയവർ സമീപം.*

## തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്. ചുമതലയേറ്റു.

## കെട്ടിടങ്ങൾക്ക് നമ്പർ – കാലതാമസം ഒഴിവാക്കണം

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് മുമ്പ് പെർമിറ്റ് വാങ്ങി നിർമ്മാണം നടത്തിയ കെട്ടിടങ്ങൾക്ക് ഭേദഗതി ചെയ്യപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥകൾ നിഷ്കർഷിക്കരുതെന്ന് സർക്കാർ അറിയിച്ചു. നിയമാനുസൃതം പെർമിറ്റ് വാങ്ങിയശേഷം നിർമ്മാണം പൂർത്തീകരിക്കാതെ കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം പെർമിറ്റ് പുതുക്കി നൽകുമ്പോഴും പെർമിറ്റ് നൽകിയ തീയതിക്ക് ശേഷം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികളിലെ വ്യവസ്ഥകൾ ബാധകമാക്കേണ്ടതില്ല. ഒക്യുപ്പെൻസി സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുമ്പോൾ നിലവിലുള്ള നിയമമാണ് ബാധകമെന്ന് ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അപേക്ഷകരെ തെറ്റിദ്ധരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് സർക്കാർ ഇത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചത്. (സർക്കുലർ നമ്പർ 31019/ആർ.എ1/11/തസ്വഭവ, തീയതി 22.06.2011)


**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജൂലൈ 2011
പുസ്തകം 51
ലക്കം 4
വാർഷിക വരിസംഖ്യ: ₹ 120
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് വകുപ്പ് മന്ത്രി

അംഗങ്ങൾ
**ജെയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി. ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.


## എഡിറ്ററുടെ പേജ്

## പഞ്ചായത്ത് അക്കൗണ്ടിംഗിൽ യുഗപിറവി

ഒരു പുതുയുഗത്തിന്റെ നാന്ദിയാണ് പഞ്ചായത്ത് അക്കൗണ്ടിംഗ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ കുറിക്കപ്പെടുന്നത്. ഇതുവരെ അചിന്ത്യമെന്ന് കരുതിയിരുന്ന ഉയരങ്ങൾ ത്രിതല പഞ്ചായത്തുകൾ അക്കൗണ്ടിംഗിൽ കൈവരിക്കാനുള്ള സാദ്ധ്യതയാണ് 2011-12 സാമ്പത്തിക വർഷം തുറന്നിടുന്നത്. മൂന്ന് സുപ്രധാന ഉത്തരവുകൾ ഇക്കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 2011-12 മുതൽ കേരളത്തിലെ ത്രിതല പഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലായിരിക്കുമെന്നും, ഇതു നടപ്പാക്കുന്നത് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച 'സാംഖ്യ' ഡബിൾ എൻട്രി ആപ്ലിക്കേഷൻ വഴി പൂർണ്ണമായും കമ്പ്യൂട്ടർവൽകൃതമായിട്ടായിരിക്കുമെന്നും നിർദ്ദേശിക്കുന്ന കഴിഞ്ഞ ഡിസംബറിലെ ഉത്തരവാണ് ഇതിൽ ആദ്യത്തേത്. തുടർന്ന് 2011 മാർച്ചിൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. മൂന്നാമതായി പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽകൃത അക്കൗണ്ടിംഗ് നടപ്പാക്കുന്നതെങ്ങനെയെന്നും ഇതിൽ ഓരോ വിഭാഗം ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്തങ്ങളെന്തെല്ലാമെന്നും നിർദ്ദേശിക്കുന്ന ഉത്തരവ് 2011 ജൂലൈയിൽ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നു. ഇതോടെ പഞ്ചായത്തുകളിലെ അക്കൗണ്ടിംഗിലെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന് അരങ്ങൊരുങ്ങി കഴിഞ്ഞു. 2011-12ലെ വാർഷിക ധനകാര്യ പത്രിക, സംസ്ഥാനത്തെ മുഴുവൻ ത്രിതല പഞ്ചായത്തുകളും സാംഖ്യയിൽ കമ്പ്യൂട്ടർവൽകൃതമായി തയ്യാറാക്കുമെന്ന ശുഭസൂചനയാണ് ഇപ്പോൾ പ്രകടമായിരിക്കുന്നത്.

സാംഖ്യ ആപ്ലിക്കേഷൻ വിന്യസിച്ചു നടപ്പാക്കുന്നതിൽ കേരളത്തിലെ നഗരസഭകൾ കൈവരിച്ച നേട്ടം നമ്മുടെ മുന്നിലുണ്ട്. പൈലറ്റടിസ്ഥാനത്തിൽ 2011 മെയ് മുതൽ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിലും അവിടെയുള്ള ഏഴ് ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ വിന്യസിച്ചിരുന്നു. നഗരസഭകളിൽ വിജയകരമായി വിന്യസിച്ച സാംഖ്യ ത്രിതല പഞ്ചായത്തുകൾക്ക് ആവശ്യമായ മുഴുവൻ മാറ്റങ്ങളും ഉൾചേർത്തുകൊണ്ട് പൂർണ്ണമായും പഞ്ചായത്തുകൾക്ക് അനുയോജ്യമായ രീതിയിലാണ് നടപ്പാക്കുന്നത്.

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം സാംഖ്യ ഉപയോഗിച്ച് കമ്പ്യൂട്ടർവൽകൃതമായി മാത്രമേ നടപ്പാകൂ. ഐ.കെ.എം. വികസിപ്പിച്ച് വിന്യസിച്ച മറ്റു സോഫ്റ്റുവെയറുകളുമായി ഒത്തുചേർന്നുകൊണ്ടായിരിക്കും സാംഖ്യ പ്രവർത്തിക്കുക. ഇതിന് ആവശ്യമായ കമ്പ്യൂട്ടറുകളും പ്രിന്ററുകളും നെറ്റ്വർക്കിംഗും സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും ഐ.കെ.എം. നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷനുകൾക്കും അനുസൃതമായി സജ്ജമാക്കേണ്ട ഉത്തരവാദിത്തം അതത് പഞ്ചായത്തുകൾക്കാണുള്ളത്. സാംഖ്യ നടപ്പാക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ, സെക്രട്ടറി, അക്കൗണ്ടന്റ്, ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയവർ ഉൾപ്പെടുന്ന സമിതി പഞ്ചായത്തുകളിൽ രൂപീകരിക്കണം. ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുക; പരിശീലനാർത്ഥികളെ കൃത്യമായി പരിശീലനകേന്ദ്രങ്ങളിലേക്ക് അയയ്ക്കുക; സാംഖ്യ വിന്യസിച്ച് പ്രവർത്തനമാരംഭിക്കുന്ന തീയതി മുതൽ വീഴ്ചയില്ലാതെ മുഴുവൻ ഇടപാടുകളും ഉടൻതന്നെ സാംഖ്യയിൽ രേഖപ്പെടുത്തി ഓൺലൈനായി പ്രവർത്തിക്കുക; 2011 ഏപ്രിൽ മുതലുള്ള ഇടപാടുകളും ഓപ്പണിംഗ് ബാലൻസുകളും സാംഖ്യയിൽ രേഖപ്പെടുത്തുക; ഇത്രയും ഉത്തരവാദിത്തങ്ങൾ നിറവേറ്റാനുള്ള തീരുമാനങ്ങളും നടപടികളും പഞ്ചായത്തുകളുടെ ഭാഗത്തുനിന്നും അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്. ഘട്ടം ഘട്ടമായി മാത്രമേ പുതിയ രീതി നടപ്പാക്കുവെന്നുള്ളതിനാൽ സാംഖ്യ നിലവിൽ വരുന്നതുവരെ നിലവിലുള്ള സിംഗിൾ എൻട്രി സംവിധാനം അതേരീതിയിൽ തന്നെ തുടരേണ്ടതുണ്ട്.

സാംഖ്യയുടെ ഫലപ്രദമായ വിന്യാസത്തിന് വിപുലമായ സംഘടനാ സംവിധാനമാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്. ഇതിന്റെ സംസ്ഥാനതല മേൽനോട്ടം വഹിക്കുന്നത് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസറാണ്. മോണിറ്ററിംഗിന് സംസ്ഥാനതലത്തിൽ എട്ടംഗ സമിതിയും രൂപവൽക്കരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതികളും ജില്ലാതലത്തിലും പഞ്ചായത്തു തലത്തിലുമുള്ള ഉദ്യോഗസ്ഥരും ഒത്തൊരുമയോടെ പ്രവർത്തിച്ച് കേരളത്തിലെ തദ്ദേശഭരണ അക്കൗണ്ടിംഗിനെ ഇന്ത്യയിൽ പ്രഥമസ്ഥാനത്തെത്തിക്കുമെന്നും ഈ നേട്ടം 2011-12ൽ തന്നെ കൈവരിക്കാൻ കഴിയുമെന്നുമുള്ള ശുഭപ്രതീക്ഷയിലാണ് സംസ്ഥാന സർക്കാർ.

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തും



**ഡോ. എം.കെ. മുനീർ**
പഞ്ചായത്തു വകുപ്പു മന്ത്രി

**ജനങ്ങൾക്ക് വേണ്ടിയുള്ള ജനങ്ങളുടെ ഭരണം അതിന്റെ എല്ലാ നന്മകളോടും വികസനോന്മുഖത്തോടും ജനങ്ങൾക്ക് അനുഭവവേദ്യമാവണം. കേരള തദ്ദേശസ്വയംഭരണ സേവന ലഭ്യതാപദ്ധതി അതിന് പ്രയോജനപ്പെടും എന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനുള്ള ഒരു പദ്ധതി ഗവൺമെന്റ് ഊർജ്ജിതമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 2011 മുതൽ 2015 വരെയുള്ള കാലയളവിലാണ് ഈ പദ്ധതി നടപ്പിലാക്കുക. സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകൾക്കും 60 മുനിസിപ്പാലിറ്റികൾക്കും പ്രയോജനം സിദ്ധിക്കുന്ന ഈ പദ്ധതിയുടെ കരാറിൽ ബന്ധപ്പെട്ട ഏജൻസികൾ ഇക്കഴിഞ്ഞ ജൂലൈ 4ന് ഒപ്പു വച്ചു. ഇത് സംബന്ധിച്ച കരാർ 100 ദിന പദ്ധതിയിൽ പ്രഖ്യാപിച്ച ഒന്നാണ്.



*അരുവിക്കര ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകരുടെ കൃഷിയിടം പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ സന്ദർശിക്കുന്നു.*

കേരള തദ്ദേശസ്വയംഭരണ സേവന ലഭ്യതാപദ്ധതി (Kerala Local Government Service Delivery Project) എന്ന പേരിലാണ് ഈ പദ്ധതി നടപ്പിലാക്കുക.

പദ്ധതിയുടെ മൊത്തം അടങ്കൽ തുക 1195.8 കോടി രൂപയാണ്. ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം 276 കോടി രൂപയായിരിക്കും. ബാക്കി തുക ലോകബാങ്കിൽ നിന്നുള്ള വായ്പയും.

അധികാര വികേന്ദ്രീകരണ രംഗത്ത് കേരളം ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്രയധികം അധികാരങ്ങളും അവകാശങ്ങളും അനുവദിച്ചു നൽകിയ സംസ്ഥാനങ്ങൾ വേറെയില്ല. ഇതോടൊപ്പം തന്നെ കൂടുതൽ ഉത്തരവാദിത്തങ്ങളും വിഭവശേഷിയും ഈ സ്ഥാപനങ്ങൾക്ക് കൈവന്നു.

പഞ്ചായത്തുകളിൽ നിന്നുള്ള സേവനം ഏറ്റവും വേഗതയിൽ ഏറ്റവും കാര്യക്ഷമതയോടെ ജനങ്ങളിൽ എത്തിക്കുക എന്നത് നമ്മുടെ പ്രഖ്യാപിത ലക്ഷ്യമാണ്. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള സുസ്ഥിര സേവന ലഭ്യതയും അവയുടെ അടിസ്ഥാനഭരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതും ഈ ഘട്ടത്തിൽ അനുപേക്ഷണീയമാണ്. ജനങ്ങൾക്ക് വേണ്ടിയുള്ള ജനങ്ങളുടെ ഭരണം അതിന്റെ എല്ലാ നന്മകളോടും വികസനോന്മുഖത്തോടും ജനങ്ങൾക്ക് അനുഭവവേദ്യമാവണം. കേരള തദ്ദേശ സ്വയംഭരണ സേവന ലഭ്യതാപദ്ധതി അതിന് പ്രയോജനപ്പെടും എന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. ■

## പങ്കാളിത്താസൂത്രണവും വികേന്ദ്രീകരണവും

## 'കേരളത്തിലെ സ്ത്രീശാക്തീകരണം വിജയത്തിനു തെളിവ്'

പങ്കാളിത്ത ആസൂത്രണത്തിലും അധികാരവികേന്ദ്രീകരണത്തിലും കേരളമാതൃകയുടെ വിജയം നമ്മുടെ നാട്ടിലെ സ്ത്രീശാക്തീകരണത്തിൽ നിന്നു മനസ്സിലാക്കാൻ കഴിയുമെന്ന് പഞ്ചായത്ത് സാമൂഹ്യക്ഷേമമന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു. കേരളത്തിന്റെ പങ്കാളിത്ത ആസൂത്രണവും ബ്രസീലിലെ പോർട്ടോ അലഗ്രേയിലെ പങ്കാളിത്ത ബജറ്റിങ്ങും എന്ന വിഷയത്തിൽ ഐ.എം.ജിയിൽ നടക്കുന്ന രണ്ടുദിവസത്തെ അന്താരാഷ്ട്ര ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ രംഗത്തേക്കും സ്ത്രീകൾ കടന്നുവരികയാണ്. സ്ത്രീകളുടെ യഥാർത്ഥ ശക്തിയെന്താണെന്ന് നാം തിരിച്ചറിയുകയാണ്. കുടുംബശ്രീകളും മറ്റു വികേന്ദ്രീകൃതാസൂത്രണ പ്രവൃത്തികളും വഴി സ്ത്രീകൾ കൈവരിക്കുന്ന സാമൂഹിക സാമ്പത്തിക മുന്നേറ്റം സ്ത്രീകളെ കൂടുതൽ രാഷ്ട്രീയബോധമുള്ളവരാക്കി മാറ്റിയെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിച്ച 62 ശതമാനം സ്ത്രീകൾ കുടുംബശ്രീയിൽ നിന്നുള്ളവരായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഭാവിയിലെ ആസൂത്രണങ്ങൾക്ക് ഇക്കാര്യം കണ്ടില്ലെന്ന് നടിക്കാനാവില്ല. പോർട്ടോ അലഗ്രേയിലെ പങ്കാളിത്ത ബജറ്റിങ് ഒരു പങ്കാളിത്ത ഗവൺമെന്റിലേക്ക് വികസിച്ച കാര്യം മന്ത്രി ഓർമ്മിപ്പിച്ചു. സമാനമായ സാഹചര്യമാണ് കേരളത്തിലുമുള്ളത്. ബജറ്റ് വിഹിതത്തിന്റെ 40 ശതമാനത്തോളം വികേന്ദ്രീകൃതാസൂത്രണത്തിനായി നീക്കിവയ്ക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. ഇത് വിപ്ലവകരമായ ഒന്നാണെന്ന് മന്ത്രി പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് ചെയർമാൻ ഡോ. ജോർജ് മാത്യു അധ്യക്ഷത വഹിച്ചു. ഐ.എം.ജി. ഡയറക്ടർ ടി.കെ. മനോജ്കുമാർ, പ്രൊഫ. എം.എ. ഉമ്മൻ, ഡോ. അഷ്നാരായിൻ റോയ്, ബ്രസീൽ, ഇംഗ്ലണ്ട് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ശില്പശാലയിൽ പങ്കെടുത്തു. ■

*PNS*





# യുവ കർമ്മശേഷി പ്രയോജനപ്പെടുത്തണം



**പി.കെ. ജയലക്ഷ്മി**
പട്ടികവർഗ്ഗക്ഷേമ-
യുവജനകാര്യ വകുപ്പുമന്ത്രി

2010 ആഗസ്റ്റ് 12 മുതൽ 2011 ആഗസ്റ്റ് 12 വരെ അന്തർദേശീയ യുവജനവർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ലോകരാഷ്ട്രങ്ങളിൽ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്തുവരുന്നു. പക്ഷേ നമ്മുടെ സംസ്ഥാനത്ത് അതു സംബന്ധിച്ച എന്തെങ്കിലും പ്രവർത്തനങ്ങൾക്ക് രൂപം നല്കുവാനോ കർമ്മപഥത്തിൽ എത്തിക്കുവാനോ കഴിഞ്ഞിട്ടില്ല. 2001ൽ തയ്യാറാക്കിയ സംസ്ഥാന യുവജന നയമാണ് ഇപ്പോഴും നിലവിലുള്ളത്. പത്തുവർഷങ്ങൾ കൊണ്ട് ആഗോള തലത്തിലുണ്ടായ മാറ്റങ്ങൾ കൂടി ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിൽ ഈ നയം പുനരാവിഷ്ക്കരിക്കേണ്ടതുണ്ട്. 2010ൽ ഒരു ദേശീയ യുവജന നയത്തിന്റെ കരട് രേഖ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നമുക്കും അന്തർദേശീയ യുവജന വർഷാചരണത്തിന്റെ ഭാഗമായി ഒരു സംസ്ഥാന യുവജന നയം ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ സമൂഹത്തിലെ യുവജനങ്ങളെ അവ എങ്ങനെ ബാധിക്കും എന്നതും അവ ഓരോന്നിലും യുവജനങ്ങളുടെ പങ്കാളിത്തം എപ്രകാരം ഉറപ്പുവരുത്താൻ കഴിയും എന്നതും സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാവണം. നമ്മുടെ രാഷ്ട്രം സാമ്പത്തിക വളർച്ചയിലും പുരോഗതിയിലും ലോകത്തിലെ പ്രമുഖ ശക്തിയായി ഉയർന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വികസനത്തിന്റെയും ക്ഷേമ പ്രവർത്തനങ്ങളുടെയും ആക്കം വർദ്ധിപ്പിക്കുവാൻ യുവകർമ്മ ശേഷിയെ പ്രയോജനപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കണം. ഇതിന് തടസ്സമായി നില്ക്കുന്ന ദൗർബല്യങ്ങളെ കണ്ടെത്താനും അവയെ തരണം ചെയ്യാനും സാധിക്കണം.

### ശക്തിയും ദൗർബല്യവും

ജീവിതത്തിലെ ഏറ്റവും ഊർജ്ജസ്വലമായ കാലഘട്ടം യുവത്വമാണല്ലോ? ഏതൊരു രാഷ്ട്രത്തിന്റെയും ഭാഗധേയം നിർണ്ണയിക്കുന്നതിലും യുവജനങ്ങൾക്ക് അതുല്യമായ പങ്കും പങ്കാളിത്തവുമുണ്ട്. അർപ്പണബോധവും അദ്ധ്വാനശീലവും കൊണ്ട് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അംഗീകാരം നേടുന്നതിന് കേരളത്തിലെ യുവജനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷേ, സ്വന്തം നാടിന്റെ ഉയർച്ചയ്ക്കും ഉത്ക്കർഷണത്തിനും കേരളീയ യുവത്വത്തെ വേണ്ടവണ്ണം പ്രയോജനപ്പെടുത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്നത് സംശയമാണ്. 15 മുതൽ 35 വരെ പ്രായമുള്ളവരെയാണ് യുവജനങ്ങൾ എന്നതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യക്തമായ ഒരു നയരേഖയുടെ അടിസ്ഥാനത്തിൽ ജനസംഖ്യയുടെ മൂന്നിൽ ഒരു ഭാഗത്തിലേറെ



*തിരുവനന്തപുരത്ത് നടന്ന കുടുംബശ്രീ വാർഷികാഘോഷ പരിപാടിയിൽ കുടുംബശ്രീ കാന്റീൻ യൂണിറ്റുകൾ 'കഫേ കുടുംബശ്രീ' എന്ന പൊതു ബ്രാൻഡിൽ സജ്ജീകരിക്കുന്നതിനുള്ള ലോഗോ പട്ടികവർഗ്ഗ യുവജനകാര്യ വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി പ്രകാശനം ചെയ്യുന്നു.*

വരുന്ന ഈ യുവശക്തിയെ പ്രയോജനപ്പെടുത്തുവാനും സാമൂഹികനീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക പുരോഗതിയിലേക്ക് നമ്മുടെ കൊച്ചുസംസ്ഥാനത്തെ നയിക്കുവാനും കഴിയുക എന്നതായിരിക്കണം നാം ലക്ഷ്യമാക്കേണ്ടത്. യുവജന വിഭാഗത്തിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ച് വ്യക്തമായ പഠനം നടത്തുകയും അതിന്റെ ശക്തിയും ദൗർബല്യവും അവസരങ്ങളും വിലയിരുത്തപ്പെടുകയും ചെയ്യുക എന്നതാണ് ഈ ദൗത്യത്തിന്റെ ആദ്യ ചുവട്. അപ്രകാരം ഒരു പഠനവും വിലയിരുത്തലും സംസ്ഥാനത്ത് ഇതുവരെ നടത്തിയതായി അറിയില്ല. വിദ്യാർത്ഥികൾ, സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവർ, ഉന്നതവിദ്യാഭ്യാസമുള്ളവർ, സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ ഇതര സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ, വിദഗ്ദ്ധ തൊഴിലിന് ശേഷിയുള്ളവർ, അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ കഴിവുള്ളവർ, പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗത്തിലുള്ളവർ, ഭിന്നശേഷിയുള്ളവർ, തുടങ്ങിയ വ്യത്യസ്ത ശ്രേണിയിലുള്ളവരുടെ വിശദവിവരങ്ങൾ ശേഖരിക്കുകയും അവയെ വിശകലനം ചെയ്യുകയും ചെയ്തുകൊണ്ട് പുതിയൊരു കാഴ്ചപ്പാടിനും, അതിന് അനുസൃതമായ കർമ്മ പരിപാടികൾക്കും രൂപം നല്കുവാൻ നമുക്ക് കഴിയണം. കെട്ടിക്കിടക്കുന്ന ഊർജ്ജം ശരിയായ ദിശയിലേക്ക് തിരിച്ചുവിടാൻ കഴിയുന്നതിലൂടെ നാടിന്റെ അഭ്യുന്നതിയിൽ അത്ഭുതങ്ങൾതന്നെ സാധ്യമാക്കാൻ നമുക്കു കഴിയും എന്നതിൽ സംശയമില്ല. ക്രിയാത്മകമായ വഴികൾ ഇല്ലാതെ വരുമ്പോഴാണ് അമൂല്യമായ ഈ കർമ്മശേഷി വിനാശവഴികളിലേക്ക് വഴുതിപ്പോകുന്നതെന്ന യാഥാർത്ഥ്യം നമുക്ക് കാണാതിരിക്കാനും കഴിയില്ല.

**യുവാക്കളെ അസ്വസ്ഥമാക്കുന്ന ഏറ്റവും ഭീകരയാഥാർത്ഥ്യം വിവിധ മേഖലകളിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കെടുകാര്യസ്ഥതയും അഴിമതിയുമാണ്. അഴിമതിയിലൂടെ ചൂഷണം ചെയ്യപ്പെടുന്നത് സമൂഹത്തിലെ ദുർബലതയാണ്. അവകാശത്തെ അത് ഔദാര്യമാക്കി മാറ്റും; ആദർശങ്ങളെ ദുർബലമാക്കും. ഭരണകൂട ബാഹ്യശക്തികളെ അത് വളർത്തി വലുതാക്കും. വികസന മുൻഗണനകൾ അട്ടിമറിക്കപ്പെടും. ക്രിയാത്മക മാർഗ്ഗങ്ങളിലൂടെ അഴിമതിയെ ചെറുക്കാനുള്ള ധാർമ്മികശക്തി യുവാക്കളിൽ വളർത്തിയെടുക്കണം.**

### യുവാക്കളും രാഷ്ട്രീയവും

ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ രാഷ്ട്രീയ പ്രവർത്തനം എന്നത് നാടിന്റെ വികസനത്തിനും സാമൂഹികമാറ്റത്തിനും വേണ്ടിയുള്ള പ്രവർത്തനം തന്നെയാണ്. നിലവിലുള്ള അംഗീകൃത വ്യവസ്ഥിതിക്ക് ഉള്ളിൽ നിന്നുകൊണ്ട് കാർഷിക വ്യവസായ സേവനരംഗങ്ങളിൽ ഗുണമേന്മയുള്ള വളർച്ച കൈവരിക്കാനുള്ള പ്രവർത്തനത്തിൽ പങ്കാളികളാവുകയാണ് അതിന്റെ മാർഗ്ഗം. വികസനത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും എത്തിക്കുന്നതിനുള്ള പരിശ്രമത്തിലൂടെയും വികസനം സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിലൂടെയും ഭരണകൂടത്തെ ജനങ്ങളുമായി ഒന്നിച്ചുചേർക്കാനുള്ള കണ്ണിയായി പ്രവർത്തിക്കാൻ യുവജന രാഷ്ട്രീയത്തിന് കഴിയേണ്ടതുണ്ട്. ഇന്നത്തെ കേരളീയ സാഹചര്യത്തിൽ ഏറെ പ്രസക്തിയുള്ള പ്രവർത്തനമാണിത്. ഇന്ത്യൻ ജനാധിപത്യത്തെ 1993ന് മുമ്പും പിമ്പും എന്ന് രണ്ടായി വിഭജിച്ചു മനസ്സിലാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജനാധിപത്യ പ്രക്രിയയിലെ നിർണ്ണായകകണ്ണിയായി ഇന്ത്യൻ ഭരണഘടനയിൽ വിളക്കിച്ചേർക്കുന്നതിനുള്ള 73, 74 ഭരണഘടനാ ഭേദഗതികൾക്ക് മുമ്പും പിമ്പും എന്നാണ് ഇതുകൊണ്ട് വിവക്ഷിച്ചുപോരുന്നത്. ഈ ഭേദഗതിയുടെ ആദ്യകരട് ബിൽ ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ചുകൊണ്ട് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന രാജീവ്ജി നടത്തിയ പ്രസംഗത്തിൽ അദ്ദേഹം ഊന്നിപ്പറഞ്ഞ മൂന്നുകാര്യങ്ങൾ ഈയവസരത്തിൽ ഏറെ ശ്രദ്ധേയമാണ്. ജനാധിപത്യം പരമാവധി അടിത്തട്ടിലേക്ക് എത്തിക്കുക; അധികാരം പരമാവധി താഴെത്തട്ടുകളിലേക്ക് നൽകുക; അധികാരം ജനങ്ങൾക്ക് നൽകുക. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക വികസനം സാധ്യമാക്കുന്നതിന് ഇതിനെക്കാൾ മികച്ച അവസരം ലഭിക്കാനില്ല. അടിത്തട്ടിൽ തീരുമാനിക്കേണ്ട കാര്യങ്ങൾ അവിടെത്തന്നെ സ്വീകരിക്കാൻ കഴിയുന്ന അവസ്ഥ ജനാധിപത്യത്തെ അഗാധമാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സങ്കല്പത്തെ ആധുനിക കാഴ്ചപ്പാടിലൂടെ യാഥാർത്ഥ്യവത്ക്കരിക്കുന്നതിന് ആശയപരമായ അടിത്തറ നൽകിയ ഭരണഘടനാഭേദഗതിയും അതിനെത്തുടർന്നുവന്ന പ്രാദേശിക ജനാധിപത്യപ്രക്രിയയും യുവാക്കളുടെ കർമ്മശേഷിയെ വൻതോതിൽ ആകർഷിക്കാൻ പര്യാപ്തമായിരുന്നുവെങ്കിലും അതു പ്രയോജനപ്പെടുത്താൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ എന്നകാര്യം ചർച്ചചെയ്യപ്പെടേണ്ടതാണ്. അധികാരവികേന്ദ്രീകരണത്തിന്റെ ആദ്യനാളുകളിൽ താഴെത്തട്ടിലെ ജനാധിപത്യത്തിന്റെ പ്രത്യക്ഷവേദിയായ ഗ്രാമസഭകളിൽ യുവാക്കളുടെ സാന്നിദ്ധ്യം പകുതിയിലും കൂടുതലായിരുന്നെങ്കിൽ തുടർന്നുള്ള വർഷങ്ങളിൽ അതു കുറഞ്ഞുവരികയായിരുന്നു. വിവിധ വിഭാഗങ്ങളിലെ യുവാക്കളെയും വോട്ടവകാശമുള്ള വിദ്യാർത്ഥികളെയും വികസനത്തിൽ പങ്കാളികളാക്കാനുള്ള ഈ വേദിയിൽ ആകർഷിച്ചുനിർത്താൻ കഴിയാതെ പോയത് വലിയൊരു പോരായ്മയായി വിലയിരുത്തപ്പെടുന്നുണ്ട്. വിവിധ വിഭാഗങ്ങളിൽപ്പെടുന്ന യുവജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും ഉൾക്കൊള്ളുവാനും അവരുടെ കർമ്മശേഷിയെ രാഷ്ട്രപുനർനിർമ്മാണത്തിനും സാമൂഹിക നീതിക്കും ജനമൈത്രിക്കും പ്രയോജനപ്രദമായ രീതിയിൽ പ്രയോഗവത്ക്കരിക്കുവാനും തദ്ദേശസ്വയംഭരണ സാരഥികൾക്ക് കഴിയേണ്ടതുണ്ട്. പരസ്പരപൂരകമായ രാഷ്ട്രീയപ്രവർത്തനമായും ഇതിനെ വളർത്തിയെടുക്കേണ്ടതുണ്ട്.

### അവസരങ്ങൾ

വിദേശരാഷ്ട്രങ്ങളിലും സംസ്ഥാനത്തിന് പുറത്തും ജോലിചെയ്യുന്ന കേരളീയരുടെ മിച്ചവരുമാനത്തെ ക്രിയാത്മകമായി മുതൽമുടക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ ഉത്പാദനവും തൊഴിലവസരവും സൃഷ്ടിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കാനാവും. വിവരസാങ്കേതിക വിദ്യയിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ ഉന്നത നിലവാരമുള്ള വളരെപ്പേർ സംസ്ഥാനത്തുണ്ട്. ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഇനിയും ഏറെ ഉണ്ടാവേണ്ടതുണ്ട്. ഉത്തരവാദിത്ത വിനോദസഞ്ചാരവും വളരെ സാധ്യതകളുള്ള മേഖലയാണ്. സാങ്കേതിക വൈദഗ്ദ്ധ്യവികസനം, മൃദുല വൈദഗ്ദ്ധ്യ വികസനം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്ക് ആവശ്യമായ കൗൺസിലിംഗ്, സംരംഭകത്വ വികസനം, പൊതുകളി സ്ഥലങ്ങൾ, പൊതു നീന്തൽക്കുളങ്ങൾ, പൊതുസാംസ്കാരിക കേന്ദ്രങ്ങൾ തുടങ്ങി യുവാക്കളുടെ അടിസ്ഥാനപരവും അടിയന്തരവുമായ ആവശ്യങ്ങൾകൂടി കണ്ടറിഞ്ഞ് നടപ്പാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. സ്വന്തമായി തൊഴിലും വരുമാനവും ഉണ്ടാവുക എന്നത് നിലനിൽപ്പിന് മാത്രമല്ല ശാക്തീകരണത്തിനും അനിവാര്യമാണ്. മുഖ്യധാരയിൽനിന്നും അകന്നുനിൽക്കുന്നവരെക്കൂടി ഉൾപ്പെടുത്താൻ കഴിയുമ്പോൾ മാത്രമേ വികസനം പൂർണ്ണവും സുസ്ഥിരവുമാവുകയുള്ളൂ. അലസമായ യുവമനസ്സുകളിലേക്ക് അനാവശ്യ ചിന്തകൾ കടന്നുകയറാൻ എളുപ്പമാണല്ലോ? മദ്യാസക്തി, മയക്കുമരുന്ന്, പുകവലി തുടങ്ങിയ ദുശ്ശീലങ്ങളെക്കുറിച്ച് ബോധവൽക്കരണത്തിനും പ്രകൃതി ദുരന്തങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയ സാമൂഹിക ദുരന്തങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനും മറ്റും അനുയോജ്യമായ തരത്തിൽ യുവകർമ്മസേനകൾ തന്നെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും രൂപവൽക്കരിക്കാൻ കഴിയേണ്ടതാണ്. സമൂഹത്തിൽ വളർന്നുവരുന്ന കുറ്റവാസനകളെയും ഹിംസാത്മക പ്രവണതകളെയും പ്രതിരോധിക്കുന്ന സാമൂഹികശക്തിയായി പ്രവർത്തിക്കാനും ഇത്തരം യുവകർമ്മ സേനകൾക്ക് പരിശീലനം നൽകണം.

**അന്തർദേശീയ യുവജന വർഷം**
**2010 ആഗസ്റ്റ് 12**
**2011 ആഗസ്റ്റ് 12**

**വ്യക്തമായ ഒരു നയരേഖയുടെ അടിസ്ഥാനത്തിൽ ജനസംഖ്യയുടെ മൂന്നിൽ ഒരു ഭാഗത്തിലേറെ വരുന്ന ഈ യുവശക്തിയെ പ്രയോജനപ്പെടുത്തുവാനും സാമൂഹികനീതിയിൽ അധിഷ്ഠിതമായ സാമ്പത്തിക പുരോഗതിയിലേക്ക് നമ്മുടെ കൊച്ചുസംസ്ഥാനത്തെ നയിക്കുവാനും കഴിയുക എന്നതായിരിക്കണം നാം ലക്ഷ്യമാക്കേണ്ടത്. യുവജന വിഭാഗത്തിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ച് വ്യക്തമായ പഠനം നടത്തുകയും അതിന്റെ ശക്തിയും ദൗർബല്യവും അവസരങ്ങളും വിലയിരുത്തപ്പെടുകയും ചെയ്യുക എന്നതാണ് ഈ ദൗത്യത്തിന്റെ ആദ്യ ചുവട്.**

### അഴിമതിക്കെതിരായ പ്രതിരോധം

യുവാക്കളെ അസ്വസ്ഥമാക്കുന്ന ഏറ്റവും ഭീകരയാഥാർത്ഥ്യം വിവിധ മേഖലകളിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കെടുകാര്യസ്ഥതയും അഴിമതിയുമാണ്. അഴിമതിയിലൂടെ ചൂഷണം ചെയ്യപ്പെടുന്നത് സമൂഹത്തിലെ ദുർബലതയാണ്. അവകാശത്തെ അത് ഔദാര്യമാക്കി മാറ്റും; ആദർശങ്ങളെ ദുർബലമാക്കും. ഭരണകൂട ബാഹ്യശക്തികളെ അത് വളർത്തി വലുതാക്കും. വികസന മുൻഗണനകൾ അട്ടിമറിക്കപ്പെടും. ക്രിയാത്മക മാർഗ്ഗങ്ങളിലൂടെ അഴിമതിയെ ചെറുക്കാനുള്ള ധാർമ്മികശക്തി യുവാക്കളിൽ വളർത്തിയെടുക്കണം. സാമൂഹികനിരീക്ഷണത്തിലൂടെയും സോഷ്യൽ ഓഡിറ്റിംഗിലൂടെയും ഭരണത്തിന്റെ സുതാര്യത വർദ്ധിപ്പിക്കണം. കേന്ദ്രസർക്കാർ നടപ്പാക്കിയ വിവരാവകാശ നിയമം ഫലപ്രദമായും ക്രിയാത്മകമായും ഉപയോഗപ്പെടുത്താൻ കഴിയേണ്ടതാണ്. വികസനപ്രവർത്തനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുവാനും പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് ജാഗ്രത പുലർത്താനും യുവജനങ്ങൾക്ക് ബാധ്യത ഉണ്ടെന്ന ബോധ്യം അവരിൽ വളർത്തിയെടുക്കണം. മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം. ആരോഗ്യമുള്ള സമൂഹത്തിൽ ദുഷ്പ്രവണതകൾക്കും അനാചാരങ്ങൾക്കും പ്രവേശിക്കാനാവില്ല. ആരോഗ്യമുള്ള സമൂഹം ഇന്നിന്റെ രക്ഷാകവചവും ശക്തിയുമാണ്. അത് നാളെയുടെ പ്രത്യാശയുമാണ്. ■

## പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ലോകബാങ്ക് പദ്ധതി: ധാരണാപത്രം ഒപ്പിട്ടു



*മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മന്ത്രിമാരായ ഡോ. എം.കെ. മുനീർ, പി.കെ. കുഞ്ഞാലിക്കുട്ടി, കെ.സി. ജോസഫ് എന്നിവർ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ ധാരണാപത്രം ഒപ്പു വയ്ക്കുന്ന ചടങ്ങിൽ.*

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ലോക ബാങ്കിന്റെ സഹായത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന് (കെ.എൽ. ജി.എസ്.ഡി.പി.) ധാരണാപത്രം 2011 ജൂലൈ 4ന് ഒപ്പുവച്ചു. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ സാന്നിദ്ധ്യത്തിൽ കേന്ദ്രസർക്കാരിനെ പ്രതിനിധീകരിച്ച് സാമ്പത്തിക കാര്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി വേണു രാജാമണി, കേരള സർക്കാരിനു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ്, ലോക ബാങ്കിന് വേണ്ടി പ്രോഗ്രാം മാനേജർ റോളണ്ട് ലോമെ എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, ഡോ. എം.കെ. മുനീർ, കെ.സി. ജോസഫ്, കെ.എൽ.ജി.എസ്.ഡി.പി. പ്രോജക്ട് ഡയറക്ടർ അജിത്കുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



*കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി വേണു രാജാമണി, കേരള തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ്, ലോക ബാങ്ക് പ്രോഗ്രാം മാനേജർ റോളണ്ട് ലോമെ എന്നിവർ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ.*

# KLGSDP

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്

# കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

അന്തർദേശീയതലത്തിൽ തന്നെ വ്യാപകാംഗീകാരം നേടാനും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് അനുകരണീയ മാതൃകയാകാനും വികേന്ദ്രീക്രത ആസൂത്രണത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന രൂപീകരണത്തോളം തന്നെ പഴക്കമുണ്ട് കേരളത്തിന്റെ അധികാര വികേന്ദ്രീകരണത്തിനായുള്ള മുൻകൈകൾക്കും. 1993ൽ രാജ്യത്ത് നടപ്പാക്കിയ 73, 74 ഭരണഘടനാ ഭേദഗതികൾ ഈ ദിശയിലെ സുപ്രധാന കാൽവെയ്പ്പായിരുന്നു. ഇതേ തുടർന്ന് 1994ൽ കേരളത്തിൽ പഞ്ചായത്തീരാജ്, മുനിസിപ്പൽ നിയമങ്ങൾ നിലവിൽ വന്നു.

അധികാരം, ധനവിഭവം, മനുഷ്യവിഭവം എന്നിവയുടെ കൈമാറ്റത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ യഥാർത്ഥത്തിലുള്ള പ്രാദേശിക സർക്കാരുകളാക്കി മാറ്റുന്നതിനാണ് കേരളം ഊന്നൽ നൽകി വരുന്നത്. ധന വികേന്ദ്രീകരണത്തിൽ കേരളം കൈക്കൊണ്ട നടപടികൾ അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിലും സുസ്ഥിരമാക്കുന്നതിലും മുഖ്യ പങ്കാണ് വഹിച്ചത്.

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ കേരളം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേക്കുയർത്തുക എന്നതാണ് സംസ്ഥാനം നേരിടുന്ന മുഖ്യ വെല്ലുവിളി. പദ്ധതി ആസൂത്രണവും നിർവഹണവും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനവും മെച്ചപ്പെടുത്തിക്കൊണ്ട് മാത്രമേ അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ഗതിവേഗം ഗുണപരമായി വർദ്ധിപ്പിക്കാനാവുകയുള്ളൂ.

ഇത്തരമൊരു സാഹചര്യത്തിൽ അധികാരവികേന്ദ്രീകരണ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ലോക ബാങ്ക് സഹായത്തോടെ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്. ഡി.പി).

കെ.എൽ.ജി.എസ്.ഡി.പിയുടെ പ്രോജക്ട് അടങ്കൽ 1195.8 കോടി രൂപയാണ് (260 മില്യൺ യു.എസ്. ഡോളർ). ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം 276 കോടി രൂപയാണ് (60 മില്യൺ യു.എസ്. ഡോളർ).

കേരളത്തിലെ 978 ഗ്രാമ പഞ്ചായത്തുകളും 60 മുനിസിപ്പാലിറ്റികളുമായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ.

2011 മുതൽ 2015 വരെയാണ് പ്രോജക്ടിന്റെ കാലാവധി.



2011–13, 2013–15 എന്നിങ്ങനെ രണ്ടു ഘട്ടങ്ങളായാണ് പ്രോജക്ട് നടപ്പാക്കുക.

പ്രോജക്ടിന് നാലു ഘടകങ്ങളാണുള്ളത്. അവ താഴെ കൊടുത്തിരിക്കുന്നു.

**1. പെർഫോമൻസ് ഗ്രാന്റ്:** ഗ്രാമ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും സേവനപ്രദാന നിലവാരം മെച്ചപ്പെടുത്തുന്നതിനായി മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നൽകുന്ന ധനസഹായമാണ് പെർഫോമൻസ് ഗ്രാന്റ്. 1097.56 കോടി രൂപയാണ് പെർഫോമൻസ് ഗ്രാന്റ് ഘടകത്തിന്റെ വിഹിതം. പ്രവർത്തന മികവ് ആധാരമാക്കി വാർഷികമായി നൽകുന്ന ഉപാധി രഹിത (untied) ഗ്രാന്റാണിത്. പദ്ധതി രൂപീകരണത്തിന് നിലവിലുള്ള നടപടിക്രമം തന്നെയാണ് പിന്തുടരേണ്ടത്.

**2. കാര്യശേഷി വികസനം:** ഗ്രാമ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള സംവിധാനങ്ങളും മനുഷ്യവിഭവ ശേഷിയും മെച്ചപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനുമുള്ള ഉപാധികൾ പകരുകയാണ് കാര്യശേഷി വികസനം കൊണ്ട് ലക്ഷ്യമിടുന്നത്. 51.52 കോടി രൂപയാണ് ഈ ഘടകത്തിന്റെ വിഹിതമായി നീക്കിവെച്ചിട്ടുള്ളത്.

**3. തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ സംസ്ഥാന സർക്കാർതലത്തിലുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്തൽ:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിപുലമായ വിവരശേഖരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങളെക്കുറിച്ചുള്ള സർവ്വേ, പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തുന്ന വികസന പ്രവർത്തനങ്ങളുടേയും രണ്ടാം ഘടകമായ കാര്യശേഷി വികസനത്തിന്റേയും ഗുണനിലവാരം അളക്കുന്നതിനായി രണ്ടു തരം വിലയിരുത്തലുകൾ എന്നിവയാണ് തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ സംസ്ഥാന സർക്കാർ തലത്തിലുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിനായി കെ.എൽ.ജി.എസ്.ഡി.പി. സ്വീകരിക്കുക. 15.44 കോടി രൂപയാണ് ഈ ഘടകത്തിന്റെ വിഹിതം.

**4. പ്രോജക്ട് മാനേജ്മെന്റും നിർവ്വഹണവും:** പദ്ധതിയുടെ മൊത്തത്തിലുള്ള ഏകോപനം, നിർവഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.



### പെർഫോമൻസ് ഗ്രാന്റ് വിഹിതം തീരുമാനിക്കുന്ന വിധം

സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിനുള്ള ബജറ്റ് വിഹിതം കണക്കാക്കുന്നത്. അതേ മാനദണ്ഡങ്ങൾ തന്നെയാണ് പെർഫോമൻസ് ഗ്രാന്റ് വിഹിതം തീരുമാനിക്കാനും ഉപയോഗിക്കുന്നത്.

വികസന ഫണ്ട് പല ഗഡുക്കളായാണ് നൽകുന്നതെങ്കിൽ പെർഫോമൻസ് ഗ്രാന്റ് ഒറ്റത്തവണയായിട്ടാണ് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ലഭിക്കുക. ഇവ രണ്ടും സംസ്ഥാന ബജറ്റിന്റെ അപ്പൻഡിക്സ് 4ൽ പെടുത്തിയാണ് നൽകുക. പെർഫോമൻസ് ഗ്രാന്റിന് മേഖല വിഭജന വിഹിതത്തിനുള്ള പരിധി നിശ്ചയിച്ചിട്ടില്ല.

### പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതിന് പരിഗണിക്കുന്ന ഘടകങ്ങൾ

ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതിനായി താഴെപ്പറയുന്ന ഘടകങ്ങളാണ് പരിഗണിക്കുക.

1. 2011–12 സാമ്പത്തിക വർഷത്തിൽ പെർഫോമൻസ് ഗ്രാന്റ് പദ്ധതിയിൽ പങ്കെടുക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തുടക്കത്തിൽ തന്നെ പദ്ധതി പങ്കാളിത്തവുമായി ബന്ധപ്പെട്ട ഒരു പ്രമേയം പാസ്സാക്കി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണ്.
2. തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങൾ അനിവാര്യ അവശ്യ വ്യവസ്ഥകൾ (Mandatory Minimum Conditions) പാലിക്കേണ്ടതാണ്.
3. പ്രവർത്തന മാനദണ്ഡങ്ങളുമായി (Performance Criteria) ബന്ധപ്പെട്ട് ഒരു നിശ്ചിത സ്കോർ കൈവരിക്കേണ്ടതാണ്.

### അനിവാര്യ അവശ്യ വ്യവസ്ഥകൾ (Mandatory Minimum Conditions)

**1. ആസൂത്രണവും ബജറ്റ് തയ്യാറാക്കലും:**

- പുതിയ സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണ സമിതി അംഗീകരിക്കുകയും അതിന്റെ ഒരു പകർപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന് മാർച്ച് 31ന് മുമ്പായി സമർപ്പിക്കുകയും വേണം.
- മുൻവർഷത്തെ വാർഷിക പദ്ധതി ഭരണ സമിതിയും ജില്ലാ

ആസൂത്രണ സമിതിയും അംഗീകരിച്ചതിന്റെ ഒരു പകർപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിക്കണം.

**2. പദ്ധതി നിർവഹണവും സേവന പ്രദാനവും**

- പെർഫോമൻസ് ഗ്രാന്റ് ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 2012-13 മുതൽ ഗ്രാന്റിന്റെ 80 ശതമാനമെങ്കിലും കുറഞ്ഞത് ചെലവാക്കിയിരിക്കണം.
- വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ പെർഫോമൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് പാരിസ്ഥിതിക സാമൂഹിക സുരക്ഷാ ചട്ടങ്ങൾ ബാധകമാക്കണം.
- പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ഭൗതിക ആസ്തികൾ പരിശോധിക്കണം.

**3. അക്കൗണ്ടിംഗ്, റിപ്പോർട്ടിംഗ്, ഓഡിറ്റിംഗ്**

- മുൻ വർഷത്തെ വിലയിരുത്തലിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ വിശേഷണങ്ങളില്ലാത്ത ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണം.
- വിലയിരുത്തലിന് തൊട്ടു മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ എടുത്തുപറയത്തക്ക ധനവിനിയോഗ പോരായ്മകൾ ഉണ്ടാകരുത്.

**4. സുതാര്യതയും അക്കൗണ്ടബിലിറ്റിയും**

- പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വാർഷിക ബജറ്റിനേയും പദ്ധതിനടത്തിപ്പിനേയും കുറിച്ച് ഒരു പൊതുരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യേണ്ടതുമാണ്.

## പ്രവർത്തന മാനദണ്ഡങ്ങൾ (Performance Criteria)

രണ്ടാം ഘട്ടത്തിലെ പെർഫോമൻസ് ഗ്രാന്റ് വിഹിതം നിശ്ചയിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തന മാനദണ്ഡങ്ങളാണ് സ്വീകരിക്കുക:

**1. പദ്ധതി നിർവഹണവും സേവന പ്രദാനവും**

- നിർവഹണ ഘട്ടത്തിൽ പെർഫോമൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് പാരിസ്ഥിതിക, സാമൂഹിക സുരക്ഷാ ചട്ടങ്ങൾ പാലിക്കണം.
- സാധനം വാങ്ങലിനായി സുതാര്യവും അനുയോജ്യവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും അവ മതിയാംവണ്ണം ഡോക്യുമെന്റ് ചെയ്യുകയും വേണം.
- പ്രവർത്തനക്ഷമമായ വിവര സാങ്കേതികവിദ്യയുടെ പശ്ചാത്തല സൗകര്യം ഉണ്ടായിരിക്കണം.

**2. അക്കൗണ്ടിംഗ്, റിപ്പോർട്ടിംഗ്, ഓഡിറ്റിംഗ്**

- ത്രൈമാസ വിലയിരുത്തൽ റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കണം.
- വിലയിരുത്തലിന് തൊട്ടു മുൻവർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ബാഹ്യ ഓഡിറ്റ് വിശേഷണങ്ങളില്ലാത്തതായിരിക്കണം (clean).
- മുൻ വർഷത്തിന് തൊട്ടു പിൻവർഷത്തെ ഓഡിറ്റിൽ നിരീക്ഷിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കണം.

**3. സുതാര്യതയും അക്കൗണ്ടബിലിറ്റിയും**

- ബജറ്റിനെയും വാർഷിക പദ്ധതിയേയും കുറിച്ചുള്ള പൊതു രേഖകൾ വാർഡു തലത്തിൽ ലഭ്യമായിരിക്കണം.
- ആസൂത്രണ, നിർവഹണ പ്രക്രിയകളിൽ ദുർബല വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം.
- പൗരാവകാശ രേഖ തയ്യാറാക്കി പ്രദർശിപ്പിക്കേണ്ടതാണ്.

ഇവയെ അടിസ്ഥാനമാക്കി ഒരു നിശ്ചിത സ്ക്കോർ കണക്കാക്കുകയും അത് മുൻകൂറായി എല്ലാ ഗ്രാമ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും അറിയിക്കുന്നതുമാണ്. 2012-13 മുതൽ ഓരോ വർഷവും ഓഗസ്റ്റിനും ഡിസംബറിനും ഇടയ്ക്കുള്ള കാലയളവിലാണ് പ്രവർത്തന വിലയിരുത്തൽ നടത്തുന്നത്. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ചുമതലപ്പെടുത്തുന്ന ഒരു സ്വതന്ത്ര സ്ഥാപനത്തിനായിരിക്കും ഇതിന്റെ ഉത്തരവാദിത്വം.

## പെർഫോമൻസ് ഗ്രാന്റിന്റെ വിനിയോഗം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സംവിധാനവും സേവന പ്രദാനവും മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന രീതിയിലുള്ള മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ടി ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്കായി പെർഫോമൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ വിവേചനാധികാരത്തിൻ കീഴിലായിരിക്കും പെർഫോമൻസ് ഗ്രാന്റ്. ഒപ്പം തന്നെ പാരിസ്ഥിതികമോ മറ്റ് കാരണങ്ങളാലോ നടപ്പാക്കാനാവാത്ത താഴെപ്പറയുന്ന പ്രവൃത്തികൾക്ക് പെർഫോമൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പാടില്ല:

1. ഗ്രാമ പഞ്ചായത്തുകളുടെയോ മുനിസിപ്പാലിറ്റികളുടെയോ പ്രവർത്തനാധികാര പരിധിയിൽപ്പെടാത്ത പ്രവൃത്തികൾ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി നിയമങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളേയും ധനവിനിയോഗത്തേയും സംബന്ധിച്ച ഏതെങ്കിലും സർക്കാർ ഉത്തരവോ ചട്ടമോ അനുസരിച്ചല്ലാതെയുള്ള പ്രവൃത്തികൾ
2. ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഭൂമി വാങ്ങുന്നത്
3. ഹോട്ടലുകൾ, റസ്റ്റാറന്റുകൾ, റിസോർട്ടുകൾ തുടങ്ങിയ വാണിജ്യ സ്വഭാവമുള്ള സംരംഭങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധമുള്ള പ്രവൃത്തികൾ
4. അമ്പലം, പള്ളി, ശവകുടീരം പോലെ ഏതെങ്കിലും തരത്തിലുള്ള മതപരമായ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും
5. സൈനികമോ അർദ്ധ-സൈനികമോ ആയ സ്വഭാവമുള്ള പ്രവൃത്തികൾ
6. ലഹരി പാനീയങ്ങൾ
7. പുകയില, അസംസ്കൃത പുകയില, പുകയിലയോ പകരം വസ്തുക്കളോ അടങ്ങുന്ന സംസ്കൃത പുകയില, പുകയില അവശിഷ്ടങ്ങൾ
8. പുകയില സംസ്കരിക്കുന്ന യന്ത്രങ്ങൾ
9. അണുവികിരണമുളവാക്കുന്നതും ബന്ധപ്പെട്ടതുമായ മറ്റു വസ്തുക്കൾ
10. ന്യൂക്ലിയർ റിയാക്ടറുകൾ, അവയുടെ ഭാഗങ്ങൾ, ഇന്ധനഘടകങ്ങൾ
11. പാരിസ്ഥിതിക-സാമൂഹിക ചട്ടക്കൂട് (ഇ.എസ്.എം.എഫ്.) പ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ തുടങ്ങിയവ.

## ആസൂത്രണം, ബജറ്റ് തയ്യാറാക്കൽ, നിർവഹണം

1. പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികളുടെ ആസൂത്രണത്തിന് വികേന്ദ്രീകൃതാസൂത്രണത്തിന്റെ നടപടിക്രമങ്ങൾ തന്നെയാണ് പിന്തുടരുന്നത്.
2. പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് ഒരു പാരിസ്ഥിതിക സാമൂഹിക ചട്ടക്കൂട് ബാധകമാക്കിയിട്ടുണ്ട്. പ്രതികൂലമായ പാരിസ്ഥിതിക, സാമൂഹിക ആഘാതങ്ങൾ ഒഴിവാക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭൂമി ബലം പ്രയോഗിച്ച് ഏറ്റെടുക്കൽ, ബാലവേല എന്നിവ തടയുക, തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ, തീരദേശ പരിപാലന നിയമം തുടങ്ങിയവ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുക എന്നിവ ഉദാഹരണങ്ങളാണ്.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രോജക്ടിനു കീഴിലുള്ള സാധനസാമഗ്രികൾ, സേവനങ്ങൾ, ഇവയുടെ വാങ്ങൽ പ്രക്രിയ നടത്തുന്നത് പരിഷ്കരിച്ച പ്രൊക്യൂർമെന്റ് മാന്വൽ (സർക്കാർ ഉത്തരവ് നമ്പർ GO(P) 259/2010/LSGD), സമാഹൃത നിർമ്മാണ ചട്ടങ്ങൾ (സർക്കാർ സർക്കുലർ നമ്പർ 2565/DA/2011/LSGD) എന്നിവയെ ആധാരമാക്കിയായിരിക്കും.







## റിപ്പോർട്ടിംഗ്

രണ്ടു തരത്തിലുള്ള റിപ്പോർട്ടിംഗ് ഉണ്ടായിരിക്കും.

**1. മുകളിലേക്കുള്ള റിപ്പോർട്ടിംഗ് (Upward Accountability)**

പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ ഭൗതിക പുരോഗതിയും മൂലധന സൃഷ്ടിയേയും കുറിച്ച് ത്രൈമാസ റിപ്പോർട്ട് തയ്യാറാക്കി പി.എം.യുവിന് നൽകേണ്ടതാണ്.

**2. കീഴോട്ടുള്ള റിപ്പോർട്ടിംഗ് (Downward Accountability)**

പ്രാദേശികമായ സുതാര്യത വർദ്ധിപ്പിക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതിയുടേയും ബജറ്റ് റിപ്പോർട്ടിന്റേയും ഒരു സംക്ഷിപ്തം ഒരു മാസത്തിനകം പൊതുജനങ്ങൾക്ക് ഗ്രാമ/വാർഡ് സഭകൾ വഴി വിതരണം ചെയ്യുകയും പൊതു സ്ഥലങ്ങളിൽ നോട്ടീസ് പതിപ്പിക്കുകയും വേണം.

## ഓഡിറ്റ്

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ (സി.എ.ജി) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ വാർഷിക ബാഹ്യ ഓഡിറ്റ് നടത്താനുള്ള ഉത്തരവാദിത്വം ലോക്കൽ ഫണ്ട് ഓഡിറ്റിനാണ് (എൽ.എഫ്.എ).

രണ്ട് ഘട്ടങ്ങളിലായാണ് ഓഡിറ്റ് നടത്തുന്നത്:

- വാർഷിക ധനകാര്യ പത്രികയുടെ യഥാർത്ഥ സ്ഥിതിയെക്കുറിച്ചുള്ള അഭിപ്രായം രൂപീകരിക്കുവാൻ എൽ.എഫ്.എയെ പ്രാപ്തമാക്കുന്നതിനായി വാർഷിക ധനകാര്യ പത്രികയുടെ ഓഡിറ്റ് നടത്തുന്നു.
- രണ്ടാംഘട്ടത്തിൽ ഇതേ തുടർന്നുള്ള വിശദമായ ഓഡിറ്റ് നടത്തുന്നു. ഒന്നാംഘട്ട ഓഡിറ്റിനെത്തുടർന്ന് നിരീക്ഷണങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അതുൾപ്പെടുത്തിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഓഡിറ്റർമാർ നൽകുന്നു.

## ഇന്റേണൽ ഓഡിറ്റ് സംവിധാനം

ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും ഇന്റേണൽ ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറാണ് (എസ്.പി.എ.ഒ). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പെർഫോമൻസ് ഗ്രാന്റ് ഉദ്ദേശിക്കപ്പെട്ടിട്ടുളള കാര്യങ്ങൾക്ക് തന്നെയാണ് ചെലവഴിക്കുന്നത് എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനുബന്ധ സ്ഥാപനങ്ങളും പ്രോജക്ടിന് ബാധകമായ ധനമാനേജ്മെന്റ്, സമാഹരണ പ്രക്രിയ സംവിധാനം, ആന്തരിക നിയന്ത്രണ ചട്ടങ്ങൾ ഇവ പിന്തുടരുന്നു എന്നും ഉറപ്പു വരുത്തുകയാണ് ഇന്റേണൽ ഓഡിറ്റിന്റെ ഉദ്ദേശ്യം.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് അർഹതാ മാനദണ്ഡങ്ങൾ

നിരീക്ഷണങ്ങളുടെ ഗൗരവസ്വഭാവമനുരിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റുകളെ നാലു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു:

1. വിശേഷണങ്ങളില്ലാത്ത സർട്ടിഫിക്കറ്റ്
2. വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ്
3. പ്രതികൂല സർട്ടിഫിക്കറ്റ്
4. നിരാകരണ സർട്ടിഫിക്കറ്റ്

- ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകുന്ന ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ 2, 3, 4 വിഭാഗത്തിൽ ഉൾപ്പെട്ടതായിരിക്കരുത്. അങ്ങനെയായാൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പെർഫോമൻസ് ഗ്രാന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല.

## പ്രോജക്ടിലെ ധനസഹായ വിതരണ രീതി

കെ.എൽ.ജി.എസ്.ഡി.പി.യിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന രീതി:

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഗ്രാന്റുകൾക്ക് വേണ്ടിയുള്ള ഡിമാൻഡ്സിന് കീഴിലെ 3604-00-200-94 കോമ്പൻസേഷൻ അസൈൻമെന്റ്സ് റ്റു ലോക്കൽ ബോഡീസ് & പഞ്ചായത്തിരാജ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന കണക്കിനത്തിൽ സംസ്ഥാന ബജറ്റിൽ ഈ പദ്ധതിയുടെ പെർഫോമൻസ് ഗ്രാന്റിനുള്ള തുക വകയിരുത്തി നിലവിലുള്ള വികസന ഗ്രാന്റ് നൽകുന്ന രീതിയിൽ തന്നെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ലഭ്യമാക്കും.

## പെർഫോമൻസ് ഗ്രാന്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച മറ്റു വിശദാംശങ്ങൾ

1. ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള പെർഫോമൻസ് ഗ്രാന്റ് തുക പ്രസ്തുത സ്ഥാപനങ്ങൾക്കുള്ള പ്രത്യേക ട്രഷറി അക്കൗണ്ടുകളിലേക്കാണ് ലഭ്യമാക്കുക.
2. കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും കോമൺ സ്റ്റേറ്റ് പബ്ലിക്ക് അക്കൗണ്ടിലേക്ക് ഗ്രാന്റ് തുക മാറ്റപ്പെടും. അവിടെ നിന്നും ഓരോ ഗ്രാമ പഞ്ചായത്തിന്റേയും മുനിസിപ്പാലിറ്റിയുടേയും പ്രോജക്ടിനായുള്ള (മുകളിൽ സൂചിപ്പിച്ച) പ്രത്യേക ട്രഷറി അക്കൗണ്ടുകളിലേക്ക് നഗര വികസനവകുപ്പ്, പഞ്ചായത്ത് വകുപ്പ് എന്നിവ മുഖേന മാറ്റം ചെയ്യപ്പെടും.
3. ഒരിക്കൽ ഈ അക്കൗണ്ടിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഓരോ ഇടപാടും സംസ്ഥാന അക്കൗണ്ടിലെ ചെലവായിട്ടായിരിക്കും കണക്കാക്കപ്പെടുക.
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഈ അക്കൗണ്ടുകളിൽ നിന്നും വർഷാവസാനം ചെലവഴിക്കാത്ത ബാക്കി തുക അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്യപ്പെടും.
5. ഇപ്രകാരമുള്ള ബാക്കി തുക സംസ്ഥാന സഞ്ചിത നിധിയിലേക്ക് തിരികെയെടുക്കാനാവില്ല. എന്നാൽ പദ്ധതിയുടെ കാലാവധി തീരുമ്പോൾ ബാക്കി വരുന്ന തുക തിരിച്ചടയ്ക്കേണ്ടി വരും.

## കാര്യശേഷി വികസനം

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനും പരിശീലന പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനുമായി കില, എസ്.ഐ.ആർ.ഡി എന്നീ സ്ഥാപനങ്ങൾ പി.എം.യുവിന് വേണ്ടി വിവിധ തരം മാന്വലുകൾ, ടൂൾ കിറ്റുകൾ എന്നിവ വികസിപ്പിക്കുകയും ബന്ധപ്പെട്ട പരിശീലനത്തിന് വേണ്ടി മൊഡ്യൂളുകൾ തയ്യാറാക്കുകയും മാസ്റ്റർ പരിശീലകരുടെ പരിശീലനം നടത്തുകയും ചെയ്യുന്നതാണ്.
- ഒരു ബ്ലോക്കിന്റെ കീഴിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനായി ഒരു ബ്ലോക്കിന് ഒരു എഞ്ചിനീയർ ഉണ്ടായിരിക്കും. പ്രോജക്ടിന്റെ ധനസഹായം ലഭിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന്റെ മേൽനോട്ടത്തിനും വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിനും ഈ എഞ്ചിനീയർമാർ ഗ്രാമപഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും സഹായിക്കും. എഞ്ചിനീയർമാരുടെ യാത്രാബത്ത പോലുള്ള പ്രവർത്തന ചെലവുകൾ പ്രോജക്ടിൽ നിന്നായിരിക്കും നൽകുക.
- ഇ-ഗവേണൻസ് സംവിധാനങ്ങളും അക്കൗണ്ടിംഗ് സംവിധാനവും നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനുള്ള ഐ.കെ.എമ്മിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് പ്രോജക്ട് സഹായിക്കും.

*(ശേഷം പേജ് 24)*

# മഴക്കാലപൂർവ്വ ശുചീകരണം ഫലപ്രദമാകണമെങ്കിൽ...

ഡോ. തോമസ് മാത്യു
ആർ. ഉണ്ണിക്കൃഷ്ണൻ

**കൊതുകുജന്യ രോഗങ്ങൾ ഇല്ലാതാക്കാൻ കൊതുകുകളെയെല്ലാം കൊന്നൊടുക്കേണ്ട ആവശ്യമില്ല. അവയുടെ എണ്ണം ഒരു പരിധിയിൽ കവിയാതെ പ്രതിരോധിച്ചാൽത്തന്നെ നമുക്ക് ഈ രോഗങ്ങൾ പൊട്ടിപ്പുറപ്പെടാതെ നിയന്ത്രിക്കാനാകും.**

**കൂടുതൽ ഫലപ്രദമാകുന്ന രീതിയിൽ മഴക്കാലപൂർവ്വശുചീകരണവും ഡ്രൈ ഡേ ആചരണവും എങ്ങനെ നടപ്പിലാക്കാം എന്നും സാധാരണ രീതിയിൽ ശുചീകരണം നടത്തുന്നതിന്റെ പാളിച്ചകൾ എന്തൊക്കെയാണെന്നും പരിശോധിക്കാം.**



മഴക്കാലമാകുന്നതോടെ പകർച്ചവ്യാധികൾ വർദ്ധിക്കുന്നു എന്നതാണല്ലോ പൊതുതത്ത്വം. എന്നാൽ മഴക്കാലത്തു മാത്രമല്ല വേനൽമഴയുള്ളപ്പോഴും, എന്തിന് ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലകാലങ്ങളിലും ഡെങ്കിപ്പനിയും ചിക്കുൻഗുനിയയും ഉണ്ടാകുന്നതായാണ് അനുഭവം. മഴക്കാലപൂർവ്വ ശുചീകരണവും ഡ്രൈ ഡേ ആചരണവും വർഷങ്ങളായി നാം നടത്തുന്നു. എന്നാൽ ഡെങ്കിപ്പനിയുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുന്നില്ല. ചില സ്ഥലങ്ങളിൽ രോഗം കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിലും പൊതുവിൽ ഇത് അത്രകണ്ട് ഫലപ്രദമായിട്ടില്ല. അതിനാൽ കൂടുതൽ ഫലപ്രദമാകുന്ന രീതിയിൽ മഴക്കാലപൂർവ്വശുചീകരണവും ഡ്രൈ ഡേ ആചരണവും എങ്ങനെ നടപ്പിലാക്കാം എന്നും സാധാരണ രീതിയിൽ ശുചീകരണം നടത്തുന്നതിന്റെ പാളിച്ചകൾ എന്തൊക്കെയാണെന്നും പരിശോധിക്കാം.

**പരിപൂർണ്ണത**

മഴക്കാലപൂർവ്വശുചീകരണം ഒരു പ്രദേശത്തിന്റെ എല്ലാ ഭാഗങ്ങളിലും സമയബന്ധിതമായും പൂർണ്ണമായും നടക്കുന്നില്ല. ആവശ്യമായ മുന്നൊരുക്കങ്ങൾ ഏപ്രിൽ മാസത്തിൽ തന്നെ ചെയ്ത് മെയ് മാസം കൊണ്ട് മഴക്കാലപൂർവ്വശുചീകരണം പൂർണ്ണമാക്കേണ്ടതാണ്. എന്നാൽ പലയിടത്തും ശുചീകരണം പൂർത്തിയാകുന്നതിന് മുൻപേ മഴ പെയ്യുന്നതു കാരണം. കൊതുകു പെരുകാനുള്ള സാഹചര്യങ്ങൾ നിലനിൽക്കുകയും രോഗങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നു.

പ്രധാനമായും അനോഫെലിസ്, ഈഡിസ്, ക്യൂലക്സ് വർഗ്ഗത്തിൽപ്പെട്ട കൊതുകുകളാണ് രോഗങ്ങൾ പരത്തുന്നത്. ഇവയിൽ ക്യൂലക്സ് കൊതുകു മാത്രമാണ് മലിനജലത്തിൽ മുട്ടയിട്ട് പെരുകുന്നത്. അതുകൊണ്ടുതന്നെ ഓടകളിലും കുഴികളിലും കെട്ടിനിൽക്കുന്ന മലിനജലത്തിൽ ക്യൂലക്സ് കൊതുകുകളാണ് കൂടുതലായും മുട്ടയിട്ട് പെരുകുന്നത്. കക്കൂസ് ടാങ്കുകളിലും ചാണകവെള്ളത്തിലും ജൈവമാലിന്യങ്ങൾ കൂടുതലായി അഴുകി ചേർന്ന് ജലം കെട്ടിനിൽക്കുന്ന മറ്റു ഇടങ്ങളിലുമൊക്കെ മുട്ടയിട്ട് പെരുകുന്ന മറ്റൊരിനം കൊതുകായ ആർമിജറസ് ആകട്ടെ രോഗങ്ങൾ ഒന്നും പരത്തുന്നുമില്ല. മന്തുരോഗവും ജപ്പാൻജ്വരവും പരത്താൻ കഴിവുള്ള 'മൻസോണിയ' കൊതുക് കുളവാഴ, മുട്ടപ്പായൽ തുടങ്ങിയ ജലസസ്യങ്ങൾ ഉള്ള ജലാശയങ്ങളിൽ ആണ് മുട്ടയിട്ട് പെരുകുന്നത്. ഓടകൾ വൃത്തിയാക്കുമ്പോഴും കുഴികൾ മൂടി അവയിൽ കെട്ടിനിൽക്കുന്ന മലിനജലം ഒഴുക്കിക്കളയുമ്പോഴും ക്യൂലക്സ്, ആർമിജറസ് കൊതുകുകളുടെ ഉറവിടങ്ങൾ മാത്രമേ പ്രധാനമായും ഇല്ലാതാകുന്നുള്ളൂ.

ഡെങ്കിപ്പനിയും ചിക്കുൻഗുനിയയും പരത്തുന്ന ഈഡിസ് കൊതുകുകളും മലമ്പനി പരത്തുന്ന അനോഫെലിസ് കൊതുകുകളും താരതമ്യേന ശുദ്ധമായ ജലത്തിലാണ് മുട്ടയിട്ടുപെരുകുക. അതുകൊണ്ട് തന്നെ കൊതുകു പെരുകുവാൻ സാധ്യതയുള്ള ശുദ്ധജല ഉറവിടങ്ങൾ നശിപ്പിക്കുകയോ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ ചെയ്താൽ മാത്രമേ ഈഡിസിനെയും അനോഫെലിസിനെയും തുരത്താനാകൂ. സാധാരണയുള്ള ശുചീകരണത്തിൽ ഈഡിസ്, അനോഫെലിസ് കൊതുകുകളുടെ ഉറവിടങ്ങൾ പൂർണ്ണമായി നീക്കം ചെയ്യപ്പെടാറില്ല എന്നതു കൊണ്ടാണ് മഴക്കാലപൂർവ്വ ശുചീകരണം പരിപൂർണ്ണമല്ല എന്നു പറയുന്നത്. ചുരുക്കത്തിൽ, മലിനജലവും ശുദ്ധജലവും കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്ന വിധത്തിലുള്ള മഴക്കാലപൂർവ്വ ശുചീകരണമാണ് അവലംബിക്കേണ്ടത്.

**എന്തുമാറ്റം വരുത്തിയാൽ ലക്ഷ്യം കൈവരിക്കാം?**

ഒരു പ്രദേശത്ത് ചെയ്യേണ്ട കാര്യമായിരിക്കില്ല മറ്റൊരു സ്ഥലത്ത് ചെയ്യേണ്ടത്. ഓരോ പ്രദേശത്തെയും പ്രശ്നങ്ങൾക്കും പ്രത്യേകതകൾക്കുമനുസരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

**a. കാടുവെട്ടൽ**

പുല്ല്, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ തുടങ്ങിയവ നീക്കം ചെയ്തതുകൊണ്ടു മാത്രം കൊതുകിന്റെ പ്രജനന ഉറവിടങ്ങൾ സാധാരണ കുറയാറില്ല. സസ്യങ്ങൾ കൊതുകിന് ഒരു വിശ്രമസ്ഥാനമായും സസ്യങ്ങളുടെ നീര് ആഹാരമായും വർത്തിക്കുന്നു. ഇലഞെട്ട് തണ്ടിനോട് ചേരുന്ന ഭാഗത്ത് ജലം കെട്ടി നിന്നാൽ (ഉദാഹരണം: വാഴ, ചേമ്പ്, പൈനാപ്പിൾ, ചില കളസസ്യങ്ങൾ) ഈഡിസ് കൊതുകുകൾ മുട്ടയിട്ട് പെരുകാൻ സാധ്യതയുണ്ട്. തോട്, കുളം തുടങ്ങിയവയുടെ കരയിൽ കാണപ്പെടുന്ന കാട് നീക്കം ചെയ്യുമ്പോൾ മുൾച്ചെടികളിൽ നിന്നും കുപ്പിച്ചില്ല് പോലുള്ള മൂർച്ചയുള്ള അവശിഷ്ടങ്ങളിൽ നിന്നും മുറിവ് ഏൽക്കാതെയും സൂക്ഷിക്കണം. മുറിവ് ഏറ്റശേഷം കെട്ടിനിൽക്കുന്ന ജലത്തിൽ ഇറങ്ങുകയോ പണിയെടുക്കുകയോ ചെയ്താൽ ചിലപ്പോൾ എലിപ്പനി വരാനുള്ള സാധ്യതയും ഉണ്ട്. കാടുവെട്ടലിനോടൊപ്പം മുളകുറ്റികൾ, മരപ്പൊത്തുകൾ തുടങ്ങിയവയിൽ മണ്ണിട്ട് നിറയ്ക്കുന്നതും ഉറവിടനശീകരണത്തിന് സഹായകരമാകും.

**b. ഓടകോരൽ, തോട്, കുളം വൃത്തിയാക്കൽ**

ഓട, തോട് എന്നിവയിലെ തടസ്സം മാറ്റി ജലം ഒഴുകുവാൻ സഹായിക്കുന്നത് കൊതുകു പെരുകുന്നത് നിയന്ത്രിക്കാനാകും. എന്നാൽ നീക്കുന്ന മാലിന്യം ഇവയുടെ വശങ്ങളിൽത്തന്നെ ഉപേക്ഷിച്ച് പോകുന്നതുകൊണ്ട് പ്രയോജനം ഇല്ല. അവ വീണ്ടും തോട്ടിൽ വീഴാത്തരീതിയിൽ നീക്കം ചെയ്യണം.

കുളങ്ങളെ കൊതുകിന്റെ ഉറവിടങ്ങൾ എന്നു പൊതുജനങ്ങൾ പഴിക്കാറുണ്ട്. എന്നാൽ പലപ്പോഴും ഇതു ശരിയല്ല. കുളത്തിൽ ചെറുമത്സ്യങ്ങൾ ഉണ്ടെങ്കിൽ കൊതുകിന്റെ കൂത്താടികളെ അവ തിന്നു നശിപ്പിച്ചു കൊള്ളും. ജലപ്രാണികളും ഷഡ്പദങ്ങളും കൂത്താടികളെ തിന്നുനശിപ്പിക്കും. പ്രകൃത്യായുള്ള ഇത്തരം പരഭോജികൾ ഇല്ലാത്ത താത്ക്കാലിക ജലാശയങ്ങളിൽ കൊതുകു പെരുകും. ജലാശയങ്ങളിൽ സസ്യജാലങ്ങൾ നീക്കുന്നതോടൊപ്പം കൂത്താടിഭോജികളായ മത്സ്യങ്ങളോ മറ്റ് ജീവികളോ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. ആവശ്യമെങ്കിൽ ഗപ്പി തുടങ്ങിയ മത്സ്യങ്ങളെ ജലാശയങ്ങളിൽ (ഓടയിൽ പോലും) നിക്ഷേപിക്കുകയുമാകാം. മത്സ്യങ്ങൾ വളരാത്തവിധം മലിനമായ ജലത്തിൽ കൂത്താടി നാശിനികളായ കീടനാശിനികൾ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് സ്പ്രേ ചെയ്യാം. അസോളപോലുള്ള ജലസസ്യങ്ങൾ ജലോപരിതലം പൂർണ്ണമായി മൂടുന്ന രീതിയിൽ വളർത്തിയാലും കൊതുകിന്റെ പ്രജനനം തടയാനാകും.

**c. മാലിന്യങ്ങൾ നീക്കം ചെയ്യൽ**

ദ്രവിക്കുന്നതും ദ്രവിക്കാത്തതുമായ മാലിന്യങ്ങൾ തരം തിരിക്കാതെ നീക്കം ചെയ്യുന്ന കാഴ്ചയാണ് പലയിടത്തും കാണുന്നത്. ഇത് ഫലപ്രാപ്തി കുറയ്ക്കുന്നു. കുടുംബശ്രീക്കാരോ സന്നദ്ധപ്രവർത്തകരോ പ്രൈവറ്റ് ഏജൻസിയോ മാലിന്യങ്ങൾ വീടുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നീക്കം ചെയ്യുമ്പോൾ അവ ഉറവിടത്തിൽ വച്ചു തന്നെ തരംതിരിക്കപ്പെടണം. അതിന് വീടുകളിലും സ്ഥാപനങ്ങളിലും ഒന്നിലധികം കണ്ടെയിനറുകൾ ഉണ്ടാകണം. ഇത് വലിയ വാഹനങ്ങളിൽ കയറ്റുന്നതിന് മുൻപ് ചെറുവാഹനങ്ങളിലോ കാൽനടയായോ കൊണ്ടു പോകുമ്പോൾ പല വസ്തുക്കളും വഴിയിൽ വീണുപോകുന്നതും കാര്യക്ഷമത കുറയ്ക്കുന്നു. താത്ക്കാലികമായി ഒരിടത്തു കൂട്ടിവയ്ക്കുന്നത് എലികളും പട്ടികളും പക്ഷികളും വലിച്ചു നിരത്തുന്നതിന് കാരണമാകും.

**ഡെങ്കിപ്പനിയും ചിക്കുൻഗുനിയയും പരത്തുന്ന ഈഡിസ് കൊതുകുകളും മലമ്പനി പരത്തുന്ന അനോഫെലിസ് കൊതുകുകളും താരതമ്യേന ശുദ്ധമായ ജലത്തിലാണ് മുട്ടയിട്ടുപെരുകുക. അതു കൊണ്ട് തന്നെ കൊതുകു പെരുകുവാൻ സാധ്യതയുള്ള ശുദ്ധജല ഉറവിടങ്ങൾ നശിപ്പിക്കുകയോ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ ചെയ്താൽ മാത്രമേ ഈഡിസിനെയും അനോഫെലിസിനെയും തുരത്താനാകൂ. സാധാരണയുള്ള ശുചീകരണത്തിൽ ഈഡിസ്, അനോഫെലിസ് കൊതുകുകളുടെ ഉറവിടങ്ങൾ പൂർണ്ണമായി നീക്കം ചെയ്യപ്പെടാറില്ല.**

മഴക്കാലപൂർവ്വ ശുചീകരണം നടത്തുമ്പോൾ ദീർഘനാളായി നീക്കം ചെയ്യപ്പെടാതെ കിടക്കുന്ന മാലിന്യങ്ങളും നീക്കം ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കണം. തോട്ടിൻ കരയിലും റോഡ് വക്കിലെ മതിലിനും വേലിക്കും അപ്പുറത്തും അടുത്തടുത്ത കെട്ടിടങ്ങൾക്കിടയിൽ ഉപയോഗശൂന്യമായിക്കിടക്കുന്നതോ ആൾപ്പാർപ്പില്ലാത്തതോ ആയ സ്ഥലങ്ങളിൽ കിടക്കുന്ന മാലിന്യങ്ങളും ഇപ്രകാരം നീക്കം ചെയ്യേണ്ടതാണ്.

**d. വീടുകൾ, കടകൾ, ഹോട്ടലുകൾ, സ്ഥാപനങ്ങൾ**

വീടുകളുടെയും സ്ഥാപനങ്ങളുടെയും അകത്തും മുകളിലും ചുറ്റുപാടും നിരീക്ഷിച്ച് മാലിന്യങ്ങൾ നീക്കം ചെയ്യണം. കെട്ടിടത്തിനകത്തും പുറത്തും ജലം സംഭരിച്ച് സൂക്ഷിക്കുന്ന പാത്രങ്ങളിലും ടാങ്കുകളിലും കൊതുകു പെരുകുന്നില്ല എന്നുറപ്പുവരുത്തണം. സാധാരണ വൃത്തിയാക്കലിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കപ്പെടില്ല എന്ന





**ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുന്ന കേടായ വാഹനങ്ങളിലും അവയുടെ ഭാഗങ്ങളിലും ടയറുകളിലും മറ്റുമെല്ലാം വെള്ളം കെട്ടി നിന്ന് കൊതുകു പെരുകാം. അതിനാൽ ഇവയെല്ലാം മഴവെള്ളം വീഴാതെ ഷെഡിൽ വയ്ക്കുകയോ നീക്കം ചെയ്യുകയോ വേണം.**

ത് പ്രത്യേകം ഓർക്കുക. ഫ്രിഡ്ജിന്റെ പിറകിലുള്ള പാത്രം, ചെടിച്ചട്ടിക്കടിയിലെ പാത്രം, ഫ്ളവർവേസ്, അടയ്ക്കാ സംഭരണി, മത്സ്യങ്ങൾ ഇല്ലാത്ത ഫിഷ്ടാങ്ക്, എറുമ്പുകെണി തുടങ്ങിയവയും നിരീക്ഷിക്കണം. ടെറസ്, സൺഷേഡ്, ജലപാത്തി, കെട്ടിടത്തിന് മുകളിൽ ഉപേക്ഷിച്ചിരിക്കുന്ന പാത്രങ്ങൾ, ഓവർ ഹെഡ് ടാങ്ക് തുടങ്ങിയവയിൽ ജലം കെട്ടിനിൽക്കുന്നില്ലെന്ന് ഉറപ്പു വരുത്തണം. ചുറ്റുപാടും കാണപ്പെടുന്ന ദ്രവിക്കാത്ത മാലിന്യങ്ങളും നീക്കം ചെയ്യണം. ചിരട്ടകൾ, ഡിസ്പോസിബിൾ, മണ്ണ്, ലോഹ, സ്ഫടിക, പ്ലാസ്റ്റിക്, പോളിത്തീൻ, റബർ കണ്ടെയിനറുകൾ തുടങ്ങിയവ വെള്ളം കെട്ടിനിൽക്കാത്ത രീതിയിൽ നിർമ്മാർജനം ചെയ്യണം. പക്ഷികൾക്കും വളർത്തുമൃഗങ്ങൾക്കും വെള്ളം കൊടുക്കുന്ന പാത്രങ്ങളിലും ടാങ്കുകളിലും കൊതുകു പെരുകുന്നില്ല എന്നുറപ്പാക്കണം. ചുറ്റുപാടുമുള്ള കളകളും കുറ്റിച്ചെടികളും വെട്ടിനശിപ്പിച്ച് കൊതുകിന്റെ വിശ്രമ കേന്ദ്രങ്ങൾ ഇല്ലാതാക്കണം.

മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ടെറസിലും സൺഷേഡിലും ഔട്ട്ലെറ്റുകൾ അടയുന്നവിധം അടിഞ്ഞുകൂടിയിരിക്കുന്ന കരിയിലയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യണം. ജലപാത്തികളിൽ നിന്നും മാലിന്യങ്ങൾ നീക്കണം.

## e. പ്രത്യേക ശ്രദ്ധ വേണ്ട സ്ഥാപനങ്ങൾ/സ്ഥലങ്ങൾ

**1. ടയർറിപ്പയർ സെന്ററുകൾ :** ഇത്തരം കടകളിൽ റോഡരികിൽ പരസ്യത്തിനായി പഴയ ടയറുകൾ ഒന്നിനു മുകളിൽ മറ്റൊന്നായി അടുക്കിവയ്ക്കാറുണ്ട്. ഇതു കൂടാതെ ടയറുകൾ കടയുടെ മുകളിലും പിറകിലും മറ്റ് പുരയിടങ്ങളിലും കുറ്റിക്കാട്ടിലും ഓടയിലും കാണപ്പെടുന്നുണ്ട്. ടയറുകൾ ഈഡിസ് കൊതുകുകളുടെ പ്രധാന ഉറവിടം ആണെന്നിരിക്കെ ഇവ നീക്കം ചെയ്യാതെയുള്ള മഴക്കാല പൂർവ്വ ശുചീകരണം നിഷ്പ്രയോജനം തന്നെയാണ്. പരസ്യത്തിനായി വയ്ക്കുന്ന ടയറുകൾക്കുള്ളിൽ മണ്ണിട്ട് നിറയ്ക്കണം. ട്യൂബുമുക്കുന്ന ടാങ്കിനുള്ളിലെ വെള്ളവും ആഴ്ചയിൽ ഒരിക്കൽ മാറ്റണം.

**2. ആട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ:** ഇവിടെ ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുന്ന കേടായ വാഹനങ്ങളിലും അവയുടെ ഭാഗങ്ങളിലും ടയറുകളിലും മറ്റുമെല്ലാം വെള്ളം കെട്ടി നിന്ന് കൊതുകു പെരുകാം. അതിനാൽ ഇവയെല്ലാം മഴവെള്ളം വീഴാതെ ഷെഡിൽ വയ്ക്കുകയോ നീക്കം ചെയ്യുകയോ വേണം.

**3. പെട്രോൾ/ഡീസൽ പമ്പ്ഹൗസുകൾ:** ഇത്തരം സ്ഥാപനങ്ങളിൽ പലപ്പോഴും അനാവശ്യമായി ടയറുകൾ കൂട്ടി ഇട്ടിരിക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്.

**4. ആക്രിക്കടകൾ:** ദ്രവിക്കുന്നതും ദ്രവിക്കാത്തതുമായ പാഴ് വസ്തുക്കൾ നീക്കം ചെയ്യാതെ കൂട്ടിയിടുന്നതിനാൽ എലി, കൊതുക് എന്നിവ പെരുകാൻ കാരണമാകും. ഇത്തരം കടകളുടെ സമീപസ്ഥലങ്ങളിലും ഓടകളിലുമൊക്കെ ഇവയുടെ അവശിഷ്ടങ്ങളും കാണാം. ഇത്തരം സ്ഥാപനങ്ങളുടെ ചുറ്റുപാടും ഉള്ളിലും കൊതുകിന്റെ ഉറവിടങ്ങൾ ഇല്ല എന്ന് ഉറപ്പുവരുത്തണം.

**സിമന്റുകൊണ്ടും മറ്റും നിർമ്മിച്ച പലതരം ചെടിച്ചട്ടികളും അക്വേറിയം ടാങ്കുകളും വിൽപനയ്ക്കായി അടുക്കി വച്ചിരിക്കുന്ന സ്ഥലങ്ങളിൽ ഇവയിൽ പലതും കൊതുകു പെരുകുന്നതിന് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

**5. കരിക്കുകച്ചവടസ്ഥലങ്ങൾ:** കരിക്കുകളുടെ അവശിഷ്ടങ്ങൾ ചുറ്റുപാടുമോ ഓടയിലോ നിക്ഷേപിക്കുന്നത് ഗുരുതരപ്രശ്നങ്ങളുണ്ടാക്കും. അവ നീക്കം ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണം.

**6. കൊപ്രയാട്ടു സ്ഥലങ്ങൾ:** ഇവിടെ ആയിരക്കണക്കിന് ചിരട്ടകൾ കൂട്ടിയിട്ടിരിക്കുന്നതായി കാണാം. ഇവ ഒരാഴ്ചയ്ക്കകം നീക്കം ചെയ്യുന്നില്ല എങ്കിൽ വലിയൊരു ടാർപോളിൻ ചിരട്ടക്കൂനമേൽ ഇട്ട് ചിരട്ടകളിലും ടാർപോളിനിലെ മടക്കുകളിലും വെള്ളം കെട്ടുന്നില്ലെന്ന് ഉറപ്പുവരുത്തണം ഇല്ലെങ്കിൽ മഴവെള്ളം വീഴാതെ ഒരു മേൽക്കൂരയ്ക്ക് കീഴിൽ ചിരട്ടകൾ സൂക്ഷിക്കണം.

**7. സാനിട്ടറി കടകൾ:** സിങ്കുകൾ, ക്ലോസറ്റുകൾ, ഫ്ളഷുകൾ, സിന്റക്സ് ടാങ്കുകൾ തുടങ്ങിയവ വിൽക്കുന്ന കടകളുടെ മുകളിലും ചുറ്റുപാടും ഇത്തരം സാധനങ്ങൾ പുതിയവയോ കേടായതോ കാണപ്പെടാറുണ്ട്. വലിയ സിന്റക്സ് ടാങ്കുകൾ മലർത്തി വച്ചിരുന്നാൽ











അവയ്ക്കുള്ളിൽ കൂത്താടികൾ ഉണ്ടോ എന്ന് നിരീക്ഷിക്കുവാൻ പോലും സാധ്യമല്ല. ഇവയിലെ ജലം ആഴ്ചയിൽ ഒരിക്കൽ കമിഴ്ത്തുകയോ കീടനാശിനി പ്രയോഗം നടത്തുകയോ ആകാം.

**8. നിർമ്മാണ പ്രവർത്തന പ്രദേശങ്ങൾ:** അന്യസംസ്ഥാന തൊഴിലാളികൾ വഴി കേരളത്തിൽ എത്തുന്ന ഒരു പ്രധാന രോഗമാണ് മലമ്പനി. അതുകൊണ്ട് തന്നെ ഇത്തരം തൊഴിലാളികൾക്ക് ആവശ്യമായ രക്തപരിശോധനയും ബോധവത്കരണവും നൽകേണ്ടതുണ്ട്. ഇവരുടെ താമസസ്ഥലത്ത് വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പാലിക്കുന്നുവെന്നുറപ്പുവരുത്തണം. ഇവർക്ക് ശുദ്ധമായ കുടിവെള്ള ലഭ്യത, സാനിട്ടറി കക്കൂസുകളുടെ ലഭ്യത എന്നിവയും ഉറപ്പാക്കണം.

നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ പൈലിംഗ് നടത്തുന്നിടത്തോ അല്ലാതെയോ വലിയ കുഴികളിൽ ജലം കെട്ടിനിൽക്കാറുണ്ട്. ഇതിൽ മത്സ്യങ്ങളെ നിക്ഷേപിക്കുകയോ കീടനാശിനികൾ സ്പ്രേ ചെയ്യുകയോ ആകാം. കുഴികൾ എത്രയും പെട്ടെന്ന് മൂടിയാലും മതി.

മഴക്കാലത്തു മാത്രമല്ല വേനലിൽ പോലും ഈഡിസ് കൊതുകിന്റെ പ്രധാന ഉറവിടമാണ് നിർമ്മാണത്തിലിരിക്കുന്ന ഫ്ളാറ്റുകൾ. കെട്ടിടങ്ങൾ നിർമ്മിക്കുന്നിടത്ത് സിന്റക്സ് ടാങ്കുകൾ, സിമന്റ് ടാങ്കുകൾ, പ്ലാസ്റ്റിക്/ലോഹ ഡ്രമ്മുകൾ, ബക്കറ്റുകൾ തുടങ്ങിയ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങൾ. ലിഫ്റ്റ് നിർമ്മിക്കുന്ന ഭാഗത്ത് ആഴത്തിൽ കെട്ടിനിർത്തിയിരിക്കുന്ന ജലം, കെട്ടിടം നിർമ്മിച്ചു തുടങ്ങുമ്പോൾ തന്നെ ജലം സംഭരിക്കാനായി ഭൂമിക്കടിയിലോ തറനിരപ്പിലോ നിർമ്മിക്കുന്ന വലിയ ജലസംഭരണികൾ തുടങ്ങിയവ വേനലിലും വറ്റാത്ത കൊതുകുറവിടങ്ങളായി വർത്തിക്കുന്നു. ഇതിനെല്ലാമുപരിയാണ് ഫ്ളാറ്റു നിർമ്മാണം നടക്കുന്നിടത്തെ അനേകം സങ്കൺ സ്ലാബുകൾ. ഇത്തരം സങ്കൺ സ്ലാബുകളിൽ നിർമ്മാണപ്രവർത്തനത്തിനായി കൂടെ കൂടെ ജലം നിറയ്ക്കുന്നത് ഈഡിസ്, അനോഫെലിസ് കൊതുകുകളുടെ പ്രജനനത്തിന് സഹായകമാകുന്നു.

കെട്ടിടനിർമ്മാണത്തിനുപയോഗിക്കുന്ന എല്ലാ ജലസംഭരണ പാത്രങ്ങളും ടാങ്കുകളും കൊതുകു കടക്കാത്ത വിധം അടയ്ക്കുകയോ ആഴ്ചയിൽ ഒരിക്കൽ ജലം നീക്കം ചെയ്ത് ഉണക്കി ഉപയോഗിക്കുകയോ ചെയ്യണം. സങ്കൺ സ്ലാബുകളിൽ വെള്ളം കെട്ടിനിൽക്കാതെ സൂക്ഷിക്കുകയോ മണ്ണെണ്ണയോ മറ്റോ ഒഴിച്ച് കൊതുകു പ്രജനനം തടയുകയോ വേണം.



**സിങ്കുകൾ, ക്ലോസറ്റുകൾ, ഫ്ളഷുകൾ, സിന്റക്സ് ടാങ്കുകൾ തുടങ്ങിയവ വിൽക്കുന്ന കടകളുടെ മുകളിലും ചുറ്റുപാടും ഇത്തരം സാധനങ്ങൾ പുതിയവയോ കേടായതോ കാണപ്പെടാറുണ്ട്. വലിയ സിന്റക്സ് ടാങ്കുകൾ മലർത്തി വച്ചിരുന്നാൽ അവയ്ക്കുള്ളിൽ കൂത്താടികൾ ഉണ്ടോ എന്ന് നിരീക്ഷിക്കുവാൻ പോലും സാധ്യമല്ല. ഇവയിലെ ജലം ആഴ്ചയിൽ ഒരിക്കൽ കമിഴ്ത്തുകയോ കീടനാശിനി പ്രയോഗം നടത്തുകയോ ആകാം.**

**9. പോളിത്തീൻ ഷീറ്റുകൾ / ടാർപോളിനുകൾ:** നഗര, ഗ്രാമഭേദമെന്യേ മലയാളികൾ വളരെയധികം ഉപയോഗിക്കുന്ന ഒന്നാണ് പോളിത്തീൻ ഷീറ്റുകളും ടാർപോളിനുകളും. കടകൾ, തൊഴുത്ത്, കക്കൂസ്, കുളിമുറി, വിറകുപുര എന്നുവേണ്ട കല്യാണത്തിനും അടിയന്തിരത്തിനുമുള്ള താത്ക്കാലിക ഷെഡുകൾക്കും മേൽക്കൂരയായി നാം ഇത്തരം ഷീറ്റുകൾ ഉപയോഗിക്കുന്നു. മഴവെള്ളം വീഴുമ്പോൾ ഷീറ്റിൽ കുഴികൾ (തൊട്ടിൽ പോലെ) രൂപംകൊണ്ട് കൊതുകുകൾക്കുള്ള ഉറവിടങ്ങളായ് മാറും. വിറകും മറ്റും മൂടി ഇട്ടിരുന്നാലും വേലിയിൽ മറയായി ഉപയോഗിച്ചാലും അലക്ഷ്യമായി ഒരിടത്ത് ഇട്ടിരുന്നാലും ഇതിന്റെ മടക്കുകളിൽ ജലം നിറഞ്ഞ് കൊതുകു പെരുകും. പെട്ടെന്ന് ദൃഷ്ടിയിൽപ്പെടാത്ത ഇത്തരം ഉറവിടങ്ങളും നീക്കം ചെയ്യേണ്ടതുണ്ട്.

**ജലദൗർലഭ്യപ്രദേശങ്ങൾ**

ജലദൗർലഭ്യം ഉള്ള പ്രദേശങ്ങളിൽ ജനങ്ങൾ ജലം സംഭരിച്ച് സൂക്ഷിക്കുന്ന കലങ്ങൾ, കുടങ്ങൾ, ടാങ്കുകൾ, വീപ്പകൾ തുടങ്ങിയവ വേനലിൽ ഈഡിസിന് ഒരു പ്രധാന അഭയസ്ഥാനമാണ്. ഇത്തരം കണ്ടെയിനറുകൾ ശരിയാംവണ്ണം അടയ്ക്കാറില്ല. പലപ്പോഴും വില കൊടുത്ത് ജലം വാങ്ങേണ്ടി വരുന്നവർക്ക് കൂത്താടികളെ കണ്ടാലും ആ ജലം കമിഴ്ത്തിക്കളയാനും നിർവ്വാഹമില്ല. അതിനാൽ സംഭരിക്കപ്പെടുന്ന ജലം ഭദ്രമായി അടച്ചു സൂക്ഷിക്കുകയേ മാർഗ്ഗമുള്ളൂ. ആദ്യമാദ്യം സംഭരിക്കപ്പെടുന്ന ജലം ആദ്യമാദ്യം ഉപയോഗിച്ചുതീർക്കണം. ടാങ്കിലും മറ്റും അവശേഷിക്കുന്ന ജലത്തിലേക്ക് പുതിയ ജലം ഒഴിക്കരുത്. അവശേഷിക്കുന്ന ജലം മാറ്റി, ടാങ്കിന്റെയും പാത്രങ്ങളുടേയും ഉൾവശം ഉരച്ചുകഴുകി ഉണക്കിയതിനുശേഷം വേണം പുതിയ ജലം നിറയ്ക്കാൻ. കൂത്താടികൾ കാണുന്ന ജലം കണ്ണി അകൽച്ച തീരെ കുറഞ്ഞ തുണിയിൽ അരിച്ച് കൂത്താടികളെ നീക്കി ഉപയോഗിക്കാം.

## ഈഡിസിന്റെ മറ്റ് ഉറവിടങ്ങൾ

### കേടായ/പഴയ സാമഗ്രികൾ

ആശുപത്രികളിലായാലും ഓഫീസുകളിലായാലും നവീകരണ പ്രവർത്തനങ്ങൾ മുറ തെറ്റാതെ പുരോഗമിക്കുന്നതു കാണാം. പഴയതും കേടായതുമായ ഫർണിച്ചറുകൾ, ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ ടെറസിൽ മുകളിലോ ചുറ്റുപാടുമോ കൂട്ടി ഇട്ടിരിക്കുന്ന കാഴ്ച നാം നിത്യേന കാണുന്നുണ്ട്. ഇത് നായ്, എലി, കൊതുക് എന്നിവ



യുടെ ഈറ്റില്ലമായേക്കാം. കുറഞ്ഞ പക്ഷം മൂന്നു കാര്യങ്ങൾ ഇവിടെ ചെയ്യാനാകും. 1. പഴയ സാമഗ്രികൾ തീർപ്പാക്കി നീക്കുന്ന കണ്ടംനേഷൻ ഊർജ്ജിതമായി നടക്കുന്നുവെന്ന് ഉറപ്പാക്കണം. 2. മഴവെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള സാധനങ്ങൾ ഒരു ഷെഡിനുള്ളിൽ വയ്ക്കുക. 3. മഴവെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള സാധനങ്ങൾ ആഴ്ചതോറും നിരീക്ഷിച്ച് കമിഴ്ത്തി വയ്ക്കുക.

**മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ**

ഗവൺമെന്റ്/സ്വകാര്യ ഉടമസ്ഥതയിൽ ഉള്ള മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ അറ്റകുറ്റപ്പണിക്ക് വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതോ തത്ക്കാലം മത്സ്യവിത്ത് സംഭരിക്കാത്തതോ ആയ സിമന്റ്/സിന്തറ്റിക്ക് ടാങ്കുകൾ കൊതുകിന്റെ ഉറവിടങ്ങളായി കാണപ്പെടാറുണ്ട്. ഇത്തരം ടാങ്കുകൾ വറ്റിച്ചിടുകയോ അവയിൽ ഗപ്പി മത്സ്യങ്ങൾ തൽക്കാലം വളർത്തുകയോ ചെയ്താൽ പ്രശ്നം പരിഹരിക്കാനാകും.

**ഉപയോഗശൂന്യമായ കക്കൂസ് ടാങ്കുകൾ**

ഉപയോഗശൂന്യമായ പല കക്കൂസ് ടാങ്കുകളും മഴവെള്ളം നിറഞ്ഞ് ഈഡിസ് കൊതുകുകളുടെ ഉറവിടമാകാൻ സാധ്യതയുണ്ട്. ഉപയോഗ ശൂന്യമായ ടാങ്കുകൾ മണ്ണിട്ട് മൂടുകയോ ഇവയുടെ സ്ലാബുകൾ കൊതുകു കടക്കാത്ത വിധം ഉറപ്പിക്കുകയോ ചെയ്താൽ ഈഡിസിനെയും സന്ധ്യാസമയം പടപോലെ വന്ന് നമ്മെ ആക്രമിക്കുന്ന വലിയ കൊതുകായ ആർമിജറസിനെയും നിയന്ത്രിക്കാനാകും.

**ബയോഗ്യാസ് പ്ലാന്റുകൾ**

ബയോഗ്യാസ് പ്ലാന്റുകളിൽ ഇരുകണ്ടെയിനറുകൾക്കിടയിൽ കെട്ടിനിൽക്കുന്ന മലിന ജലത്തിൽ ആർമിജറസ്, ക്യൂലക്സ് തുടങ്ങിയ ഇനം കൊതുകുകളാണ് പെറ്റുപെരുകാൻ സാധ്യത. എന്നാൽ ഉപയോഗരഹിതമായ ബയോഗ്യാസ് പ്ലാന്റുകളിൽ കെട്ടിനിൽക്കുന്ന ജലത്തിൽ ഈഡിസ് കൊതുകുകളും പെരുകുന്നു. ഇത്തരം ടാങ്കുകൾ ഒരു കൊതുകുവലകൊണ്ട് മൂടിയിട്ടിരുന്നാൽ കൊതുകു പെരുകുന്നതൊഴിവാക്കാം.

**മഴവെള്ള സംഭരണികൾ**

ചില സ്ഥലങ്ങളിൽ മഴവെള്ള സംഭരണികൾ ശരിയാംവണ്ണം പ്രവർത്തിക്കുന്നില്ല. ബന്ധം വേർപെട്ട പൈപ്പ് ലൈനുകളിലൂടെയും വിടവുകളിലൂടെയും കൊതുകുകൾ പ്രവേശിച്ച് പെരുകാറുണ്ട്. ചിലയിടങ്ങളിൽ മഴവെള്ള സംഭരണികളിലേക്ക് പൈപ്പുവെള്ളം തന്നെ സംഭരിച്ചു സൂക്ഷിക്കുന്നതായും കൊതുകുറവിടങ്ങളായി മാറുന്നതായും കാണാം. ഉപയോഗശൂന്യമായ മഴവെള്ള സംഭരണികളിലെ ദ്വാരങ്ങളും വിടവുകളും കൊതുകു കടക്കാത്തവിധം ഭദ്രമായി അടയ്ക്കേണ്ടതാണ്.

**സസ്യനഴ്സറികൾ**

ചെടിച്ചട്ടികളിലും ചെറുടാങ്കുകളിലും കെട്ടിനിൽക്കുന്ന വെള്ളം കൊതുകു വർദ്ധനയ്ക്ക് കാരണമായേക്കാം.

**ചെടിച്ചട്ടികളും അക്വേറിയം ടാങ്കുകളും വിൽക്കുന്ന സ്ഥലങ്ങൾ**

സിമന്റുകൊണ്ടും മറ്റും നിർമ്മിച്ച പലതരം ചെടിച്ചട്ടികളും അക്വേറിയം ടാങ്കുകളും വിൽപ്പനയ്ക്കായി അടുക്കി വച്ചിരിക്കുന്ന സ്ഥലങ്ങളിൽ ഇവയിൽ പലതും കൊതുകു പെരുകുന്നതിന് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ഗവേഷണ സ്ഥാപനങ്ങൾ**

ഗവേഷണാവശ്യത്തിനായി ജലസസ്യങ്ങൾ, നെല്ല് മുതലായവ വളർത്തുന്നതിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന ചട്ടികളിലും ടാങ്കുകളിലും കൊതുകു പെരുകുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കണം.

**കൃഷിസ്ഥലങ്ങൾ, പ്ലാന്റേഷനുകൾ**

റബ്ബർതോട്ടങ്ങളിലെ ചിരട്ടകൾ, ഇളകി താഴെ കിടക്കുന്ന റെയിൻ ഗാർഡുകൾ, അടയ്ക്കാമരത്തോട്ടത്തിലെ പാളകൾ തുടങ്ങിയവ വെള്ളം കെട്ടാത്ത രീതിയിൽ ആക്കേണ്ടത് നമുക്കെല്ലാം അറിവുള്ള കാര്യമാണ്. കൊക്കോത്തോട്ടങ്ങൾ, പൈനാപ്പിൾ തുടങ്ങിയവയും ശ്രദ്ധിക്കണം. എലി, തുടങ്ങിയ ജീവികൾ കരണ്ട കേടായതോ പാകമാകാത്തതോ ആയ തേങ്ങ/മച്ചിങ്ങ താഴെവീണ് ഉണങ്ങിയാൽ അതും ജലം കെട്ടിനിന്ന് പ്രശ്നമാകാമെന്നതിനാൽ അവയും കത്തിച്ചുകളയുകയോ കുഴിച്ചുമൂടുകയോ ചെയ്യണം. കാറ്റത്തും മഴയത്തും താഴെ വീഴുന്ന വാഴയുടെ ഇലയിൽ സംഭരിക്കപ്പെടുന്ന ജലംപോലും ഈഡിസ് ബ്രീഡിംഗിനു കാരണമാണ്. അതിനാൽ അത്തരം ഇലകൾ കത്തിക്കുകയോ മൂടുകയോ ചെയ്യണം. ചേമ്പ്, വാഴ തുടങ്ങിയ ചെടികളിൽ ഇലകൾ തണ്ടോടു ചേരുന്നിടത്ത് ജലം കെട്ടിനിൽക്കുന്നതിൽ കൂത്താടികൾ ഉണ്ടോ എന്ന് ശ്രദ്ധിക്കണം.

**ഉറവിടങ്ങൾ അവസാനിക്കുന്നില്ല**

ഈഡിസ് കൊതുകു പെരുകാനുള്ള സാഹചര്യങ്ങൾ ഇവിടെ തീരുന്നില്ല. റെയിൽവേ സ്റ്റേഷനുകളിലും പാളങ്ങളിലും കാണപ്പെടുന്ന കണ്ടെയിനറുകൾ തുടങ്ങി ഉപയോഗശൂന്യമായി കടപ്പുറത്ത് കയറ്റിവച്ചിരിക്കുന്ന ബോട്ടുകളിലും വള്ളങ്ങളിലും മൃഗശാലകളിൽ പക്ഷി മൃഗാദികൾക്ക് കുടിവെള്ളം നൽകുന്ന പാത്രം/ടാങ്കുകളിലും മരക്കൊമ്പിലോ ഗേറ്റിൽ 'കവർ പാൽ' ശേഖരിക്കാൻ വച്ചിരിക്കുന്നതോ ആയ പോളിത്തീൻ കവറുകളിലും കുപ്പിയുടെ അടപ്പുകളിലും ജലജീവികളുടെ ഷെല്ലുകളിലും എന്നുവേണ്ട ആയിരക്കണക്കിന് ഉറവിടങ്ങൾ ഈഡിസ് കൊതുകുകൾക്കായി അറിഞ്ഞും അറിയാതെയും നാം ഒരുക്കിവച്ചിരിക്കുന്നു. കേവലം സാധാരണ മഴക്കാലപൂർവ്വ/മഴക്കാല ശുചീകരണങ്ങളിൽ ഇവ ഒഴിവാക്കപ്പെടുമോ? തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ഒത്തുചേർന്ന് ഇതര വകുപ്പുകളുടെ സഹകരണത്തോടെ സർക്കാർ ഇതര സ്ഥാപനങ്ങളുടേയും സന്നദ്ധസംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഒരു യജ്ഞം കൊണ്ടേ നമുക്കു ലക്ഷ്യം കൈവരിക്കാനാകൂ. ഓർക്കുക ഓടയിൽ കീടനാശിനി തളിച്ചതുകൊണ്ടോ ഫോഗിംഗ് നടത്തിയതുകൊണ്ടോ നമുക്ക് ഒരിക്കലും കൊതുകു രോഗങ്ങളിൽ നിന്നും മുക്തി നേടാനാകില്ല. മേൽ വിവരിച്ചതിൽ നിന്നും രോഗ നിയന്ത്രണ അവലോകന സമിതികളുടെ ശ്രദ്ധ എവിടെയെല്ലാം വേണമെന്ന് ഏകദേശരൂപം ലഭിച്ചുകാണും. കൂട്ടായ യത്നത്തോടെ നിലവിലുള്ള ഉറവിടങ്ങൾ ഇല്ലാതാക്കുക. ആഴ്ചയിൽ ഒരിക്കൽ ഡ്രൈഡേ ആചരിച്ച് സ്ഥായിയായ ഉറവിട നശീകരണം സാധ്യമാക്കുക, കഴിയുന്നിടത്തൊക്കെ ഗപ്പി മത്സ്യങ്ങൾ നിക്ഷേപിച്ച് ജൈവിക നിയന്ത്രണം നടപ്പിലാക്കുക. കീടനാശിനി പ്രയോഗം അത്യാവശ്യ സാഹചര്യങ്ങളിൽ അവസാന മാർഗ്ഗമായി മാത്രം ഉപയോഗിക്കുക. മാറ്റങ്ങൾ തീർച്ചയായും ഉണ്ടാകും. അറിയുക, കൊതുകുജന്യ രോഗങ്ങൾ ഇല്ലാതാക്കാൻ കൊതുകുകളെയെല്ലാം കൊന്നൊടുക്കേണ്ട ആവശ്യമില്ല. അവയുടെ എണ്ണം ഒരു പരിധിയിൽ കവിയാതെ പ്രതിരോധിച്ചാൽത്തന്നെ നമുക്ക് ഈ രോഗങ്ങൾ പൊട്ടിപ്പുറപ്പെടാതെ നിയന്ത്രിക്കാനാകും. നമുക്ക് ഒരുമയോടെ മുന്നേറാം.........

*ലേഖകർ യഥാക്രമം ദേശീയ ഗ്രാമീണ ആരോഗ്യമിഷനിലെ സംസ്ഥാനരോഗ നിയന്ത്രണ അവലോകന സെല്ലിലെ നോഡൽ ഓഫീസറും കൺസൾട്ടന്റുമാണ്.*

# ശുചിത്വ പരീക്ഷണങ്ങൾ പാലക്കാട് മോഡൽ

2009 ജനുവരിയിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസറായി പാലക്കാട് ചാർജ്ജെടുക്കുമ്പോൾ കോട്ടയംകാരിയായ എനിക്ക് പാലക്കാട് തികച്ചും അപരിചിതമായിരുന്നു. സ്ക്കൂളിൽ പഠിക്കുമ്പോൾ മലമ്പുഴ ഡാം കാണാൻ പോയതായിരുന്നു പാലക്കാടുമായുള്ള ഏകബന്ധം. മൃഗാശുപത്രികളും സബ് സെന്ററുകളും ഫാമുകളും ഓഫീസുകളുമായി 216 സ്ഥാപനങ്ങൾ. 500ൽപ്പരം ജീവനക്കാർ ..... നീണ്ടുപരന്നുകിടക്കുന്ന വിശാലമായ ജില്ല......സ്നേഹമുള്ള ആളുകൾ......

ചാർജ്ജെടുത്ത് ഏറെകഴിയും മുമ്പേ ഇൻസ്പെക്ഷന്റെ ഭാഗമായും ജീവനക്കാരെ പരിചയപ്പെടുന്നതിനുമായി കിട്ടിയ സമയത്തൊക്കെ സ്ഥാപനങ്ങൾ സന്ദർശിച്ചു. എന്നെ അതിശയിപ്പിച്ച ഒരു കാര്യം മിക്ക സ്ഥാപനങ്ങൾക്കും 20 സെന്റു മുതൽ 2 ഏക്കർ വരെ സ്ഥലമുണ്ടെന്നുള്ളതായിരുന്നു. സ്വാഭാവികമായും കാടുപിടിച്ച് സർപ്പക്കാവു പോലെ. ചില സ്ഥാപനങ്ങൾ ശുചിത്വ കാര്യത്തിൽ പിന്നോക്കാവസ്ഥയിൽ..... അടുക്കും ചിട്ടയുമില്ലാത്ത സ്റ്റോറും വൃത്തിയില്ലാത്ത ടോയിലറ്റുകളും മുഷിഞ്ഞ രജിസ്റ്ററുകളും.

ജില്ലയിൽ എല്ലാ മാസവും രണ്ടാമത്തെ പ്രവൃത്തി ദിവസം നടത്തുന്ന വെറ്ററിനറി ഡോക്ടർമാരുടെ കോൺഫ്രൻസിൽ ശുചിത്വത്തിന്റെ പ്രാധാന്യത്തെപ്പറ്റി വാചാലയായെങ്കിലും കേൾവിക്കാരുടെ മുഖത്ത് കാര്യമായ പ്രതികരണമൊന്നും കണ്ടില്ല.

മഴക്കാല പൂർവ്വശുചീകരണം......മാലിന്യമുക്ത കേരളം.........ഏപ്രിൽ, മെയ് മാസങ്ങളിൽ കളക്ടറുടെ മീറ്റിംഗുകൾ മുറയ്ക്കു നടന്നു. പ്രൊഫോർമകൾ പലതും പൂരിപ്പിച്ചു. ഫീൽഡിലേക്കു പൂരിപ്പിക്കാനായി കൊടുത്ത പ്രൊഫോർമകൾ പൂരിപ്പിച്ച് തിരികെ വാങ്ങൽ ശ്രമകരമായിരുന്നു.

ശുചിത്വ മീറ്റിംഗുകൾ നടത്തിയതുകൊണ്ടോ പ്രൊഫോർമകൾ പലതും പൂരിപ്പിച്ചതുകൊണ്ടോ ശുചിത്വം വരില്ലെന്ന തിരിച്ചറിവ് .........ശുചിത്വ സന്ദേശം ജില്ലയിലെ എല്ലാ സ്ഥാപനങ്ങളിലുമെത്തിക്കാൻ തീവ്രശ്രമം നടത്താൻ പ്രേരണയായി. ജില്ലയിലെ സീനിയർ ഓഫീസർമാരുടെ (ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ) മീറ്റിംഗ് വിളിച്ചു. ശുചിത്വം പരിശോധിക്കാനൊരു സംവിധാനം........ ഏതു കാര്യവും ചോദിക്കാനും പറയാനും പ്രോത്സാഹിപ്പിക്കാനും മുകളിൽ ആളുണ്ടായാലേ ചൂടുണ്ടാകൂ. ഇതായിരുന്നു മീറ്റിംഗിൽ ഉരുത്തിരിഞ്ഞു വന്ന അഭിപ്രായം. സീനിയർ ഓഫീസർമാരെ ശുചിത്വ പരിശോധനയ്ക്കു ചുമതലപ്പെടുത്താം എന്നും തീരുമാനിച്ചു. എന്തൊക്കെ പരിശോധിക്കണം. ചർച്ചകൾ നീണ്ടു. ഓരോ സ്ഥാപനത്തിന്റേയും ശുചിത്വമളക്കാൻ മാനദണ്ഡങ്ങളും മാർക്കും തീരുമാനമായി.

1. വെള്ളം കെട്ടി നില്ക്കാത്ത അവസ്ഥ
2. പൊതു ശുചിത്വം
3. മുറ്റം, പരിസരം
4. പൂന്തോട്ടം, തീറ്റപ്പുൽ കൃഷി
5. സ്റ്റോർ, ഡിസ്പെൻസിംഗ് റൂം
6. രജിസ്റ്ററുകൾ
7. മാലിന്യ നിർമ്മാർജ്ജനം

വിവരങ്ങൾ ഓഫീസ് തലവന്മാരെ അറിയിച്ചു. സ്ഥാപനവും പരിസരവും ശുചീകരിക്കാൻ ഒരു മാസം സമയം. മടിയന്മാരും മടിച്ചികളും സമയം പോരെന്ന് പരാതിപ്പെട്ടു. ഫണ്ടുണ്ടോ? മറ്റു ചിലർ.

അഞ്ചു താലൂക്കുകളാണ് പാലക്കാടു ജില്ലയിൽ. ഓരോ താലൂക്കിലേയും സ്ഥാപനങ്ങൾ പരിശോധിക്കാൻ സീനിയർ പുരുഷ ഓഫീസറും വനിതാ ഓഫീസറുമടങ്ങുന്ന ടീം. ടീമിന് പരിശോധനയ്ക്കു പോകാൻ വാഹനം നൽകി. ജോലിത്തിരക്കിനിടയിൽ ശുചിത്വ പരിശോധന ഡ്യൂട്ടി അവർ സന്തോഷത്തോടെ ഏറ്റെടുത്തു. ജോലി സമയം കഴിഞ്ഞും അവർ മടികൂടാതെ ഏറ്റെടുത്ത ജോലി നിർവ്വഹിച്ചു.

പരിശോധനാ ടീം ചെല്ലുന്നതിന് ഒരാഴ്ചമുമ്പ് അതാതു സ്ഥാപനങ്ങളെ വിളിച്ചറിയിച്ചു. ഏതു കാര്യവും പതിനൊന്നാം മണിക്കൂറിൽ ചെയ്യുന്നവർ സാവകാശം ചോദിച്ചു. അനുവദിച്ചു (വൃത്തിയാക്കിക്കുക എന്നതാണല്ലോ ലക്ഷ്യം). ഭൂരിഭാഗം ഓഫീസർമാരും ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റെഡിയായി പരിശോധിച്ചോ എന്ന മട്ടിലായിരുന്നു.

സ്ഥാപനവും, പരിസരവും പരിശോധനാ ടീം എത്തും മുമ്പേ വൃത്തിയാക്കാൻ സ്ഥാപനത്തിന്റെ ചുമതലയുള്ള ഓഫീസർമാർ (വെറ്ററിനറി സർജൻ, സീനിയർ വെറ്ററിനറി സർജൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ) പല മാർഗ്ഗങ്ങൾ സ്വീകരിച്ചു. ചിലർ പഞ്ചായത്തിന്റെ സഹായം തേടി. മറ്റു ചിലർ സ്വന്തം കീശയിൽ നിന്ന് പണംകൊടുത്ത് ആളെ വിളിച്ച് പരിസരത്തെ കാടു തെളിച്ച് വൃത്തിയാക്കി. ഭൂരിഭാഗം ഓഫീസുകളിലും ശുചിയാക്കൽ, ഓഫീസ് തലവനും ജീവനക്കാരും ഒത്തുചേർന്ന് ഒരു കൂട്ടായ്മായായി, ഒത്തൊരുമിച്ച് അടുക്കലും പെറുക്കലും കാടു തെളിക്കലും പൂന്തോട്ട നിർമ്മാണവും തീറ്റപ്പുൽ കൃഷിയും....സ്റ്റോറിൽ അലങ്കോലപ്പെട്ടു കിടന്ന മരുന്നുകുപ്പികൾ ഷെൽഫുകളിൽ നിരനിരയായി...അടുക്കിവെച്ചപ്പോൾ കാണാനെന്തു ഭംഗി. അഴുക്കുപിടിച്ച് നിറം മങ്ങിയ രജിസ്റ്ററുകൾ ബ്രൗൺ പേപ്പറിട്ട് പൊതിഞ്ഞ് ലേബലൊട്ടിച്ച് അടുക്കിവച്ചപ്പോൾ നല്ല ശേല്.

'എല്ലാവരും കൊണ്ടുപിടിച്ച വൃത്തിയാക്കലാണ്.' ദിവസേന പരിശോധനാ ടീമിന്റെ റിപ്പോർട്ടുകൾ എത്തിക്കൊണ്ടിരുന്നു. ശുചിത്വ സന്ദേശം ജില്ലയിലെ എല്ലാ സ്ഥാപനങ്ങളിലും എത്തിക്കാനായെന്നും എല്ലാവരും ശുചിത്വ തീവ്രയജ്ഞത്തിലുമാണെന്ന അറിവ് മനസ്സ് കുളിർപ്പിച്ചു.

ഓരോ സ്ഥാപനത്തിനും ഓരോ ഐറ്റത്തിനും ലഭിച്ച മാർക്കു സഹിതം പരിശോധനാ ടീം റിപ്പോർട്ട് സമർപ്പിച്ചു. 5 റിപ്പോർട്ടുകളും ഒന്നിപ്പിച്ചപ്പോൾ ഓരോ സ്ഥാപനത്തിന്റെയും ശുചിത്വ നിലവാരവും പോരായ്മ എന്താണെന്നും ഒറ്റനോട്ടത്തിൽ മനസ്സിലായി. 10ൽ 8ൽ കൂടുതൽ മാർക്കു ലഭിച്ചവരെ ജില്ലാ മീറ്റിംഗിൽ പ്രത്യേകം അനുമോദിച്ചു. (അത് അവർക്ക് വലിയ അവാർഡുപോലെയായി). 5ൽ താഴെ മാർക്കു ലഭിച്ചവർക്ക് നന്നാക്കാൻ ഒരവസരംകൂടി നൽകി. സേ പരീക്ഷയെഴുതി പിറ്റത്തേ മാസം അവരും പാസ്സ് മാർക്ക് വാങ്ങി.

താലൂക്കുകളിൽ ഒന്നാമതെത്തിയ സ്ഥാപനങ്ങളിൽ നിന്ന് ജില്ലയിൽ ഏറ്റവും ശുചിത്വമുള്ള സ്ഥാപനം കണ്ടെത്തിയത് ജില്ലാ ഓഫീസറും ഡെപ്യൂട്ടി ഡയറക്ടറും ചേർന്ന്. മുൻ ഡെപ്യൂട്ടി സ്പീക്കർ ജോസ് ബേബിയിൽ നിന്നും അവാർഡിന് അർഹരായ സ്ഥാപനത്തിലെ ജീവനക്കാർ ഒന്നുചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

**ഡോ. മരിയ ലിസ മാത്യു**



# തീരദേശ നിയന്ത്രണ വിജ്ഞാപനം 2011

# വിജ്ഞാപനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

ഡോ. പി. ഹരിനാരായണൻ

തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും തീരദേശത്തിന്റെ സുസ്ഥിര വികസനം കൈവരിക്കുന്നതിനും വേണ്ടിയുള്ള ദേശീയ സമീപനത്തിന്റെ ആദ്യപടിയായിട്ടാണ് പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി കേന്ദ്രസർക്കാർ 1991 ൽ തീരദേശ നിയന്ത്രണ നിയമം വിജ്ഞാപനം ചെയ്തത്. എന്നാൽ 2011 ൽ പ്രസ്തുത വിജ്ഞാപനം പരിഷ്ക്കരിക്കുന്നതിനായി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഈ നിയമപ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ കരയിലേക്ക് മാറിയും കടലുമായി ബന്ധപ്പെട്ടിരിക്കുന്നതും വേലിയേറ്റയിറക്കങ്ങൾ സ്വാധീനിക്കപ്പെടുന്നതുമായ ജലാശയങ്ങളിൽ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേക്ക് നൂറു മീറ്റർ വരെയുള്ള പ്രദേശത്ത് അല്ലെങ്കിൽ അവയുടെ വീതിക്കു തത്തുല്യമായതോ, ഏതാണ് കുറവ് അത്രയും ദൂരം ഇരു കരകളിലേക്കുമുള്ള പ്രദേശം സി. ആർ. സെഡ്. ബാധകമായിരിക്കും. (കടലിലെ വേലിയേറ്റങ്ങളുടെ ഫലങ്ങളുടെ സ്വാധീനം ബാധകമായ ജലാശയങ്ങളെയാണ് വേലിയേറ്റയിറക്കങ്ങളാൽ സ്വാധീനിക്കപ്പെടുന്നവയുടെ ഗണത്തിൽ ഉൾപ്പെടുത്തുന്നത്.) വേലിയേറ്റ സ്വാധീനത്തിൽപെടുന്ന

**വിജ്ഞാപനത്തിന്റെ ആവശ്യങ്ങൾക്കായി വേലിയേറ്റരേഖ എന്നത് സ്പ്രിംഗ് ടൈഡിന്റെ സമയത്ത് ജലനിരപ്പെത്തുന്ന ഏറ്റവും ഉയർന്ന രേഖ എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. വേലിയേറ്റ രേഖ രാജ്യത്തിന്റെ എല്ലാഭാഗത്തും ഒരേ തോതിൽ രേഖപ്പെടുത്തേണ്ടതുണ്ട്. കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന പൊതുമാർഗ്ഗ നിർദേശങ്ങൾക്കനുസരിച്ച് രേഖപ്പെടുത്തൽ അതോറിറ്റി അല്ലെങ്കിൽ അതോറിറ്റികളാണ് ഇപ്രകാരം രേഖ നിശ്ചയിക്കേണ്ടത്.**

അത്തരം ജലാശയങ്ങളിൽ എത്രദൂരത്തേക്ക് വികസന പ്രവർത്തനങ്ങൾക്കു നിരോധനം ഏർപ്പെടുത്തുമെന്നത് നിശ്ചയിക്കുന്നത് എത്ര ദൂരത്തേക്ക് വേലിയേറ്റ സ്വാധീനം പ്രകടമാകുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഒരുവർഷത്തെ ഏറ്റവും വരണ്ട കാലത്ത് അഞ്ചു പി.പി.റ്റി. (ആയിരത്തിൽ എത്ര ഘടകം) ലവണസാന്ദ്രത ഏതു പ്രദേശത്തുവരെ അനുഭവപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വേലിയേറ്റ സ്വാധീനത്തിൽ വരുന്ന പ്രദേശം കൃത്യമായി വേർതിരിക്കുന്നത്.

അതുപോലെ തന്നെ കരയുടെ ദിശയിൽ വേലിയേറ്റ രേഖയ്ക്കും ആപൽസാധ്യതാ രേഖയ്ക്കും മധ്യേവരുന്ന ഭൂഭാഗം (വേലിയേറ്റയിറക്കങ്ങൾ, തിരകൾ, കടൽ ജലനിരപ്പിന്റെ ഉയർച്ച, തീരരേഖയിലുണ്ടാകുന്ന മാറ്റം എന്നിവയുടെ അടിസ്ഥാനത്തിൽ സർവേ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ വനം, പരിസ്ഥിതി മന്ത്രാലയം തീരുമാനിക്കുന്ന രേഖയാണ് ആപൽ സാധ്യതാരേഖ), വേലിയേറ്റ





രേഖയ്ക്കും വേലിയിറക്ക രേഖയ്ക്കും മധ്യേവരുന്ന സ്ഥലം, 1991 ലെ വിജ്ഞാപനത്തിൽ നിന്നും വ്യത്യസ്തമായി ജലഭാഗവും നിയന്ത്രണ വിജ്ഞാപനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കടലിന്റെ കാര്യത്തിൽ വേലിയിറക്ക രേഖമുതൽ ഉപരിതല ജലപരിധി (12 നോട്ടിക്കൽ മൈൽ) വരെയുള്ള ജലഭാഗവും വേലിയേറ്റ സ്വാധീനത്തിൽ വരുന്ന ജലാശയങ്ങളിൽ വേലിയേറ്റ രേഖമുതൽ വേലിയിറക്ക രേഖവരെയുള്ള പ്രദേശം എന്നിവയും ഉൾപ്പെടുന്നു.

ഈ വിജ്ഞാപനത്തിന്റെ ആവശ്യങ്ങൾക്കായി വേലിയേറ്റ രേഖ എന്നത് സ്പ്രിംഗ് ടൈഡിന്റെ സമയത്ത് ജലനിരപ്പെത്തുന്ന ഏറ്റവും ഉയർന്ന രേഖ എന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. വേലിയേറ്റ രേഖ രാജ്യത്തിന്റെ എല്ലാഭാഗത്തും ഒരേ തോതിൽ രേഖപ്പെടുത്തേണ്ടതുണ്ട്. കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന പൊതുമാർഗ്ഗ നിർദേശങ്ങൾക്കനുസരിച്ച് രേഖപ്പെടുത്തൽ അതോറിറ്റി അല്ലെങ്കിൽ അതോറിറ്റികളാണ് ഇപ്രകാരം രേഖ നിശ്ചയിക്കേണ്ടത്.

തീരമേഖലയെയും സമുദ്രജലമേഖലയെയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ സി.ആർ. സെഡ്. പ്രദേശങ്ങളെ ചുവടെ പറയുന്ന രീതിയിൽ തരം തിരിച്ചിട്ടുണ്ട്. ഇതിൽ സി.ആർ.സെഡ്. IV ജലഭാഗത്തെ സംബന്ധിച്ചാണ്.

**(I) സി.ആർ. സെഡ്. – I**

A. പാരിസ്ഥിതികമായി ദുർബലവും തീരമേഖലയുടെ സുരക്ഷയെ നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതുമായ പ്രദേശങ്ങൾ. സി.ആർ.സെഡ്. – I ഗണത്തിൽ ഇനി പറയുന്നവ ഉൾപ്പെടുന്നു.

(a) കണ്ടൽ മേഖലകൾ. ഇത് 1000 ചതുരശ്ര മീറ്ററിലധികം വരുന്നുവെങ്കിൽ 50 മീറ്ററിന്റെ കരുതൽ മേഖല കൂടി അതിലുൾപ്പെടുത്തുന്നതാണ്. (b) പവിഴപ്പുറ്റുകളും അവയുൾപ്പെട്ട പാറക്കൂട്ടങ്ങളും അവയോടനുബന്ധിച്ചുള്ള ജൈവവൈവിധ്യവും. (c) മണൽക്കുന്നുകൾ. (d) ജൈവപരമായി സചേതനമായ ചേറുപരപ്പുകൾ. (e) ദേശീയ പാർക്കുകൾ, സമുദ്രപാർക്കുകൾ, വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ, സംരക്ഷിത വനങ്ങൾ, വന്യജീവി ആവാസ വ്യവസ്ഥകൾ, വന്യജീവി (സംരക്ഷണ) നിയമം 1972 (1972ന്റെ 53), കൂടാതെ വന (പരിപാലന) നിയമം, 1980 പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 (1986ന്റെ 29) എന്നിവയുടെ കീഴിൽ വരുന്ന സംരക്ഷിത ജൈവ സങ്കേതമുൾപ്പെടെയുള്ള മറ്റു പ്രദേശങ്ങൾ. (f) ഉപ്പുപാടങ്ങൾ. (g) ആമകളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ. (h) കുതിരലാടത്തിന്റെ ആകൃതിയിൽ ഞണ്ടുകളുടെ

**കേരളത്തിലെ എല്ലാ കായൽ ദ്വീപുകളും സി.ആർ.സെഡ് വിജ്ഞാപനത്തിന്റെ പരിധിയിൽ പെടുത്തിയിട്ടുണ്ട്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ കരയിലേക്കാണ് ഇവിടങ്ങളിലെ സി.ആർ.സെഡ്. ഈ പ്രദേശത്ത് തദ്ദേശവാസികളുടെ വസതികൾ പുതുക്കുന്നതും പുനർനിർമ്മിക്കുന്നതും അനുവദനീയമാണ്. അതുപോലെ തന്നെ വലനന്നാക്കാനുള്ള കേന്ദ്രങ്ങൾ, പരമ്പരാഗത രീതിയിലുള്ള മീൻ സംസ്ക്കരണ സംവിധാനം, ബോട്ടുകൾ റിപ്പയർ ചെയ്യാനുള്ള സംവിധാനം, ഐസ് പ്ലാന്റുകൾ, ഐസ് സൂക്ഷിക്കാനുള്ള സംവിധാനം എന്നിവ അനുവദനീയമാണ്.**

ആവാസ സങ്കേതങ്ങൾ. (i) കടൽപ്പായൽത്തിട്ടകൾ. (j) പക്ഷികളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ. (k) പുരാവസ്തു വകുപ്പു പ്രകാരം പ്രാധാന്യമുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ ഘടനകൾ, പൈതൃക സങ്കേതങ്ങൾ എന്നിവ.

B. വേലിയേറ്റ രേഖയ്ക്കും വേലിയിറക്ക രേഖയ്ക്കുമിടയിലെ പ്രദേശങ്ങൾ.

C. കടൽ നിരപ്പുയരുന്നതുവഴി വെള്ളപ്പൊക്കത്തിനു സാധ്യതയുള്ള മേഖലകൾ

**(II). സി.ആർ. സെഡ്. – II**

തീരരേഖവരെയോ അതിനടുത്ത് വരെയോ വികസിപ്പിച്ചിട്ടുള്ള പ്രദേശങ്ങൾ. ഈ പട്ടികയിൽ 'വികസിത മേഖല'' എന്ന് ഉദ്ദേശിക്കുന്നത് മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ നിയമപരമായി നിർദേശിക്കപ്പെട്ടിട്ടുള്ളതും നല്ലനിലയിൽ നിർമ്മിച്ചിട്ടുള്ളതും അപ്രോച്ച് റോഡുകൾ, മലിനജലനിർഗമന സംവിധാനങ്ങൾ എന്നിവയും ജലവിതരണം, ഓടകൾ തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുമുള്ള പ്രദേശങ്ങൾ എന്നാണ്.

**(III) സി.ആർ. സെഡ്. – III**

ഒന്നാം ഗണത്തിലോ രണ്ടാം ഗണത്തിലോ ഉൾപ്പെടാത്തതും താരതമ്യേന സ്വച്ഛവുമായ മേഖലകൾ. ഗ്രാമപ്രദേശങ്ങളിലെ (വികസിതവും അവികസിതവും) തീരമേഖലകളും മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങളും നിയമപ്രകാരം നിർദേശിക്കപ്പെട്ടിട്ടുള്ളതും എന്നാൽ കാര്യമായ രീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടക്കാത്തതുമായ മേഖലകളും ഇതിലുൾപ്പെടുന്നു.

**(IV) സി.ആർ. സെഡ്. – IV**

A. വേലിയേറ്റ രേഖയിൽ നിന്ന് ഉള്ളിലേക്ക് കടലിനുനേർക്ക് 12 നോട്ടിക്കൽ മൈൽ ദൂരത്തിലുള്ള ജലമേഖല.

B. വേലിയേറ്റ സ്വാധീനത്തിലുൾപ്പെടുന്ന ജലാശയങ്ങളുടെ സമുദ്രവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ജലമുഖം മുതൽ മൊത്തം ജലാശയം ഇതിലുൾപ്പെടുന്നു. (ഒരുവർഷത്തെ ഏറ്റവും ഉണക്കേറിയ കാലത്ത് ആയിരത്തിൽ അഞ്ച് ഭാഗം എന്ന തോതിൽ ലവണാംശം നിശ്ചയിച്ചാണ് വേലിയേറ്റ സ്വാധീനം അളക്കുന്നത്.)

**(V). പ്രത്യേക പരിഗണന ആവശ്യമായ പ്രദേശങ്ങൾ**

കേരളത്തിലെ കായൽത്തുരുത്തുകളെ പ്രത്യേക പരിഗണന ആവശ്യമായ പ്രദേശങ്ങൾ എന്ന രീതിയിൽ പരിഗണിച്ചിട്ടുണ്ട്.

**പൊതുവായി നിരോധിക്കപ്പെട്ട പ്രവർത്തനങ്ങൾ**

2011 ലെ വിജ്ഞാപനത്തിൽ 1991 ലെ വിജ്ഞാപനം പോലെ തന്നെ മത്സ്യ സംസ്ക്കരണ ശാലകൾ ഉൾപ്പെടെയുള്ള പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുക, മാലിന്യ നിക്ഷേപം, മാലിന്യ



സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക, ഭൂമി നികത്തൽ, തുടങ്ങി പതിമൂന്നോളം പ്രവൃത്തികൾ തീരനിയന്ത്രണമേഖലയിൽ പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. തീരത്തുനിന്നും 200 മീ. വരെയുള്ള ഭാഗത്തുനിന്ന് ഭൂജലം പമ്പ് ചെയ്ത് എടുക്കുന്നതും നിരോധിത പ്രവർത്തനത്തിൽപ്പെടുന്നു. എന്നാൽ വേലിയേറ്റ മേഖലയിൽ നിന്നും 50 മീ. കഴിഞ്ഞ് കുടിവെള്ളത്തിനും വീട്ടാവശ്യങ്ങൾക്കും മാത്രമായി സാധാരണ കിണറുകളിൽ നിന്നോ, ഹാൻഡ് പമ്പുകൾ ഉപയോഗിച്ചോ നിബന്ധനകൾക്കു വിധേയമായി ഭൂജലമെടുക്കാവുന്നതാണ്.

**പ്രവർത്തന നിയന്ത്രണ മാനദണ്ഡങ്ങൾ**

വിവിധതരത്തിൽപ്പെട്ട സി.ആർ. സെഡ് മേഖലകളിൽ വികസന, നിർമ്മാണ പ്രവർത്തനങ്ങൾ താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം നിയന്ത്രിക്കേണ്ടതാണ്.

**1. സി.ആർ.സെഡ് – I**

(i) ചുവടെ പറയുന്നവയൊഴികെ യാതൊരുവിധ പുതിയ നിർമ്മാണ പ്രവർത്തനങ്ങളും സി.ആർ.സെഡിൽ അനുവദിക്കുന്നതല്ല.

(a) ആണവോർജ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ, (b) സംപ്രേഷണ കേബിളുകളുൾപ്പെടെയുള്ള ശ്രേണികളെ വഹിക്കുന്ന കുഴൽനിരകൾ, (c) സി.ആർ. സെഡ്. – I നു കീഴിൽ അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് അനിവാര്യമായ സൗകര്യങ്ങൾ, (d) ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവർത്തനങ്ങൾക്കായി കാലാവസ്ഥാ നിരീക്ഷണോപകരണങ്ങൾ സ്ഥാപിക്കൽ, (e) വേലിയേറ്റരേഖയ്ക്കും വേലിയിറക്ക രേഖയ്ക്കുമിടയിലെ തിരയൊഴുക്കിനെ ബാധിക്കാത്ത പൊയ്ക്കാലുകളിലോ, തൂണുകളിലോ, തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള കടൽപ്പാതകളോ അനുബന്ധനങ്ങളോ ലിങ്കുകളോ നിർമ്മിക്കൽ.

(ii). വേലിയേറ്റ രേഖയുടെയും വേലിയിറക്ക രേഖയുടെയും ഇടയ്ക്കുള്ള, പാരിസ്ഥിതികമായി ദുർബലമല്ലാത്തതോ പ്രധാനമല്ലാത്തതോ ആയ പ്രദേശങ്ങളിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ അനുവദിക്കുന്നതാണ്.

(a) പ്രകൃതിവാതക പര്യവേഷണവും ശേഖരണവും, (b) ഖണ്ഡിക 2 ൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവർത്തനങ്ങൾ, (c) സംരക്ഷിത ജൈവ മണ്ഡലങ്ങളിൽ പരമ്പരാഗതമായി അധിവസിച്ചുപോരുന്ന ജനവിഭാഗങ്ങളുടെ ഉപയോഗത്തിലേക്കായി ചികിത്സാലയങ്ങളും സ്കൂളുകളും മഴമറകളും പൊതുശൗചപ്പുരകളും പാലങ്ങളും റോഡുകളും ജെട്ടികളും ജലവിതരണ സംവിധാനങ്ങളും മലിനജല നിർഗമനോപാധികളും ബന്ധപ്പെട്ട സി. സെഡ്. എം. അധികൃതരുടെ അനുമതിയോടെ നിർമ്മിക്കൽ. അപായമേഖലയിലുൾപ്പെട്ട പ്രദേശങ്ങളിൽ ഇത്തരം വികസന പ്രവർത്തനങ്ങൾ അനുവദിക്കുമ്പോൾ അനിവാര്യമായ സുരക്ഷാനടപടികൾ കൂടി വ്യവസ്ഥയിൽ ഉൾപ്പെടുത്തേണ്ടതാണ്, (d) കടൽവെള്ളം വറ്റിച്ച് ഉപ്പുണ്ടാക്കൽ, (e) നിർലവണീകരണ പ്ലാന്റുകൾ, (f) പ്രത്യേക വിജ്ഞാപനം ചെയ്തിട്ടുള്ള തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്., (g) തിരയൊഴുക്കിനെ ബാധിക്കാതെ അഴിമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് തൂണുകളോ കടൽപ്പാതകളോ അനുബന്ധ ശൃംഖലകളോ നിർമ്മിക്കൽ.

**2. സി. ആർ. സെഡ് – II**

i. 1991ൽ നിലവിലുള്ള റോഡുകളുടെയോ അംഗീകൃത കെട്ടിടങ്ങളുടെയോ കരയോടുചേർന്നുള്ള ഭാഗത്തുമാത്രം കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകുന്നതാണ്. നിലവിലുള്ളതും റോഡുകളുടെയോ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെയോ കരയോടു ചേർന്നുള്ള ഭാഗത്തു അനുവദിക്കുന്ന കെട്ടിടങ്ങൾ, 19.02.1991ൽ നിലവിലുള്ള തറവിസ്തൃതി സൂചക തറവിസ്തൃതി അനുപാതനിയമത്തിനു വിധേയമായിരിക്കും.

ii. നിലവിലുള്ള തറവിസ്തൃതി സൂചക /തറവിസ്തൃതി അനുപാത നിബന്ധനകൾക്കനുസൃതമായും എന്നാൽ നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും അംഗീകൃത കെട്ടിടങ്ങൾക്ക് പുനർനിർമ്മാണം അനുവദിക്കുന്നതാണ്.

iii. പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ദ്രാവകരൂപത്തിലാക്കിയ പ്രകൃതിവാതകത്തിന്റെയും സ്വീകരണ-സംഭരണ സൗകര്യങ്ങൾ വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന രീതിയിലും ദ്രാവക രൂപത്തിലെ പ്രകൃതിവാതകത്തിന്റെ പുനർബാഷ്പീകരണത്തിനുള്ള സൗകര്യങ്ങൾ വ്യവസ്ഥകൾക്ക് വിധേയവുമായി അനുവദനീയമാണ്.

**3. സി. ആർ. സെഡ് – III**

അവികസിത പ്രദേശങ്ങളാണ് സി. ആർ.സെഡ് – III വിഭാഗത്തിൽ വരുന്നത്. കേരളത്തിലെ എല്ലാ തീരദേശ പഞ്ചായത്തുകളിലേയും CRZ-Iൽപ്പെടാത്ത തീരനിയന്ത്രണ പ്രദേശം CRZ-III ൽ പെടുന്നു. സി.ആർ.സെഡ് IIIലെ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് കരയിലേക്ക് 200 മീറ്റർ വരെയും വേലിയേറ്റ സ്വാധീനമുള്ള ജലാശയങ്ങളുടെ 100 മീറ്റർ വരെയും വികസന രഹിത മേഖലയായാണ് തരംതിരിച്ചിട്ടുള്ളത്. ഇത്തരം പ്രദേശങ്ങളിൽ നിയന്ത്രണ വിധേയമായി നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ പുനർനിർമ്മാണം അനുവദനീയമാണ്. അതുപോലെ തന്നെ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ പരമ്പരാഗതമായി താമസിക്കുന്ന മത്സ്യതൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് ഭവനം നിർമ്മിക്കുന്നതിനായി ഒരു സംയോജിത പദ്ധതി ഉണ്ടാക്കി കേന്ദ്ര അംഗീകാരം ലഭിച്ചാൽ അനുമതി നൽകാവുന്നതാണ്. കൂടാതെ തദ്ദേശവാസികൾക്കായുള്ള വല നന്നാക്കാനുള്ള കേന്ദ്രങ്ങൾ, പരമ്പരാഗത രീതിയിലുള്ള മീൻ സംസ്ക്കരണ സംവിധാനം, ബോട്ടുകൾ റിപ്പയർ ചെയ്യാനുള്ള സംവിധാനം, ഐസ് പ്ലാന്റുകൾ, ഐസ് സൂക്ഷിക്കാനുള്ള സംവിധാനം എന്നിവ അനുവദനീയമാണ്. ജലവിതരണം, ഡ്രെയിനേജ്, തദ്ദേശ വാസികൾക്കു വേണ്ടിയുള്ള ഡിസ്പെൻസറികൾ, സ്ക്കൂളുകൾ, റോഡുകൾ, പാലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കും നിബന്ധനകൾക്കു വിധേയമായി അനുമതിക്കായി തീരദേശ മാനേജ്മെന്റ് അതോറിറ്റിയെ സമീപിക്കാവുന്നതാണ്.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള ഭാഗത്ത് പരമ്പരാഗത തീരദേശവാസികൾക്ക് വീടുകളും, ടൂറിസ്റ്റ് റിസോർട്ടുകളും പണിയാൻ നിബന്ധനകൾക്കു വിധേയമായി അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. ഇതിൽ ടൂറിസ്റ്റ് റിസോർട്ടുകൾക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമാണ്. വീടുകൾ നിർമ്മിക്കാനും പുനർനിർമ്മിക്കാനും പ്രത്യേകം വ്യവസ്ഥകൾ നിലവിലുണ്ട്. ഇവിടെ തദ്ദേശ വാസികൾക്കുള്ള ജലവിതരണം, ഡിസ്പെൻസറികൾ, സ്ക്കൂളുകൾ, റോഡുകൾ, പാലങ്ങൾ മുതലായ പൊതുസൗകര്യങ്ങളുടെ നിർമ്മാണം എന്നിവ നിബന്ധനകൾക്കു വിധേയമായി അനുവദനീയമാണ്.

**4. സി. ആർ. സെഡ് – IV**

അസംസ്കൃത മലിനജലവും ദ്രാവക രൂപത്തിലോ ഖരരൂപത്തിലോ ഉള്ള മാലിന്യങ്ങളും പുറംതള്ളുകയോ കുന്നുകൂടി വയ്ക്കുകയോ ചെയ്യുവാൻ പാടില്ല. നഗരത്തിൽ നിന്ന് നിർഗ്ഗമിക്കുന്ന മലിനജല ത്തിന്റെ സംസ്ക്കരണത്തിന് ഒരു സമഗ്ര പദ്ധതി, ഈ വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനകം രൂപകല്പന ചെയ്യേണ്ടതും പിന്നീട് രണ്ട് വർഷത്തിനകം നടപ്പാക്കേണ്ടതുമാണ്.

തദ്ദേശ ജനസമൂഹങ്ങൾ നടത്തിവരുന്ന മത്സ്യബന്ധനത്തിനും അതോടുബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും നിയന്ത്രണ മേർപ്പെടുത്തുന്നതല്ല.

**പ്രത്യേക പരിഗണന ആവശ്യമായ പ്രദേശം**

കേരളത്തിലെ എല്ലാ കായൽ ദ്വീപുകളും സി.ആർ.സെഡ് വിജ്ഞാപനത്തിന്റെ പരിധിയിൽ പെടുത്തിയിട്ടുണ്ട്. വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ കരയിലേക്കാണ് ഇവിടങ്ങളിലെ സി. ആർ.സെഡ്. ഈ പ്രദേശത്ത് തദ്ദേശവാസികളുടെ വസതികൾ പുതുക്കുന്നതും പുനർനിർമ്മിക്കുന്നതും അനുവദനീയമാണ്. അതുപോലെ തന്നെ വല നന്നാക്കാനുള്ള കേന്ദ്രങ്ങൾ, പരമ്പരാഗത രീതിയിലുള്ള മീൻ സംസ്ക്കരണ സംവിധാനം, ബോട്ടുകൾ റിപ്പയർ ചെയ്യാനുള്ള സംവിധാനം, ഐസ് പ്ലാന്റുകൾ, ഐസ് സൂക്ഷിക്കാനുള്ള സംവിധാനം എന്നിവ അനുവദനീയമാണ്. കായൽ ദ്വീപുകളിൽ തന്നെ 50 മീറ്ററിനു മുകളിൽ തദ്ദേശവാസികൾക്ക് വസതി നിർമ്മിക്കുവാനുള്ള അനുവാദം പഞ്ചായത്തുകൾക്ക് നൽകാവുന്നതാണെന്ന് വിജ്ഞാപനത്തിൽ നിർദേശിക്കുന്നു.

1991ലെ സി.ആർ.സെഡ്. വിജ്ഞാപനത്തിൽ നിന്നും വളരെ വ്യത്യസ്തമായി പാരിസ്ഥിതികമായി വളരെ പ്രധാനമെന്ന് കണ്ടെത്തി വേമ്പനാട് കായലിനെ അതീവ ഗുരുതരമാംവിധം ആപത് ഭീഷണിയുള്ള മേഖലയെന്ന് പ്രഖ്യാപിക്കേണ്ടതാണെന്ന് വിജ്ഞാപനത്തിൽ പറ യുന്നു. വേമ്പനാടിന്റെ സി.ആർ.സെഡ്. പ്രദേശത്തിന്റെ സംരക്ഷണത്തിനായി ഒരു സമഗ്രമായ പരിപാലന പദ്ധതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ നിർമാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുകയുള്ളു. അത്തരം ഒരു സമഗ്ര പരിപാലന പദ്ധതിക്ക് അംഗീകാരം ലഭിച്ച് വിജ്ഞാപനം പുറപ്പെടുവിക്കും വരെ പരമ്പരാഗത നിവാസികളുടെ ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഓരോന്നും സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയോടെ ചെയ്യാവുന്നതാണ് എന്ന് വിജ്ഞാപനത്തിൽ പറയുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല**

- പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്കാണ് സർക്കാരിന്റെ പ്രാദേശിക കേന്ദ്രങ്ങളെന്ന നിലയിൽ തീരദേശ നിയന്ത്രണ നിയമം നടപ്പിലാക്കാനുള്ള പ്രാഥമിക ചുമതല.
- നിയന്ത്രണങ്ങൾക്ക് വിധേയമായി സംസ്ഥാന - കേന്ദ്ര സർക്കാരുകളുടെ അംഗീകാരം ആവശ്യമുള്ള പദ്ധതികൾ ശുപാർശ ചെയ്യേണ്ടതും നിരോധനങ്ങൾ നടപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെയാണ്.
- ഈ നിയമം നടപ്പാക്കുന്നതിനുള്ള തടസ്സങ്ങളും, ഭേദഗതികൾ ആവശ്യമെന്നു കണ്ടാൽ അതും കാര്യകാരണ സഹിതം സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കു കൊണ്ടുവരാവുന്നതാണ്.
- പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ തീരദേശ നിയന്ത്രണ വിജ്ഞാപനം ബാധകമായ പ്രദേശങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കുള്ള അനുമതിക്കായുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫോറത്തിൽ (ഫോം 1) അനുബന്ധരേഖയോടൊപ്പം സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിക്ക് അയയ്ക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ 1:3960 അല്ലെങ്കിൽ ഏറ്റവും അടുത്ത സ്കെയിലിൽ തദ്ദേശ തീരദേശ ഭൂപടങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. ഇതിനായി തിരുവനന്തപുരത്തുള്ള ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ സഹായം തേടാവുന്നതാണ്.
- കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 100-200 മീറ്ററിനും ഇടയിലുള്ള പ്രദേശങ്ങളിൽ പരമ്പരാഗതമായി താമസിക്കുന്നവർക്ക് ഭവന നിർമ്മാണത്തിനായി ഒരു സംയോജിത പദ്ധതി ഉണ്ടാക്കി സംസ്ഥാന അതോറിറ്റിക്ക് സമർപ്പിച്ച് കേന്ദ്ര അംഗീകാരം നേടിയെടുക്കേണ്ടതാണ്. ഇത്തരം പദ്ധതികൾ ഉണ്ടാക്കുമ്പോൾ പ്രദേശത്തെ ദുരന്ത സാധ്യതകൾ കണക്കിലെടുത്തുകൊണ്ടും ശുചിത്വ പരിപാലന പദ്ധതികൾ ഉൾ ക്കൊള്ളിച്ചുമാണ് സംയോജിത പദ്ധതി ഉണ്ടാക്കേണ്ടത്. ഇതിൽ പ്രാദേശിക ജനതയുടെ പങ്കാളിത്തവും ഉറപ്പുവരുത്തണം.
- തീരദേശത്തെ വികസനം വിജ്ഞാപനത്തിന്റെ പരിധിയിൽ മാത്രമേ നടക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താനുള്ള ബാധ്യതയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ■

*ലേഖകൻ*
*കേരള ശാസ്ത്ര സാങ്കേതിക കൗൺസിലിൽ ശാസ്ത്രജ്ഞനാണ്*



## കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

*പേജ് 13ൽ നിന്ന്*

- നിലവിലുള്ള വിവരങ്ങളുടെ ഡാറ്റാ എൻട്രി നടത്തുന്നതിനായി ഓരോ ബ്ലോക്കിനും ഓരോ അക്കൗണ്ടന്റ്-കം-ഐ.ടി. സ്പെഷ്യലിസ്റ്റിനെ ഐ.കെ.എം. വഴി താൽക്കാലികമായി നിയമിക്കുന്നതിന് പ്രോജക്ട് സഹായിക്കും

### തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ സംസ്ഥാന സർക്കാർ തലത്തിലുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്തൽ

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താനായി ഗ്രാമ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും എല്ലാ പ്രാഥമിക വിവരങ്ങളും അടങ്ങിയ ഒരു വിവരശേഖരത്തിന് പ്രോജക്ട് രൂപം കൊടുക്കുന്നതാണ്. വെബ് അധിഷ്ഠിതമായ ഈ വിവരശേഖരം പൊതുജനങ്ങൾക്ക് ലഭ്യമായിരിക്കും. ഈ സംവിധാനം പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്വം ഡീസെൻട്രലൈസേഷൻ അനാലിസിസ് സെല്ലിനാണ് (ഡി.എ.സി). ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലാണ് ഡി.എ.സി. സ്ഥാപിച്ചിട്ടുള്ളത്.

വാർഷിക സാമ്പത്തിക റിപ്പോർട്ടും നയപരമായ വിഷയങ്ങൾ സംബന്ധിച്ച പഠനങ്ങളും തയ്യാറാക്കുക; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികവും സ്ഥാപനപരവുമായ വിഷയങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാരിനും സംസ്ഥാന ധനകാര്യ കമ്മീഷനും ആവശ്യമായ നയപരമായ വിശകലനങ്ങൾ നൽകുക എന്നിവയും ഡി.എ.സിയുടെ ചുമതലയാണ്.

### പദ്ധതിയിലെ സമാഹരണ (Procurement) പ്രക്രിയയുടെ അടിസ്ഥാനം

കെ.എൽ.ജി.എസ്.ഡി.പിക്ക് കീഴിലുള്ള സമാഹരണ പ്രക്രിയ സാധനസാമഗ്രികൾക്കും സേവനങ്ങൾക്കുമായുള്ള പുതുക്കിയ സമാഹരണ മാന്വലിനേയും നിലവിലുള്ള പൊതുമരാമത്ത് ചട്ടങ്ങളേയും ആധാരമാക്കിയായിരിക്കും. ഈ പ്രക്രിയ പ്രോജക്ട് ഇംപ്ലിമെന്റേഷൻ മാന്വലിനെ ആസ്പദമാക്കി തയ്യാറാക്കുന്ന പട്ടികയ്ക്ക് അനുസൃതമായിരിക്കണം. ■

**തയ്യാറാക്കിയത്: എച്ച്. ഷാജി**
*കമ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്*
*കെ.എൽ.ജി.എസ്.ഡി.പി.*







# കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പുത്തൻ പ്രവർത്തനദിശയിലേക്ക്...

**സൂപ്പി നരിക്കാട്ടേരി**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടൽ നടത്തുക, അതിനുവേണ്ട പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, പഞ്ചായത്തുകളും പഞ്ചായത്തിരാജും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ യഥാസമയം തിരിച്ചറിഞ്ഞ് അതിനുവേണ്ട പരിഹാരം കാണാൻ സർക്കാരിനെ സമീപിക്കുക, വിവിധ അക്കാദമികസ്ഥാപനങ്ങളുമായി ചേർന്ന് പ്രശ്നപരിഹാരത്തിനുള്ള പുത്തൻ മാർഗ്ഗങ്ങൾ കണ്ടെത്തുക. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, വിലയിരുത്തുക, മെച്ചപ്പെടുത്താൻ സഹായിക്കുക, അനുഭവങ്ങൾ പങ്കുവയ്ക്കാൻ സഹായിക്കുക.... ഇത്തരത്തിൽ ഒട്ടനവധി ലക്ഷ്യത്തോടെയാണ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് രൂപംനല്കിയിട്ടുള്ളത്.

ഈ വർഷം അധികാരത്തിൽ വന്ന പുതിയ ഭരണസമിതിക്ക് കഴിഞ്ഞ ഭരണസമിതി തുടങ്ങിവച്ചതും നടത്തിയതുമായ ഒട്ടേറെ പ്രവർത്തനങ്ങൾ തുടരേണ്ടതും വിപുലപ്പെടുത്തേണ്ടതുമുണ്ട്. അതിനായി അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ജില്ലാ അസോസിയേഷൻ പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരുടെ ത്രിദിന കൂടിയിരുപ്പ് 2011 ജൂൺ 10,11,12 തീയതികളിൽ തിരുവനന്തപുരത്തുവച്ച് സംഘടിപ്പിക്കുകയുണ്ടായി.



*തിരുവനന്തപുരത്ത് നടന്ന കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷന്റെ ത്രിദിന സമ്മേളനം പഞ്ചായത്ത്, സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ ഉദ്ഘാടനം ചെയ്യുന്നു.*

അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടനസമ്മേളനത്തിൽ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി സ്വാഗതം പറഞ്ഞു. സ്വാഗതപ്രസംഗത്തിലും അദ്ധ്യക്ഷപ്രസംഗത്തിലും സ്റ്റാഫ് പാറ്റേൺ, ഉദ്യോഗസ്ഥരുടെ നിഷേധാത്മക നിലപാടുകൾ, ജനപ്രതിനിധികളുടെ ഓണറേറിയം, ജനപ്രതിനിധികളുടെ പെൻഷൻ, എസ്.എസ്.എ, വികസനപദ്ധതികളുടെ രൂപീകരണം, പരിസ്ഥിതിപ്രശ്നങ്ങൾ, ജലസ്രോതസ്സുകളുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട അസോസിയേഷന്റെ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി.

പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ ത്രിദിന ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സ്റ്റാഫ് പാറ്റേൺ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. പുനർവിന്യാസം വഴി പൊതുമരാമത്ത് വകുപ്പിൽനിന്നും എൻജിനീയർമാരെ നല്കിയിട്ടുണ്ട്. എന്നാൽ ഇറിഗേഷൻവകുപ്പിൽനിന്നും ലഭ്യമാകുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ഓണറേറിയവും പെൻഷന്റെ കാര്യവും പോസിറ്റീവായി എടുത്തിട്ടുണ്ട് പദ്ധതി നിർവഹണ തുക 70% ചെലവഴിച്ചിരിക്കണം എന്നത് 60% ആയി കുറയ്ക്കണമെന്ന നിർദ്ദേശം നിലവിലെ സ്ഥിതി പരിശോധിച്ച് പരിഹരിക്കും. ഒരു കാരണവശാലും പദ്ധതിരൂപീകരണം വൈകരുത്. എപ്പോഴും ശതമാനം കുറയ്ക്കണമെന്ന പ്രവണത ഉണ്ടാകരുത്. ശ്മശാനങ്ങൾ, കളിസ്ഥലങ്ങൾ, ജലസംരക്ഷണം, പരിസ്ഥിതിസംരക്ഷണം, കലാഗ്രാമങ്ങൾ എന്നിവയുടെ രൂപീകരണത്തിലും സംരക്ഷണത്തിലും പഞ്ചായത്തുകൾ ഇടപെടണം. മാതൃകാ അംഗൻവാടികൾ രൂപീകരിക്കണം. സ്വാശ്രയകേരളം എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ആദിവാസി സംരക്ഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നും അതിന് കൂട്ടായി പ്രയത്നിക്കണമെന്നും ചടങ്ങിൽ പങ്കെടുത്ത പട്ടികവർഗ്ഗ യുവജനക്ഷേമവകുപ്പുമന്ത്രി പി.കെ. ജയലക്ഷ്മി പറഞ്ഞു.

പഞ്ചായത്ത് ഡയറക്ടർ കെ.ആർ. മുരളീധരൻ, കില ഡയറക്ടർ എൻ. രമാകാന്തൻ അസോസിയേഷൻ മുൻ പ്രസിഡന്റ് കെ. നാരായണൻ, മുൻ ജനറൽ സെക്രട്ടറി എസ്. നാസറുദ്ദീൻ എന്നിവരും സംസാരിച്ചു.

### വിവിധ സെഷനുകളിലേക്ക്

ആദ്യസെഷനിൽ കുടുംബശ്രീ, എസ്.എസ്.എ. എന്നിവ സംബന്ധിച്ച് രണ്ട് അവതരണങ്ങൾ നടന്നു. കുടുംബശ്രീയുടെ ഇന്നത്തെ അവസ്ഥ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ അവതരിപ്പിച്ചു. തുടർന്ന് ഇന്ന് പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രായോഗികപ്രശ്നങ്ങളും ചർച്ചചെയ്തു. എസ്.എസ്.എ.യുടെ അവതരണത്തെ തുടർന്ന് നടന്ന ചർച്ചയിൽ പണം കൊടുക്കുന്നതല്ലാതെ പഞ്ചായത്തുകൾക്ക് വേറെ ഒന്നും അറിയാനോ ഫലപ്രദമായി ഇടപെടാനോ കഴിയാത്ത അവസ്ഥ ഉണ്ടെന്ന വിമർശനം ഉയർന്നു.

രണ്ടാമത്തെ സെഷനിൽ എം.എൻ.ആർ.ഇ.ജി.എസ്. മുൻ മിഷൻ ഡയറക്ടർ വി.എൻ. ജിതേന്ദ്രൻ വിഷയം അവതരിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് പ്രാദേശികമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ, മെറ്റീരിയൽ കോസ്റ്റ്, സ്വകാര്യഭൂമിയിലെ കൃഷി, 100 ദിവസ പണി, ഉദ്യോഗസ്ഥന്മാരുടെ ഇടപെടൽ, കൃത്യസമയത്ത് കൂലികൊടുക്കാൻ കഴിയാത്തത്, ഉത്തരവുകളിലെ പ്രശ്നങ്ങൾ- ഇത്തരത്തിൽ ഒട്ടനവധി കാര്യങ്ങൾ ചർച്ചയിൽ വന്നു. ഈ സെഷനിൽ തന്നെ മുൻ ശുചിത്വമിഷൻ ഡയറക്ടർ ഡോ. അജയകുമാർ വർമ്മ ശുചിത്വ മിഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവതരണം നടത്തി. തുടർന്ന് 'പഞ്ചായത്തീരാജും സാമൂഹ്യക്ഷേമ വകുപ്പും' എന്ന വിഷയത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് ജോയിന്റ് ഡയറക്ടർ പ്രതാപൻ വിവിധ സ്കീമുകളെ സംബന്ധിച്ചും ഐ.സി.ഡി.എസിന്റെ പ്രവർത്തനം സംബന്ധിച്ചും വിശദീകരിച്ചു.

രണ്ടാം ദിവസം നടന്ന മൂന്നാമത്തെ സെഷൻ ഫണ്ട് ഫ്ളോ, അക്കൗണ്ടിംഗ് എന്നിവ സംബന്ധിച്ച് ഐ.കെ.എം. കൺസൾട്ടന്റ് ഉദയഭാനു കണ്ടേത്തിന്റെയും, ബജറ്റ്, ആഡിറ്റിംഗ് സംബന്ധിച്ച് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ എസ്. ദിവാകരൻ പിള്ളയുടെയും അവതരണത്തോടെയാണ് ആരംഭിച്ചത്.

നാലാമത്തെ സെഷനിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ഐ.കെ. എം. എക്സിക്യൂട്ടീവ് ഡയറക്ടറും പരിസ്ഥിതി ശാസ്ത്രജ്ഞനുമായ പ്രൊഫ. എം.കെ. പ്രസാദ് അവതരണം നടത്തി. പട്ടികവർഗ്ഗ

വികസനവും ഗ്രാമപഞ്ചായത്തുകളും എന്ന വിഷയത്തെക്കുറിച്ച് പ്രോജക്ട് ഓഫീസറായ സുരേഷ് കുമാർ വിശദീകരിച്ചു. കേരളത്തിലെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സർവീസ് ഡെലിവറി മെച്ചപ്പെടുത്താൻ ലോക ബാങ്ക് സഹായത്തോടെയുള്ള പ്രോജക്ടിനെ സംബന്ധിച്ച് നിർമ്മല സാനു ജോർജ് നടത്തിയ അവതരണത്തോടെ നാലാം സെഷൻ അവസാനിച്ചു.

അഞ്ചാമത്തെ സെഷനിൽ ഐ.കെ. എമ്മിന്റെ വിവിധ പ്രവർത്തനങ്ങൾ, സോഫ്റ്റ്‌വെയറുകൾ എന്നിവ സംബന്ധിച്ച് അവതരണവും ചർച്ചകളും നടന്നു. ഈ സെഷനിൽതന്നെ ബിൽഡിംഗ് റൂൾ സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ ഈപ്പൻ വറുഗ്ഗീസ് അവതരണം നടത്തി. തുടർന്ന് കേരള നഗര ഗ്രാമവികസന കോർപ്പറേഷൻ പഞ്ചായത്തുകൾക്ക് എങ്ങനെ ധനസഹായം നൽകുന്നു എന്നതിനെക്കുറിച്ച് അവതരണം നടന്നു. കൂടാതെ സോഷ്യൽ ആഡിറ്റിന്റെ പ്രസക്തി, എം.എൻ.ആർ.ഇ.ജി.എസിൽ കണ്ട അപാകതകൾ തുടങ്ങിയവ സംബന്ധിച്ച് സോഷ്യൽ ആഡിറ്റ് സെല്ലിലെ ഡോ. എബി ജോർജ് അവതരണം നടത്തി.

അഡീഷണൽ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് പ്രസിഡന്റുമാരുടെ സംശയങ്ങൾക്ക് മറുപടി നല്കുകയും. പഞ്ചായത്ത് പ്രസിഡന്റുമാരും അസോസിയേഷനും ഏറ്റെടുക്കേണ്ട പരിപാടികൾക്കു വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

അസോസിയേഷൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപന യോഗത്തിന്റെ ഉദ്ഘാടനം ഗ്രാമവികസന വകുപ്പുമന്ത്രി കെ.സി. ജോസഫ് നിർവഹിച്ചു.

### ത്രിദിനക്യാമ്പിന്റെ ഭാഗമായി എക്സിക്യൂട്ടീവ് കമ്മിറ്റി എടുത്ത പ്രധാന തീരുമാനങ്ങൾ

- ആശ്രയയുടെ അപേക്ഷ നല്കാത്ത ഏകദേശം 118 പഞ്ചായത്തുകൾക്ക് ആശ്രയ പ്രോജക്ട് നല്കാൻ വേണ്ട സഹായം നല്കും.
- ഓണം, റംസാൻ വരവേൽപ്പിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും വിപുലമായ വിപണനമേള സംഘടിപ്പിക്കും.
- സംഘകൃഷി വ്യാപിപ്പിക്കാനും ഭക്ഷ്യ സുരക്ഷാക്യാമ്പയിൻ കാര്യക്ഷമമായി നടത്താനും തീരുമാനിച്ചു.
- എസ്.എസ്.എ.യുടെ ഉദ്യോഗസ്ഥരുമായി അസോസിയേഷൻ കൂടിയിരുന്ന് നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പരിപാടി തയ്യാറാക്കും.
- എം. എൻ. ആർ. ഇ. ജി. എസ്സിലെ പ്രായോഗികപ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കാൻ സബ്കമ്മിറ്റിക്ക് രൂപം നല്കി.
- ഇനിയും നിർമ്മൽ പുരസ്കാരം ലഭിക്കാത്ത 27 പഞ്ചായത്തുകളെ ശുചിത്വമിഷനുമായി ചേർന്ന് അവരുടെ പ്രശ്നങ്ങൾ പഠിച്ച് നിർമ്മൽ പുരസ്കാരം വാങ്ങാൻ അവരെ സഹായിക്കും.
- ബജറ്റ് രൂപീകരണം യാഥാർത്ഥ്യ ബോധത്തോടെ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട സഹായവും ജെൻഡർ ബഡ്ജറ്റിംഗ് ചെയ്യാൻ താത്പര്യമുള്ള പഞ്ചായത്തുകൾക്കു വേണ്ട സഹായവും നല്കും.
- പഞ്ചായത്തുകൾ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ പരിസ്ഥിതി ആഘാതം പരിശോധിക്കാൻ വേണ്ട ഒരു ചെക്ക്‌ലിസ്റ്റ് തയ്യാറാക്കും.
- ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ, പട്ടികജാതി ജനസംഖ്യയുള്ള ഈരണ്ട് പഞ്ചായത്തുകൾ തിരഞ്ഞെടുത്ത് അവിടെ കില നടത്തിയ സർവ്വേയുടെ കൂടി വെളിച്ചത്തിൽ ചില അനുകരണീയ മാതൃകാപ്രവർത്തനങ്ങൾ നടത്താൻ സഹായിക്കും.
- എസ്.സി., എസ്.ടി. മേഖലയിൽ ചെയ്തിട്ടുള്ള, ചെയ്യാൻ കഴിയുന്ന നൂതന പ്രോജക്ട് ആശയങ്ങൾ തയ്യാറാക്കി പഞ്ചായത്തുകൾക്കു നല്കും.
- 12-ാം പദ്ധതി സംബന്ധിച്ച് പഞ്ചായത്ത് അസോസിയേഷന്റെ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് നല്കാനായി ഒരു പഠനസംഘത്തിനു രൂപം നല്കാൻ തീരുമാനിച്ചു.
- ഒരു പഞ്ചായത്തിലെ മുഴുവൻ ജീവനക്കാർ, ജനപ്രതിനിധികൾ എന്നിവരെ ചേർത്ത് കുടുംബസംഗമം എന്ന പേരിൽ ഏകദിന കുടിയിരുപ്പ് നടത്താൻ തീരുമാനിച്ചു. ഇത് അവിടുത്തെ സൗഹൃദ അന്തരീക്ഷം ഊട്ടിയുറപ്പിക്കാനും ഭരണപ്രശ്നപരിഹാരം എന്നിവയ്ക്കുവേണ്ടിയാവണം. ഇതിന്റെ രീതിശാസ്ത്രം അസോസിയേഷൻ തയ്യാറാക്കി പഞ്ചായത്തുകൾക്ക് നല്കും. മോഡലായി ഒരു ജില്ലയിൽ 5 പഞ്ചായത്ത് വീതം തിരഞ്ഞെടുത്ത് നടപ്പിലാക്കും.



*തിരുവനന്തപുരത്ത് നടന്ന കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷന്റെ ത്രിദിന സമ്മേളനത്തിൽ ആസൂത്രണ-ഗ്രാമ വികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ് പ്രതിനിധികളെ അഭിസംബോധന ചെയ്യുന്നു.*

കേന്ദ്ര പ്ലാനിങ്ങ് കമ്മീഷന്റെ മീറ്റിങ്ങിൽ സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ അനുസരിച്ച് കേന്ദ്രപദ്ധതികളിൽ മാറ്റംവരുത്താമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് അദ്ദേഹം സൂചിപ്പിച്ചു. ഗ്രാമവികസനവകുപ്പ് പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് സഹായകമാകുമെന്നും അസോസിയേഷന്റെ പിന്തുണ ഉണ്ടാവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ത്രിദിന സമ്മേളനത്തിൽ നടന്ന നിരവധി അവതരണങ്ങൾ വിവിധ മേഖലകളിൽ അസോസിയേഷന് പുത്തൻ ദിശാബോധം ഉണ്ടാകാൻ സഹായകമായി; പുതിയ ഒട്ടനവധി തീരുമാനങ്ങളും ആശയങ്ങളും രൂപപ്പെട്ടു. ■

*ലേഖകൻ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയാണ്.*





# കുടിശ്ശിക തീർപ്പാക്കൽ ആഡിറ്റ് അദാലത്തിലൂടെ

ഗ്രാമപഞ്ചായത്തുകളിലെ പഴയകാല ആഡിറ്റ് റിപ്പോർട്ടുകൾ അദാലത്തിലൂടെ തീർപ്പാക്കി തിരുവനന്തപുരം ജില്ല സംസ്ഥാനത്തിന് മാതൃകയായി. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 1994-95 വർഷം വരെ തീർപ്പാക്കാതെ അവശേഷിച്ചിരുന്ന ആഡിറ്റ് റിപ്പോർട്ടുകളാണ് പഞ്ചായത്ത് വകുപ്പിന്റെയും ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെയും കൂട്ടായ പരിശ്രമത്തിലൂടെ തീർപ്പാക്കിയത്.



*ആഡിറ്റ് അദാലത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എ. സെയ്ദ് പെർഫോമൻസ് ആഡിറ്റ് ജീവനക്കാർക്ക് നിർദ്ദേശം നൽകുന്നു.*

ജില്ലയിലെ പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചാണ് റിപ്പോർട്ടുകൾ തീർപ്പാക്കിയത്. ആഡിറ്റ് അദാലത്തുകൾ നടത്തുന്നതിന്റെ മുന്നൊരുക്കമായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും, സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെയും യോഗം വിളിച്ചിരുന്നു. ഇതിൽ വിശദമായ നിർദ്ദേശങ്ങളും മാർഗ്ഗരേഖയും സെക്രട്ടറിമാർക്ക് നൽകി. തുടർന്ന് യൂണിറ്റ് തലത്തിൽ പഞ്ചായത്തുകളിലെ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക്, അക്കൗണ്ടന്റുമാർ, സെക്ഷൻ ക്ലർക്ക് എന്നിവരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് കുറ്റമറ്റ രീതിയിൽ മറുപടികൾ തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. അതിന്റെ അടിസ്ഥാനത്തിൽ വർഷങ്ങളായി തീർപ്പാക്കാൻ അവശേഷിച്ചിരുന്ന 1960 കാലഘട്ടം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ കണ്ടുപിടിച്ചെടുക്കാനും പഞ്ചായത്തുകളിൽ ലഭ്യമല്ലാതിരുന്ന റിപ്പോർട്ടുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസ്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് നടപടി സ്വീകരിക്കാനും പഞ്ചായത്തുകൾ ഉത്സാഹം കാണിച്ചു.



തുടർന്ന് ആഡിറ്റ് അദാലത്തുകൾക്ക് പരിഗണനയ്ക്കായുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുവാൻ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പെർഫോമൻസ് ആഡിറ്റ് തലത്തിൽ ശില്പശാലകൾ സംഘടിപ്പിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. പാറശ്ശാല, ബാലരാമപുരം, കരകുളം, പഴയകുന്നുമ്മേൽ, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടത്തിയ അദാലത്തുകളിൽ 77 ഗ്രാമപഞ്ചായത്തുകളിൽ നിന്നും പഞ്ചായത്തു കമ്മിറ്റി തീരുമാനം സഹിതം ലഭിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് 1284 ഓഡിറ്റ് റിപ്പോർട്ടുകളിൽ 911 എണ്ണം തീർപ്പാക്കാനും അവശേഷിക്കുന്ന 373 എണ്ണത്തിൽ തുടർ നടപടി സ്വീകരിക്കുവാനും കഴിഞ്ഞു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ രാധാകൃഷ്ണൻ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എ. സെയ്ദ് എന്നിവരുടെ മേൽനോട്ടത്തിൽ വിജയകരമായി നടന്ന ഓഡിറ്റ് അദാലത്തിന് ആവശ്യമായ സഹായം എല്ലാ ഭാഗത്തു നിന്നും ഉണ്ടായത് പ്രശംസനീയമാണ്. ഓഡിറ്റ് തടസ്സങ്ങളും അപാകതകളും ഒഴിവാക്കിക്കൊണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമയബന്ധിതമായി നടപടി സ്വീകരിച്ചതും ഓഡിറ്റ് ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ പഞ്ചായത്തുകൾക്ക് നവോന്മേഷം പകർന്നു.

തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് അഭിമാനിക്കാൻ കഴിയുന്ന വിധത്തിൽ ഒരിക്കലും തീർപ്പാക്കാൻ കഴിയില്ലായെന്ന് കരുതിയിരുന്ന പഴയകാല ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായ നടപടിക്രമത്തിലൂടെ ഏകദേശം പൂർണ്ണമായും തീർപ്പാക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഗ്രാമപഞ്ചായത്തുകളും പഞ്ചായത്ത് വകുപ്പും. ■

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



# കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 –ഒരെത്തിനോട്ടം

**(അവസാനഭാഗം)**

**എൻ. സുരാജ്**

ഏതൊരു കെട്ടിട നിർമ്മാണവും അതിന്റെ ഉപയോഗത്തിന് അനുയോജ്യവും ഉപയോഗിക്കുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തുന്ന തരത്തിലും ആയിരിക്കേണ്ടതാണ്. എന്നു മാത്രമല്ല അപ്രകാരം ഉപയോഗിക്കപ്പെടുന്നതുമൂലം പരിസരവാസികൾക്കും പൊതുസമൂഹത്തിനും അസുഖകരമാകാനും പാടില്ല. ഈ ലക്ഷ്യത്തോടെയാണ് കെട്ടിടങ്ങളെ അതിന്റെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഉപയോഗ ഗ്രൂപ്പുകളായി (ഓക്കുപ്പൻസി ഗ്രൂപ്പുകൾ) തിരിക്കുകയും ഓരോ ഗ്രൂപ്പിൽപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണത്തിന് വ്യത്യസ്ത നിബന്ധനകൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളത്. പ്രത്യേക വികസന പദ്ധതിയോ, വിശദമായ നഗരാസൂത്രണ പദ്ധതിയോ തയ്യാറാക്കിയിട്ടുള്ള പ്രദേശങ്ങളിൽ വിവിധ തരത്തിലുള്ള ഉപയോഗത്തിന് നിർമ്മിക്കുന്ന കെട്ടിടങ്ങൾ സംബന്ധിച്ച് അതിൽ തന്നെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടായിരിക്കും.

### ഉപയോഗ ഗ്രൂപ്പുകൾ

ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ 11 പ്രധാന ഗ്രൂപ്പുകളായാണ് കെട്ടിടങ്ങളെ തരംതിരിച്ചിട്ടുള്ളത്. വാസഗൃഹങ്ങൾ, ലോഡ്ജുകൾ, വിദ്യാഭ്യാസത്തിനുള്ളവ, ആശുപത്രികൾ, അസംബ്ലി മന്ദിരങ്ങൾ, ഓഫീസിനും വ്യാപാരത്തിനുമുള്ളവ, വാണിജ്യ ആവശ്യങ്ങൾ, വ്യവസായം, ചെറുകിട വ്യവസായം, പണ്ടകശാലകൾ, അപകടകരമായ ആവശ്യങ്ങൾക്കുള്ളവ എന്നിങ്ങനെയാണ് തരംതിരിച്ചിട്ടുള്ളത്(ചട്ടം 34). കെട്ടിടത്തിന്റെ കവറേജ്, ഫ്ളോർ ഏരിയ റേഷ്യോ എന്നിവ നിശ്ചയിക്കുന്നതിൽ ഇപ്രകാരമുള്ള തരം തിരിവിന് വലിയ പ്രാധാന്യമുണ്ട്.

### കവറേജ്

കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന സ്ഥലത്തിന്റെയും കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിന്റെയും അടിസ്ഥാനത്തിലാണ് കവറേജ് നിശ്ചയിക്കുന്നത്. ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടമാണെങ്കിൽ ഏറ്റവും കൂടുതൽ തറവിസ്തീർണ്ണം ഏതു നിലയിലാണോ ആ തറവിസ്തീർണ്ണം പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ എത്ര ശതമാനം വരും എന്നതാണ് കവറേജ്. അതായത്, ഒറ്റ നിലയുള്ള ഒരു കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തെ അഥവാ ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടത്തിന്റെ ഏറ്റവും വിസ്തീർണ്ണം കൂടിയ നിലയുടെ തറവിസ്തീർണ്ണത്തെ 100 കൊണ്ട് ഗുണിച്ചശേഷം പ്ലോട്ടിന്റെ വിസ്തീർണ്ണംകൊണ്ട് ഹരിച്ചാൽ കിട്ടുന്ന സംഖ്യയാണ് അതിന്റെ കവറേജ്. ഇത് ശതമാനത്തിലാണ് പറയുക. ഇത് 300 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള ഒരു വാസഗൃഹത്തിന്റെ കാര്യത്തിൽ കാറ്റഗറി Iൽ പെട്ട ഗ്രാമ പഞ്ചായത്തിൽ 65%ൽ കൂടുവാൻ പാടില്ല. കാറ്റഗറി IIൽ പെട്ട ഗ്രാമപഞ്ചായത്തിൽ ഇത് 60% ആണ്. അതായത് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള (ഏകദേശം 10 സെന്റ്) ഒരു പ്ലോട്ടിൽ നിർമ്മിക്കുന്ന ഒരു വാസഗൃഹത്തിന്റെ ഏതൊരു നിലയുടേയും തറവിസ്തീർണ്ണം 240 ചതുരശ്ര മീറ്ററിൽ കൂടാൻ പാടില്ല (കാറ്റഗറി IIൽ). ഇപ്രകാരം ഓരോ ഉപയോഗ ഗ്രൂപ്പിനും പരമാവധി കവറേജ് എത്ര ശതമാനമാണെന്ന് ചട്ടം 35 ലെ ടേബിൾ 2ൽ വ്യക്തമാക്കിയിട്ടുണ്ട്. വ്യത്യസ്ത ഉപഭോഗ ഗ്രൂപ്പുകൾ ഒന്നിച്ചുവരുന്ന കെട്ടിട സമുച്ചയത്തിന്റെ കാര്യത്തിൽ കവറേജും എഫ്.എ.ആറും എങ്ങനെ കണക്കാക്കണം എന്ന് ചട്ടം 35 (2) (III)ൽ വ്യക്തമാക്കിയിട്ടുണ്ട്. നിർമ്മാണത്തിനുള്ള പ്ലാൻ പരിശോധിക്കുമ്പോൾ ഇക്കാര്യത്തിൽ സൂക്ഷ്മത ഉണ്ടാവണം.

**കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളെക്കുറിച്ച് ചില സൂചനകൾ നല്കുന്നതിന് മാത്രമാണ് ഈ കുറിപ്പിലൂടെ ലക്ഷ്യമാക്കുന്നത്. ചട്ടം വിശദമായി മനസ്സിലാക്കുകയും ആവശ്യാനുസരണം ഉപയോഗിക്കുയും ചെയ്യുന്നതിലൂടെ നിർമ്മാണ രംഗത്ത് നിലനില്ക്കുന്ന ക്രമംവിട്ട പ്രവർത്തനങ്ങൾ തടയാനും ആസൂത്രിതമായ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും ഗ്രാമപഞ്ചായത്തിന് സാധിക്കുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്നതിലും പരിശോധിക്കുന്നതിലും തീർപ്പുകല്പിക്കുന്നതിലും സമയബന്ധിതവും കാര്യക്ഷമവും ചിട്ടയായതുമായ പ്രവർത്തനം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കഴിയേണ്ടതുണ്ട്.**

### എഫ്.ഏ.ആർ

ഫ്ളോർ ഏരിയാ റേഷ്യോ എന്നത് പ്ലോട്ടിന്റെ വിസ്തീർണ്ണവും അതിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ എല്ലാ നിലകളിലും കൂടിയുള്ള ആകെ തറവിസ്തീർണ്ണവും തമ്മിലുള്ള അനുപാതമാണ്. അതായത് 400 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള (ഏകദേശം 10 സെന്റ്) ഒരു പ്ലോട്ടിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന വാസഗൃഹത്തിന് ഒന്നാം നിലയിൽ 240 ചതുരശ്രമീറ്ററും, രണ്ടാം നിലയിൽ 200 ചതുരശ്രമീറ്ററും മൂന്നാം നിലയിൽ 160 ചതുരശ്രമീറ്ററും തറ വിസ്തീർണ്ണമാണെങ്കിൽ ആകെ തറ വിസ്തീർണ്ണമായ 600 ചതുരശ്ര മീറ്ററിനെ ആകെ തറവിസ്തീർണ്ണമായ 400 ചതുരശ്ര മീറ്റർ കൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന 1.50 ആണ് അതിന്റെ എഫ്.ഏ.ആർ. ഓരോ തരത്തിൽപ്പെട്ട ഉപയോഗ ഗ്രൂപ്പിനും പരമാവധി എത്ര എഫ്.ഏ.ആർ ആകാമെന്നും ചട്ടം 35 ന്റെ ടേബിൾ 2 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതായ ഒരു പ്രധാന വസ്തുത പരമാവധി അനുവദിക്കാവുന്ന എഫ്.ഏ.ആറിൽ നിബന്ധനയ്ക്ക് വിധേയമായി നല്കിയിട്ടുള്ള ഇളവുകളാണ് (ടേബിൾ 2 കാണുക). ഉദാഹരണത്തിന് ഒരു ഓഫീസ് കെട്ടിടം (ഉപയോഗ ഗ്രൂപ്പ് – ഇ) പണിയുന്നതിന് പരമാവധി അനുവദിക്കാവുന്ന എഫ്.ഏ.ആർ, കാറ്റഗറി I ഗ്രാമപഞ്ചായത്തിൽ 1.50 ആണ്. അതായത് 1000 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ (ഏകദേശം 25 സെന്റ്) എല്ലാ നിലകളിലും കൂടി പണിയാവുന്ന കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 1500 ചതുരശ്രമീറ്ററിൽ കൂടരുത്. എന്നാൽ ചതുരശ്രമീറ്ററിന് 500 രൂപ അധികഫീസ് വാങ്ങിക്കൊണ്ട് 2 വരെ എഫ്.ഏ. ആർ അനുവദിക്കാം. അതായത് 250000 രൂപ അധികഫീസ് വാങ്ങിക്കൊണ്ട് മാത്രമെ 2000 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് അനുമതി നല്കാൻ പാടുള്ളൂ. എന്നു മാത്രമല്ല ചതുരശ്രമീറ്ററിന് 1000 രൂപ വീതം അധികഫീസ് ഈടാക്കിക്കൊണ്ട് 2.50 വരെ എഫ്.ഏ.ആർ അനുവദിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതായത് മേല്പറഞ്ഞ ഉദാഹരണത്തിൽ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 2500 ചതുരശ്രമീറ്റർ ആണെങ്കിൽ പത്തുലക്ഷം രൂപ (1000 X 1000) അധികഫീസ് ഈടാക്കിയശേഷം വേണം മറ്റു വിധത്തിൽ അനുമതി നല്കാവുന്നതാണെങ്കിൽ അതു നല്കേണ്ടത്. 300 ചതുരശ്രമീറ്ററിൽ കുറവുള്ള വാസഗൃഹങ്ങളും എച്ച് 2 ഗ്രൂപ്പിൽപ്പെട്ട അപകടകരമായ ഉപയോഗത്തിനുള്ള കെട്ടിടങ്ങളും ഒഴികെ എല്ലാ കെട്ടിടങ്ങൾക്കും അധിക ഫീസ് നല്കിക്കൊണ്ട് ഇപ്രകാരം ഇളവ് അനുവദിക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ട്. (ടേബിൾ 2 കാണുക). എഫ് ഏ.ആർ കണക്കാക്കുന്ന ആവശ്യത്തിനുവേണ്ടി ആകെ തറവിസ്തീർണ്ണം നിശ്ചയിക്കുമ്പോൾ ഇലക്ട്രിക്കൽ മുറി, എയർക്കണ്ടീഷൻ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ള മുറി തുടങ്ങി ചട്ടം 32 (2) (IV)ൽ പറഞ്ഞിട്ടുള്ളവ ഒഴിവാക്കാവുന്നതാണ്. സർക്കാർവകയോ സർക്കാർ അംഗീകാരമുള്ളതോ ആയ ഇൻഫർമേഷൻ ടെക്നോളജി പാർക്കുകൾക്ക് ചട്ടം 35(2) (IV) പ്രകാരം കവറേജിലും റേഷ്യോയിലും പ്രത്യേകം ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ മൂന്നു നിലവരെയും ആറ് വാസഗൃഹ യൂണിറ്റിൽ കവിയാതെയുമുള്ള കുടുംബ വാസഗൃഹ നിർമ്മാണങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവിധ ആന്തരിക സംവിധാനങ്ങളും സൗകര്യങ്ങളും സംബന്ധിച്ച് ചട്ടം 39 മുതൽ 53 വരെയുള്ള നിബന്ധനകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

**റോഡിന്റെ അതിർത്തിയിൽ നിന്നും 3 മീറ്റർ അകലം പാലിച്ചുമാത്രമേ ചുറ്റുമതിൽ ഒഴികെയുള്ള ഏതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടുള്ളൂ. ഇക്കാര്യത്തിൽ ദേശീയ പാതകൾ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ അതത് പഞ്ചായത്തുകൾ വിജ്ഞാപനം ചെയ്ത മറ്റു റോഡുകൾ എന്നിവയിൽനിന്നുള്ള അകലത്തിന്റെ കാര്യത്തിൽ യാതൊരുവിധ ഇളവും അനുവദിക്കാൻ സെക്രട്ടറിക്ക് അധികാരമില്ല. (എന്നാൽ പുതിയ റോഡു നിർമ്മാണത്തിന്റെ ആവശ്യത്തിനുവേണ്ടി സൗജന്യമായി ഭൂമി വിട്ടുനല്കിയതിനുശേഷം ബാക്കിയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഇളവ് അനുവദിക്കുവാൻ ചട്ടം 82 അനുസരിച്ച് സർക്കാർ ഉത്തരവ് പ്രകാരം രൂപവത്ക്കരിക്കുന്ന സ്പെഷ്യൽ കമ്മിറ്റിക്ക് നിബന്ധനകൾക്ക് വിധേയമായി അധികാരമുണ്ടായിരിക്കും.)**

### മുറ്റവും റോഡിൽ നിന്നുള്ള അകലവും

മനുഷ്യവാസത്തിനുള്ള ഏതൊരു മുറിയും തുറസ്സായ സ്ഥലത്തേക്ക് തുറക്കാവുന്ന തരത്തിൽ ആയിരിക്കണമെന്നത് താമസിക്കുന്നയാളുടെ സുരക്ഷയെ മുൻനിർത്തിയുള്ള നിബന്ധനയാണ്(ചട്ടം 27). ഇതിനു പുറമേ ഏതൊരു കെട്ടിടത്തിനും ചട്ടം 27ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഓരോ വശത്തും നിർദ്ദിഷ്ട മുറ്റം ഉണ്ടായിരിക്കേണ്ടതാണ്. 55 മുതൽ 61 വരെയുള്ള ചട്ടങ്ങളിൽ സവിശേഷ ഉപയോഗ ഗ്രൂപ്പിൽപെട്ടതായ കെട്ടിടങ്ങൾക്ക് വേണ്ടതായ അധിക നിബന്ധനകളിൽ കെട്ടിടത്തിന് ചുറ്റുമുള്ള തുറസ്സായ സ്ഥലങ്ങളെക്കുറിച്ചും നിർദ്ദേശമുണ്ട്. അവയല്ലാതെയുള്ള കെട്ടിടങ്ങൾക്ക് അവയുടെ ഉയരം 10 മീറ്റർ വരെ ആണെങ്കിൽ മുൻഭാഗത്ത് 3 മീറ്റർ (ഫ്രണ്ട്യാഡ്) നിർബന്ധമാണ്. എന്നാൽ പ്ലോട്ടിന്റെ പ്രത്യേകതയുള്ള കിടപ്പുമൂലം ഇപ്രകാരം 3 മീറ്റർ ഫ്രണ്ട് യാഡ് വിടുന്നതിന് പ്രായോഗികമായ അസൗകര്യം ഉണ്ടെങ്കിൽ ഫ്രണ്ട് യാഡിന് ശരാശരി 3 മീറ്റർ വീതി മതിയാവുന്നതാണ്. അപ്പോഴും ഏറ്റവും കുറഞ്ഞ വീതി 1.80 മീറ്ററിൽ കുറയാൻ പാടില്ല. കെട്ടിടത്തിന്റെ പുറകുവശത്ത്, അതായത് ഫ്രണ്ട് യാഡിന്റെ എതിർ വശം, കുറഞ്ഞത് 2 മീറ്റർ വീതിയിൽ തുറസ്സായ സ്ഥലം വിടേണ്ടതാണ്. ഇവിടെയും പ്രത്യേക സാഹചര്യത്തിൽ ശരാശരി 2 മീറ്റർ നല്കിയാൽ മതിയാവും. എന്നാൽ അപ്രകാരം ശരാശരി വീതി നല്കുമ്പോൾ ഏറ്റവും

## TABLE 2
## Coverage and Floor Area Ratio (F.A.R)

| Sl.No: | Occupancy | Maximum permissible coverage (percentage of plot area) | | Maximum permissible F.A.R. | | | | |
|---|---|---|---|---|---|---|---|---|
| | | | | Category I Grama Panchayats | | | Category II Grama Panchayats | |
| | | Category I Grama Panchayats | Category II Grama Panchayats | Without additional fee | With additional fee at the rate of Rs. 500 per sq. metres of additional floor area | With additional fee at the rate of Rs. 1000 per sq. metres of additional floor area | Without additional fee | With additional fee at the rate of Rs. 500 per sq. metres of additional floor area |
| (1) | (2) | (3a) | (3b) | (4a) | (4b) | (4c) | (5a) | (5b) |
| 1 | Residential **A1** | | | | | | | |
| (a) | Upto 300 sq.metres | 65 | 60 | 2.75 | - | - | 2.50 | - |
| (b) | More than 300 sq.metres | 60 | 55 | 1.75 | 2.25 | 2.75 | 1.75 | 2.50 |
| 2 | Lodging Houses **A2** | 60 | 55 | 1.50 | 2 | 2.50 | 1.50 | 2.25 |
| 3 | Educational **B** | 35 | 35 | 1.50 | - | 1.75 | 1.50 | 1.75 |
| 4 | Medical/Hospital **C** | 35 | 35 | 1.50 | 1.75 | 2.00 | 1.50 | 1.75 |
| 5 | Assembly **D** | 40 | 35 | 0.70 | 1.0 | 1.50 | 0.70 | 1.25 |
| 6 | Office/Business **E** | 40 | 35 | 1.50 | 2.0 | 2.50 | 1.50 | 2.00 |
| 7 | Mercantile/Commercial **F** | 60 | 55 | 2.00 | - | 2.50 | 1.75 | 2.25 |
| 8 | Industrial **G1**. | 40 | 35 | 1.20 | - | 1.50 | 1.20 | 1.50 |
| 9 | Small Industrial **G2** | 60 | 55 | 2.00 | - | 2.50 | 1.75 | 2.25 |
| 10 | Storage **H.** | 70 | 65 | 2.00 | - | 2.50 | 1.75 | 2.25 |
| 11 | Hazardous **I(1)** | 30 | 30 | 0.70 | - | 1.00 | 0.70 | 1.00 |
| 12 | Hazardous **I(2)** | 25 | 25 | 0.70 | - | - | 0.70 | - |

കുറഞ്ഞവീതി 1 മീറ്ററിൽ കുറയാനും പാടില്ല. മുൻവശവും പിൻവശവും കഴിഞ്ഞാൽ മറ്റ് രണ്ടു വശങ്ങളിലും യഥാക്രമം 1.20 മീറ്ററും 1 മീറ്ററും വീതിയിൽ തുറസ്സായ സ്ഥലം വിടേണ്ടതാണ്. ഇപ്രകാരമുള്ള തുറസ്സായ സ്ഥലം ആകാശം കാണാവുന്ന തരത്തിൽ തുറസ്സായിരിക്കേണ്ടതും കെട്ടിടം നിലനില്ക്കുന്നിടത്തോളംകാലം ചട്ടത്തിൽ അനുവദിക്കുന്ന പ്രകാരമുള്ളതല്ലാത്ത യാതൊരു നിർമ്മാണവും നടത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ലാത്തതുമാണ്. പത്തുമീറ്ററിൽ കൂടുതൽ ഉയരം വേണ്ടിവരുന്ന കെട്ടിടങ്ങൾക്ക് മേൽപ്പറഞ്ഞതിന് പുറമേ പത്തു മീറ്ററിൽ കൂടുതലുള്ള ഓരോ 3 മീറ്ററിനും 0.50 മീറ്റർ എന്ന തോതിൽ നാലുവശത്തും അധികമായി നല്കേണ്ടതുമാണ്.

### റോഡിൽനിന്നുള്ള അകലം

റോഡിൽ നിന്നുള്ള അകലം സംബന്ധിച്ച് ചട്ടം 28ലാണ് വിശദീകരിച്ചിട്ടുള്ളത്. ചട്ടം 27ൽ പറയുന്ന തുറസ്സായ മുറ്റവും വശങ്ങളും സംബന്ധിച്ച വ്യവസ്ഥകളും റോഡിൽ നിന്നുള്ള അകലവും വ്യത്യസ്തമായിത്തന്നെ മനസ്സിലാക്കണം. കെട്ടിടനിർമ്മാണത്തിനുള്ള പ്ലോട്ടിന്റെ ഏതെങ്കിലും അതിർത്തി റോഡായി വരുന്ന പക്ഷം ചട്ടം 28 ബാധകമാണ്. റോഡിന്റെ അതിർത്തിയിൽ നിന്നും 3 മീറ്റർ അകലം പാലിച്ചുമാത്രമേ ചുറ്റുമതിൽ ഒഴികെയുള്ള ഏതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടുള്ളൂ. ഇക്കാര്യത്തിൽ ദേശീയ പാതകൾ, സംസ്ഥാന പാതകൾ, ജില്ലാ റോഡുകൾ അതത് പഞ്ചായത്തുകൾ വിജ്ഞാപനം ചെയ്ത മറ്റു റോഡുകൾ എന്നിവയിൽനിന്നുള്ള അകലത്തിന്റെ കാര്യത്തിൽ യാതൊരുവിധ ഇളവും അനുവദിക്കാൻ സെക്രട്ടറിക്ക് അധികാരമില്ല. (എന്നാൽ പുതിയ റോഡു നിർമ്മാണത്തിന്റെ ആവശ്യത്തിനുവേണ്ടി സൗജന്യമായി ഭൂമി വിട്ടു നല്കിയതിനുശേഷം ബാക്കിയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഇളവ് അനുവദിക്കുവാൻ ചട്ടം 82 അനുസരിച്ച് സർക്കാർ ഉത്തരവ് പ്രകാരം രൂപവത്ക്കരിക്കുന്ന സ്പെഷ്യൽ കമ്മിറ്റിക്ക് നിബന്ധനകൾക്ക് വിധേയമായി അധികാരമുണ്ടായിരിക്കും.)

എന്നാൽ മേല്പറഞ്ഞ പ്രകാരം ദേശീയ സംസ്ഥാന ജില്ലാ വിജ്ഞാപിത റോഡുകൾ ഒഴികെയുള്ള റോഡുകളുടെ സമീപത്ത് കെട്ടിടം നിർമ്മിക്കുമ്പോൾ ഏഴ് മീറ്റർവരെ ഉയരമുള്ള കെട്ടിടങ്ങൾക്ക് രണ്ട് മീറ്റർ അകലം പാലിച്ചാൽ മതിയാവുന്നതാണ്. എന്നാൽ റോഡിന്റെ മദ്ധ്യഭാഗത്തുനിന്നും നിർമ്മാണത്തിലേക്ക് 4.50 മീറ്റർ ദൂരം ഉണ്ടായിരിക്കുകയും വേണം. എന്നുമാത്രമല്ല, 150 മീറ്ററിൽ കൂടുതൽ നീളമില്ലാത്തതും മറ്റേതെങ്കിലും റോഡിൽ ചെന്നുചേരാത്തതുമായ റോഡിലും (കൽ-ദ്-സാക്) മൂന്നു മീറ്ററിൽ താഴെ മാത്രം വീതിയുള്ള നടപാതകളിലും നിന്ന് 1.50 മീറ്റർ മാത്രം അകലത്തിൽ 7 മീറ്റർ വരെ ഉയരമുള്ള കെട്ടിടനിർമ്മാണത്തിന് അനുമതി നല്കാവുന്നതാണ്. ഇവിടെ റോഡിന്റെ മദ്ധ്യത്തിൽനിന്നും 4.50 മീറ്റർ എന്ന നിബന്ധനയും ബാധകമല്ല. ഏതെങ്കിലും നഗരാസൂത്രണ പദ്ധതി നിലവിലുള്ള പ്രദേശമാണെങ്കിൽ അതനുസരിച്ചുള്ള നിബന്ധനകൾ ബാധകമായിരിക്കും.

125 ചതുരശ്രമീറ്ററിൽ (ഏകദേശം 3 സെന്റ്) താഴെ മാത്രം വിസ്തീർണ്ണമുള്ള സ്ഥലത്ത് മൂന്ന് നിലവരെയുള്ള വാസഗൃഹമോ വ്യാപാര ആവശ്യത്തിനുള്ളതോ രണ്ടിനും കൂടിയുള്ളതോ ആയ കെട്ടിടം നിർമ്മിക്കുമ്പോഴും ദേശീയ സംസ്ഥാന ജില്ലാ വിജ്ഞാപിത റോഡിന്റെ സമീപത്താണെങ്കിൽ 3 മീറ്റർ വിടണം എന്ന നിബന്ധനയിൽ ഇളവിന് അർഹതയില്ല. എന്നാൽ മേല്പറഞ്ഞ തരത്തിൽ അല്ലാതെയുള്ള മറ്റു റോഡുകളുടെ സമീപത്താണെങ്കിൽ 2 മീറ്റർ വിട്ടാൽ മതിയാവുന്നതാണ്. ഏതെങ്കിലും നിരത്തിനോട് ചേർന്നല്ലാത്ത വശത്താണെങ്കിൽ മുൻവശം 1.80 മീറ്റർ മതിയാവും. മറ്റു വശങ്ങളിൽ ഒരു വശം 0.90 മീറ്ററും മറ്റ് രണ്ട് വശങ്ങൾ 0.60 മീറ്ററും മതിയാവുന്നതാണ്(ചട്ടം 64).

ദുർബല വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് സർക്കാരിൽനിന്നോ മറ്റ് സർക്കാർ, അർദ്ധസർക്കാർ, സഹകരണ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായത്തോടെ നിർമ്മിച്ചു നല്കുന്നതും 60 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണവും രണ്ടു നിലയിൽ കവിയാത്തതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ദേശീയ സംസ്ഥാന ജില്ലാ വിജ്ഞാപിത റോഡുകൾ ഒഴികെയുള്ള റോഡുകളുടെ അതിരിൽ നിന്നും കുറഞ്ഞത് 1.50 മീറ്റർ അകലം പാലിച്ചാൽ മതിയാവുന്നതാണ്. ഫ്രണ്ട് യാർഡ് 1.50 മീറ്ററും വശങ്ങളിൽ കുറഞ്ഞത് 0.60 മീറ്ററും മതിയാവും (ചട്ടം 74).

**സോളാർ എനർജിയുടെ ഉപയോഗം ചില ഉപയോഗ ഗ്രൂപ്പിൽപെട്ട കെട്ടിടങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. 500 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും അപ്പാർട്ട്മെന്റുകൾ, ഫ്ളാറ്റുകൾ, ലോഡ്ജുകൾ, ആശുപത്രികൾ, കല്യാണമണ്ഡപങ്ങൾ, ആഡിറ്റോറിയം തുടങ്ങിയ ഉപയോഗത്തിനുള്ളതുമായ കെട്ടിടങ്ങളിൽ സൗരോർജ്ജം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വാട്ടർഹീറ്ററുകളോ, പ്രകാശസംവിധാനമോ നിർബന്ധമായും ഉണ്ടായിരിക്കണം. ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്നതിന് മുമ്പായി ചട്ടം 103ൽ വിവരിക്കുന്ന പ്രകാരമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.**





കിണർ നിർമ്മാണത്തിന്റെ കാര്യത്തിലും സാധാരണ കെട്ടിട നിർമ്മാണത്തിനുള്ള നിബന്ധനകൾ തന്നെയാണ് ബാധകം. മറ്റു വശങ്ങളിലേക്ക് കുറഞ്ഞത് 1.50 മീറ്റർ അകലമുണ്ടാവണം. കിണറിൽ നിന്നും കുറഞ്ഞത് 7.50 മീറ്റർ അകലത്തിലല്ലാതെ സെപ്റ്റിക് ടാങ്ക് തുടങ്ങിയവ സ്ഥാപിക്കാൻ പാടില്ല. ഇവയുടെ കാര്യത്തിൽ മറ്റ് അതിർത്തിയിൽ നിന്നും 1.20 മീറ്റർ അകലം പാലിച്ചിരിക്കണം (ചട്ടം 92).

### മഴവെള്ള സംഭരണം

സമൃദ്ധമായി മഴ ലഭിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഭൂജലത്തിന്റെ അളവ് കുറയുന്നതും ജലക്ഷാമം വർദ്ധിച്ചുവരുന്നതും അമ്പരപ്പിക്കുന്ന യാഥാർത്ഥ്യമാണ്. പരമ്പരാഗത കൃഷിരീതികളിൽ നിന്നു മാറിയതും കെട്ടിടങ്ങളുടെ ബാഹുല്യവും മൂലം പെയ്തു വീഴുന്ന മഴവെള്ളം ശരിയായി സംഭരിക്കപ്പെടുന്നില്ല. പെയ്തിറങ്ങുന്ന വേഗത്തിൽ തന്നെ ഒഴുകി നഷ്ടപ്പെടുന്ന മഴവെള്ളത്തെ പിടിച്ചു നിർത്താനായില്ലെങ്കിൽ കടുത്ത ജലദൗർലഭ്യത്തിലേക്കും പാരിസ്ഥിതിക പ്രത്യാഘാതങ്ങളിലേക്കും നമ്മുടെ സംസ്ഥാനം നിപതിക്കുമെന്ന തിരിച്ചറിവാണ് മഴവെള്ള സംഭരണം സംബന്ധിച്ച നിബന്ധനകൾ ചട്ടത്തിൽ തന്നെ ഉൾപ്പെടുത്തുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ചിട്ടുള്ളത്. ചട്ടം 27(7)ൽ ഇത് സംബന്ധിച്ച നിർദ്ദേശമുണ്ട്. മഴവെള്ളം ഭൂമിയിലേക്ക് അരിച്ചിറങ്ങാൻ കഴിയുന്ന വിധത്തിലുള്ള കുഴികൾ നിർമ്മിച്ച് അതിലേക്ക് ആ പ്ലോട്ടിൽ വീഴുന്ന എല്ലാ മഴവെള്ളത്തുള്ളികളേയും എത്തിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനു പുറമേ ചട്ടം 101, 102 എന്നിവയിൽ ഇതു സംബന്ധിച്ച വ്യക്തമായ നിബന്ധനയുമുണ്ട്. ഇതുപ്രകാരം ഓലമേഞ്ഞ കെട്ടിടങ്ങളും 150 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണമുള്ളതും ഒരു കുടുംബത്തിനായുള്ളതുമായ വാസഗൃഹങ്ങൾ 320 ചതുരശ്രമീറ്ററിൽ (ഏകദേശം 8 സെന്റ്) കുറവുള്ള പ്ലോട്ടിലാണെങ്കിൽ അവയും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഫലപ്രദമായ മഴവെള്ള സംഭരണ സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. വിവിധ ഉപയോഗ ഗ്രൂപ്പുകളിൽ ഉള്ള കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തേണ്ടതായ സംവിധാനം സംബന്ധിച്ചുള്ള നിബന്ധനകൾ കൃത്യമായി പാലിക്കുന്നുണ്ട് എന്നും അവ ശരിയായ വിധത്തിലും ഫലപ്രദമായും പ്രവർത്തിക്കുന്നുണ്ട് എന്നും ഉറപ്പു വരുത്തുന്നതിന് പ്രത്യേക ശ്രദ്ധയുണ്ടാവേണ്ടത് അനിവാര്യമാണ്.

### സോളാർ എനർജിയുടെ ഉപയോഗം

ചട്ടത്തിന്റെ പ്രധാനപ്പെട്ട മറ്റൊരു സവിശേഷത സോളാർ എനർജിയുടെ ഉപയോഗം ചില ഉപയോഗ ഗ്രൂപ്പിൽപെട്ട കെട്ടിടങ്ങൾക്ക് നിർബന്ധമാക്കിയിട്ടുള്ളതാണ്. 500 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും അപ്പാർട്ട്മെന്റുകൾ, ഫ്ളാറ്റുകൾ, ലോഡ്ജുകൾ, ആശുപത്രികൾ, കല്യാണമണ്ഡപങ്ങൾ, ആഡിറ്റോറിയം തുടങ്ങിയ ഉപയോഗത്തിനുള്ളതുമായ കെട്ടിടങ്ങളിൽ സൗരോർജ്ജം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വാട്ടർഹീറ്ററുകളോ, പ്രകാശസംവിധാനമോ നിർബന്ധമായും ഉണ്ടായിരിക്കണം. ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്നതിന് മുമ്പായി ചട്ടം 103 ൽ വിവരിക്കുന്ന പ്രകാരമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

### ഭിന്നശേഷിയുള്ളവർക്കുള്ള പ്രത്യേക സൗകര്യം

ചട്ടം 104ൽ വിവരിച്ചിരിക്കുന്ന പ്രകാരം ലോഡ്ജുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, അസംബ്ലി മന്ദിരങ്ങൾ, കല്യാണമണ്ഡപങ്ങൾ, ഓഫീസ്-ബിസിനസ് കെട്ടിടങ്ങൾ, വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നിവയിലും അപ്പാർട്ടുമെന്റുകൾ, ഫ്ളാറ്റുകൾ എന്നിവയിലും ഭിന്നശേഷിയുള്ളവർക്ക് വേണ്ടി പ്രധാന പ്രവേശന മാർഗ്ഗത്തിൽ 'റാമ്പു'കൾ ഉണ്ടായിരിക്കണം. ഇതിനു പുറമേ 1000 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള പൊതു ആവശ്യകെട്ടിടങ്ങളിലും 2500 ചതുരശ്രമീറ്ററിൽ കൂടുതലുള്ള ഫ്ളാറ്റുകളിലും ഇവർക്കായി പ്രത്യേക 'ലിഫ്റ്റ്' ഉണ്ടായിരിക്കണം തുടങ്ങിയ നിബന്ധനകളും ചട്ടത്തിന്റെ സവിശേഷതയാണ്.

### ഉയരം കൂടിയ കെട്ടിടങ്ങൾ

നാലുനിലയിൽ കൂടുതലുള്ളതോ 15 മീറ്ററിൽ കൂടുതൽ ഉയരമുള്ളതോ ആയ കെട്ടിടങ്ങളെയാണ് ഉയരം കൂടിയ കെട്ടിടങ്ങൾ എന്ന് ചട്ടത്തിൽ വിവക്ഷിച്ചിട്ടുള്ളത്. ഇത്തരം കെട്ടിടങ്ങൾക്ക് അനുമതി നല്കുന്നതിന് മുമ്പായി ചട്ടത്തിലെ മറ്റു നിബന്ധനകൾക്കു പുറമേ ചട്ടം 106 മുതൽ 117 വരെയുള്ള പ്രത്യേക നിബന്ധനകൾ കൂടി പരിശോധിക്കേണ്ടതുണ്ട്.

### ടെലിക്കമ്മ്യൂണിക്കേഷൻ ടവർ

ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ വളർന്നുവരുന്ന ആശങ്കകൾ വലിയൊരു പരിധിവരെ ദുരീകരിക്കുന്നതിന് 118 മുതൽ 131 വരെയുള്ള ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ കൃത്യമായി പരിശോധിക്കുകയും അവ കാര്യക്ഷമതയോടെ നടപ്പാക്കുകയും ചെയ്യുന്നതിലൂടെ സാധിക്കുന്നതാണ്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളെക്കുറിച്ച് ചില സൂചനകൾ നല്കുന്നതിന് മാത്രമാണ് ഈ കുറിപ്പിലൂടെ ലക്ഷ്യമാക്കുന്നത്. ചട്ടം വിശദമായി മനസ്സിലാക്കുകയും ആവശ്യാനുസരണം ഉപയോഗിക്കുയും ചെയ്യുന്നതിലൂടെ നിർമ്മാണ രംഗത്ത് നിലനില്ക്കുന്ന ക്രമംവിട്ട പ്രവർത്തനങ്ങൾ തടയാനും ആസൂത്രിതമായ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും ഗ്രാമപഞ്ചായത്തിന് സാധിക്കുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്നതിലും പരിശോധിക്കുന്നതിലും തീർപ്പുകല്പിക്കുന്നതിലും സമയബന്ധിതവും കാര്യക്ഷമവും ചിട്ടയായതുമായ പ്രവർത്തനം നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കഴിയേണ്ടതുണ്ട്. ചട്ടത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും ചട്ടങ്ങൾ നടപ്പാക്കുന്നതിലൂടെ ലക്ഷ്യമാക്കുന്ന പൊതുതാല്പര്യ സംരക്ഷണത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ കൂടി സംഘടിപ്പിക്കുന്നത് ചട്ടം നടപ്പാക്കുന്നതിന് അനുയോജ്യവും സഹകരണാത്മകവുമായ അന്തരീക്ഷം സൃഷ്ടിക്കാനും സഹായകരമായിരിക്കും. ■

*(അവസാനിച്ചു)*

*(ലേഖകൻ പഞ്ചായത്ത് വകുപ്പിൽ ജോയിന്റ് ഡയറക്ടറും പട്ടികവർഗ്ഗക്ഷേമം യുവജന കാര്യം വകുപ്പുമന്ത്രിയുടെ അഡിഷണൽ പ്രൈവറ്റ് സെക്രട്ടറിയുമാണ്.)*

**ദുർബല വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് സർക്കാരിൽനിന്നോ മറ്റ് സർക്കാർ, അർദ്ധസർക്കാർ, സഹകരണ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായത്തോടെ നിർമ്മിച്ചു നല്കുന്നതും 60 ചതുരശ്രമീറ്റർ വരെ വിസ്തീർണ്ണവും രണ്ടു നിലയിൽ കവിയാത്തതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ദേശീയ സംസ്ഥാന ജില്ലാ വിജ്ഞാപിത റോഡുകൾ ഒഴികെയുള്ള റോഡുകളുടെ അതിരിൽ നിന്നും കുറഞ്ഞത് 1.50 മീറ്റർ അകലം പാലിച്ചാൽ മതിയാവുന്നതാണ്. ഫ്രണ്ട് യാർഡ് 1.50 മീറ്ററും വശങ്ങളിൽ കുറഞ്ഞത് 0.60 മീറ്ററും മതിയാവും.**



# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 19





റോയ് ചാക്കോ ഇളമണ്ണൂർ

ഒട്ടേറെ രാജവംശങ്ങളുടെ പടയോട്ടത്തിനും അധിനിവേശത്തിനും ഡൽഹി വേദിയായിട്ടുണ്ട്. തോമർ, ഖിൽജി, തുഗ്ളക്ക്, ലോധി, മുഗൾ തുടങ്ങിയ രാജവംശങ്ങളുടെ ആസ്ഥാനമായിരുന്നു ഈ പുരാതന നഗരം. പാണ്ഡവരുടെ രാജധാനിയായ ഇന്ദ്രപ്രസ്ഥത്തിന്റെ ആധുനികരൂപമാണ് നമ്മുടെ തലസ്ഥാന നഗരിയായ ന്യൂഡൽഹി. ഡൽഹി ഈ മഹാരാജ്യത്തിന്റെ തലസ്ഥാന നഗരിയായിട്ട് ഒരു നൂറ്റാണ്ട് കഴിയുന്നു. 1912 ലാണല്ലോ ബ്രിട്ടീഷുകാർ ഇന്ത്യയുടെ തലസ്ഥാനം കൊൽക്കത്തയിൽ നിന്ന് ഡൽഹിയിലേക്കു മാറ്റിയത്. 1920 കളിലാണ് ന്യൂഡൽഹി രൂപം കൊള്ളുന്നത്. 1947 ൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ ന്യൂഡൽഹിയെത്തന്നെ തലസ്ഥാന നഗരമാക്കി നിലനിർത്തുകയും ചെയ്തു.

പല രാജവംശങ്ങൾ ഭരണം നടത്തിയതിനാൽ സ്വാഭാവികമായും രാജാക്കന്മാരുടെ ശവകുടീരങ്ങളും ഡൽഹിയിൽ നിരവധിയുണ്ട്. ഇവയിൽ ഹുമയൂൺ റ്റൂം വളരെ പ്രശസ്തമാണ്. ഡൽഹിയിലെ 3 ലോക പൈതൃക കേന്ദ്രങ്ങളിലൊന്നാണ് ഹുമയൂൺ റ്റൂം. ചെങ്കോട്ടയും കുത്തബ്മീനാറുമാണ് മറ്റുള്ളവ. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യക്കാണ് ഇവയുടെ സംരക്ഷണചുമതല. ലോകപൈതൃകങ്ങളിലൊന്നായി UNESCO 1993 ലാണ് കൊട്ടാരസദൃശമായ ഹുമയൂൺ കുടീരത്തെ പ്രഖ്യാപിച്ചത്.

നാലര നൂറ്റാണ്ട് പഴക്കമുള്ള ഈ ചരിത്രസ്മാരകത്തിന്റെ നിർമ്മിതിയിൽ മധ്യേഷ്യൻ, ഇന്ത്യൻ, പേർഷ്യൻ സംസ്ക്കാരങ്ങൾ സംഗമിച്ചിരുന്നു. സമചതുരാകൃതിയിലുള്ള വിശാലമായ പൂന്തോട്ടത്തിൽ മുഗൾ കാലഘട്ടത്തിലെ നിർമ്മാണ വൈദഗ്ദ്ധ്യത്തോടെ നിർമ്മിച്ചിരിക്കുന്ന ശവകുടീരം മുഗൾ ശില്പഭംഗിയിലുള്ള ഇന്ത്യയിലെ ആദ്യത്തെ മനോഹരമായ പൂന്തോട്ട സെമിത്തേരിയാണ്. മുഗൾ ഭരണാധികാരികളുടെ ഖബർസ്ഥാനമായി മാറിയ ഈ ചരിത്രസ്മാരകത്തിൽ മുഗൾ രാജകുടുംബാംഗങ്ങളിലെ അംഗങ്ങളും മറ്റു പ്രമുഖരും ഉൾപ്പെടെ നൂറോളം വിശിഷ്ട വ്യക്തികൾ അന്ത്യവിശ്രമം കൊള്ളുന്നു.

ഉയരമുള്ള ആർച്ചുകളും താഴികക്കുടങ്ങളും ഒക്കെയുള്ള, ശവക്കല്ലറകളുടെ ഈ സമുച്ചയത്തെ കണ്ടാൽ പുരാതന കൊട്ടാരമായോ മുസ്ലീം ദേവാലയമായോ തോന്നും. അത്രയ്ക്കും പ്രൗഢഗംഭീരമായും മനോഹരമായുമാണ് അതിന്റെ നിർമ്മാണം. 7 വർഷംകൊണ്ടാണ് സ്മാരകം നിർമ്മിച്ചത്. മനോഹരമായ രണ്ട് വലിയ വാതിലുകൾ കുടീരത്തിലേക്ക് കാഴ്ചക്കാരെ നയിക്കുന്നു. നല്ല ശില്പഭംഗിയോടെ നിർമ്മിച്ചിരിക്കുന്ന അവയിൽ ഒന്ന് തെക്കു വശത്തും മറ്റൊന്ന് പടിഞ്ഞാറു ഭാഗത്തുമാണ്. ഇപ്പോൾ പടിഞ്ഞാറെ ഗേറ്റു മാത്രമേ ഉപയോഗിക്കുന്നുള്ളു.

നിസ്സാമുദ്ദീൻ എന്ന സ്ഥലത്ത് 30 ഏക്കർ വിസ്തൃതിയിലുള്ള പ്രദേശത്താണ് ഹുമയൂൺ റ്റൂം. തെക്കേ ഇന്ത്യയിൽനിന്നും മധ്യഇന്ത്യയിൽനിന്നുള്ള ട്രയിനുകളെല്ലാം നിസാമുദ്ദീൻ സ്റ്റേഷനിലൂടെയാണ് പോകുന്നത്. ഈ സ്റ്റേഷൻ കഴിഞ്ഞാണ് ന്യൂഡൽഹി റയിൽവേസ്റ്റേഷൻ. ഡൽഹിയിലെ ഒരു പ്രധാന റയിൽവേസ്റ്റേഷനായ നിസ്സാമുദ്ദീനിൽ മിക്കവാറും എല്ലാ ട്രെയിനുകളും നിർത്തുകയും ചെയ്യും. ഡൽഹി മധുര ദേശീയപാത 2ലാണ് നിസ്സാമുദ്ദീൻ. ഈ സ്ഥലത്തിന് ഈ പേര് വരാൻ ഇടയായ ഹസ്രത്ത് നിസാമുദ്ദീന്റെ (മരിച്ചത് 1325 ൽ) ശവകുടീരവും ഹുമയൂൺ റ്റൂമിന് ഏറെ അകലെയല്ല. ഇപ്പോൾ കാണുന്നത് നിസാമുദീന്റെ യഥാർത്ഥ കല്ലറയല്ല. അത് എവിടെയെന്ന് അറിയില്ല. 1563 ൽ ഫരീദുൻഖാൻ എന്ന വിശിഷ്ട വ്യക്തി നിർമ്മിച്ചതാണത്രെ ഇപ്പോഴത്തെ നിസാമുദീൻ ശവകുടീരം.

രാജകീയ ഡിസൈനുകളോടെ, മുഗൾ ശില്പചാതുരിയോടെ വിസ്തൃതമായ പ്രദേശത്ത് നിർമ്മിച്ചിരിക്കുന്ന ഈ കുടീരത്തെ ഡൽഹി നഗരത്തിലെ താജ്മഹൽ എന്നും വിശേഷിപ്പിക്കാം. ആകൃതിയിൽ മാത്രമല്ല താജ്മഹലിന്റെ സമാനതകൾ ഹുമയൂൺ റ്റൂമിനുള്ളത്. ആഗ്രയിലെ താജ്മഹൽ, ഭർത്താവ് ഭാര്യയുടെ സ്മരണയ്ക്കായി നിർമ്മിച്ചതാണെങ്കിൽ ഹുമയൂൺ കുടീരം ഭാര്യ ഭർത്താവിന്റെ സ്മാരകമായി നിർമ്മിച്ചതാണ്. ഹുമയൂണിന്റെ ബന്ധുവായ (തലമുറകൾ കഴിഞ്ഞുള്ള മരുമകൾ) മുംതാസിന്റെ സ്മാരകമാണ് താജ്മഹൽ. ഹുമയൂൺ സ്മാരകത്തിന്റെ നിർമ്മാണത്തിന് 80 വർഷം കഴിഞ്ഞാണ് ഷാജഹാൻ ചക്രവർത്തി താജ്മഹൽ നിർമ്മിച്ചത്.

താജ്മഹൽപോലെ അന്താരാഷ്ട്ര പ്രശസ്തി നേടിയിട്ടില്ലെങ്കിലും താജ്മഹൽ നിർമ്മിക്കുന്നതിന് ഏകദേശം ഒരു നൂറ്റാണ്ട് മുൻപ് പണിത ഹുമയൂൺ ശവകുടീരം കാണുവാൻ നിത്യവും ഇന്ത്യയിൽനിന്നും വിദേശത്തു നിന്നുമുള്ള ടൂറിസ്റ്റുകൾ എത്തുന്നുണ്ട്. ഡൽഹിയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ ഹുമയൂൺ കുടീരത്തിൽ നടത്തുകയുണ്ടായി. തനതു ശില്പഭംഗി നിലനിർത്തിയാണ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. പൂന്തോട്ടത്തിലൂടെയുള്ള പഴയ ജലധാരകളും അതേപടി നിലനിർത്തിയിട്ടുണ്ട്.

മുഗൾചക്രവർത്തി ഹുമയൂൺ 1556 ലാണ് മരിച്ചത്. ഹുമയൂണിന്റെ ഭാര്യമാരിൽ മുതിർന്ന ആളായ ഹാമിദ ബാനു (ഹാജി ബീഗം എന്നും അറിയപ്പെട്ടിരുന്നു) ഭർത്താവിന്റെ മരണത്തിന് 9 വർഷം കഴിഞ്ഞാണ് ഹുമയൂൺ ശവകുടീരം നിർമ്മിച്ചത്. 14 വർഷങ്ങൾക്ക് ശേഷമാണ് ഹാജി ബീഗം നിർമ്മാണം ആരംഭിച്ചതെന്നും ചില ചരിത്രകാരന്മാർ പറയുന്നു.

മുഗൾ സാമ്രാജ്യത്തിന്റെ തുടക്കം, 1526 ൽ ചരിത്രപ്രസിദ്ധമായ പാനിപത്ത് യുദ്ധത്തിൽ ഇബ്രാഹിം ലോധിയെ തോല്പിച്ച് ബാബർ ഡൽഹിയും ആഗ്രയും കൈവശപ്പെടുത്തുന്നതോടെയാണ്. ബാബറുടെ മരണാനന്തരം പുത്രനായ ഹുമയൂൺ ചക്രവർത്തിയായി. ഹുമയൂൺ 1530 മുതൽ 1540 വരെ ഡൽഹിയിൽ ഭരണം നടത്തി. ഹുമയൂണിനെ യുദ്ധത്തിൽ തോല്പിച്ച് ഡൽഹിയിൽ സിംഹാസനരൂഢനായ ഷേർഷ, 5 വർഷക്കാലം മാത്രമേ രാജ്യം ഭരിച്ചുള്ളൂ എങ്കിലും ഉത്തരേന്ത്യ മുഴുവൻ തന്റെ അധീനതയിലാക്കി. പ്രജകളോട് ദയാപൂർവ്വം പെരുമാറിയ ഷേർഷ നല്ലൊരു ഭരണാധികാരിയായും പേരെടുത്തു. പെഷവാറിൽ നിന്നും ബീഹാറിൽ താമസമാക്കിയ സൂർ വംശജനായ ഹസൻ എന്നൊരു അഫ്ഗാൻ പ്രഭുവിന്റെ പുത്രനായ ഫരീദ് ആണ് പിൽക്കാലത്ത് ഷേർഷ എന്ന പേരിൽ അറിയപ്പെട്ടത്. 1545ലാണ് ഷേർഷ മരിച്ചത്.



ഹുമയൂൺ

ഷേർഷയുടെ മരണശേഷം അഫ്ഗാൻമാരുടെയിടയിലുണ്ടായ അനൈക്യവും ഛിദ്രവാസനകളും ഹുമയൂണിന് 1540ൽ നഷ്ടപ്പെട്ട അധികാരം പുനഃസ്ഥാപിക്കുന്നതിന് സഹായകമായി. അങ്ങനെ ഹുമയൂൺ വീണ്ടും ചക്രവർത്തിയായി. എന്നാൽ തന്റെ രണ്ടാമത്തെ ടേമിൽ ഒരു വർഷം മാത്രമേ ഭരിക്കാൻ സാധിച്ചുള്ളൂ. 1555ൽ രാജാവായ ഹുമയൂൺ 1556 ൽ മരിച്ചു.

ഷാജഹാന്റെ പിതാവായ ജഹാംഗീറിന്റെ പിതാമഹനാണ് (അച്ഛന്റെ അച്ഛൻ) ഹുമയൂൺ. ഹുമയൂൺ മരിച്ചപ്പോൾ മകൻ അക്ബർ ഭരണാധികാരിയായി (1556). അന്ന് അക്ബറിന് 13 വയസ്സുമാത്രം പ്രായം. രക്ഷകർത്താവിന്റെ സഹായത്തോടെയാണ് ഭരണം നടത്തിയത്. നീണ്ടകാലത്തെ യുദ്ധങ്ങളുടെ ഫലമായി ഇന്ത്യയുടെ വടക്കൻ ഭാഗങ്ങളെല്ലാം അക്ബർ പിടിച്ചടക്കി. അക്ബർ 1605 ലാണ് മരിച്ചത്.

അക്ബറുടെ മരണശേഷം മൂത്തപുത്രനായ സലിം ഭരണാധികാരിയായി. ജഹാംഗീർ എന്ന പേരിലാണ് 1605 ൽ അദ്ദേഹം ചക്രവർത്തിയായത്. 1627 ൽ ജഹാംഗീർ മരിച്ചു.

ജഹാംഗീറിന്റെ മരണശേഷം പുത്രന്മാരായ ഖുറം, ഷഹരിയാർ എന്നിവർ ചക്രവർത്തിപദം കരസ്ഥമാക്കാനുള്ള മത്സരത്തിലേർപ്പെട്ടു. ഷഹരിയാറെ തോല്പിച്ച് ഖുറം സിംഹാസനസ്ഥനായി. ഇദ്ദേഹമാണ് താജ്മഹലിന്റെ നിർമ്മാതാവ് എന്ന നിലയിൽ ലോകപ്രസിദ്ധനായ ഷാജഹാൻ. ഷാജഹാന്റെ മക്കളിൽ ഒരുവനായ ഔറംഗസീബ് പിതാവായ ഷാജഹാനെ ജയിലിലട

താജ്മഹൽപോലെ അന്താരാഷ്ട്ര പ്രശസ്തി നേടിയിട്ടില്ലെങ്കിലും താജ്മഹൽ നിർമ്മിക്കുന്നതിന് ഏകദേശം ഒരു നൂറ്റാണ്ട് മുൻപ് പണിത ഹുമയൂൺ ശവകുടീരം കാണുവാൻ നിത്യവും ഇന്ത്യയിൽനിന്നും വിദേശത്തു നിന്നുമുള്ള ടൂറിസ്റ്റുകൾ എത്തുന്നുണ്ട്.

ച്ചാണ് അധികാരം പിടിച്ചെടുത്തത്. താജ്മഹൽ കാണാനുള്ള സൗകര്യത്തോടെ ജയിലിൽ കിടത്തണം എന്ന പിതാവിന്റെ അഭ്യർത്ഥന മകൻ മാനിച്ചു. 1666ൽ ജയിലിൽ കിടന്നാണ് ഷാജഹാൻ അന്ത്യശ്വാസം വലിച്ചത്.

ഡൽഹിയിലെത്തുന്ന ടൂറിസ്റ്റുകളിൽ ഭൂരിഭാഗം പേരും ഹുമയൂൺ കുടീരം സന്ദർശിക്കാറുണ്ട്. വിദേശ വിനോദസഞ്ചാരികളെക്കൂടാതെ നിരവധി ഇന്ത്യാക്കാരും ഡൽഹിയിൽ നിത്യവും കാഴ്ചകൾ കാണാനായി എത്തുന്നു. ഇതുകൂടാതെ പ്രതിദിനം ആയിരക്കണക്കിന് ആൾക്കാർ തൊട്ടടുത്തുള്ള സംസ്ഥാനങ്ങളായ ഹരിയാന, ഉത്തർപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് ബിസിനസിനായി ഇവിടെയെത്തുന്നു. ഒപ്പം ആയിരക്കണക്കിന് ഉദ്യോഗസ്ഥർ ഔദ്യോഗികകാര്യങ്ങൾക്കായി ഭരണസിരാകേന്ദ്രമായ ന്യൂഡൽഹിയിൽ വന്നു പോകുന്നു. അപ്രകാരം ഗണ്യമായൊരു മൊബൈൽ പോപ്പുലേഷൻ നഗരമാണിത്. ഒരു ദിവസം കാൽ ലക്ഷത്തോളം പേർ ഇവിടെയെത്തുന്നു എന്നാണ് കണക്ക്.

ഇന്ത്യയിലെത്തുന്ന വിദേശ ടൂറിസ്റ്റുളിൽ 70 ശതമാനത്തിലേറെപ്പേരും ഡൽഹി, മുംബൈ വിമാനത്താവളങ്ങളിൽ വന്നിറങ്ങുന്നു എന്നാണ് കണക്ക്. അതായത് ഇന്ത്യയിലെ നൂറോളം വിമാനത്താവളങ്ങളിൽ ഏറ്റവും കൂടുതൽ തിരക്കുള്ളതും ഇവ തന്നെ. 25 ലക്ഷത്തോളം വിദേശ ടൂറിസ്റ്റുകളാണ് ഒരു വർഷം ഇന്ത്യയിൽ എത്തുന്നത്. ഇന്ത്യക്ക് ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിത്തരുന്ന മൂന്നാമത്തെ മേഖലയാണ് ടൂറിസം. 1977–'98 ൽ 11264 കോടി രൂപയാണ് വിദേശ ടൂറിസ്റ്റുകളിലൂടെ ഇന്ത്യക്കു ലഭ്യമായത്. ഒരു വർഷം 14 കോടി ഇന്ത്യാക്കാരും നമ്മുടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളും സ്ഥലങ്ങളും സന്ദർശിക്കുന്നുണ്ട്. അതിലൂടെയും കോടിക്കണക്കിന് രൂപയുടെ വരുമാനം ലഭിക്കുന്നു.

വസന്തം, ഗ്രീഷ്മം, ശരത്, ശിശിരം എന്നീ ഋതുക്കൾ പ്രകൃതിയുടെ വരദാനങ്ങളാണ്. ഇവയ്ക്കെല്ലാം പ്രകൃതിയിൽ വൻതോതിൽ സ്വാധീനമുണ്ട്. നമ്മുടെ സാമൂഹ്യ, സാമ്പത്തിക, ജീവിത രീതികളെപ്പോലും കാലാവസ്ഥ സ്വാധീനിക്കുന്നുണ്ട്. ഇന്ത്യയുടെ വിദേശ നാണ്യ ശേഖരത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന ടൂറിസം മേഖലയെ പുഷ്ടിപ്പെടുത്തുന്നത് ശിശിരകാലമാണെന്നു പറയേണ്ടിയിരിക്കുന്നു. കാരണം ശിശിരകാലത്തിലാണല്ലോ വിദേശ ടൂറിസ്റ്റുകൾ ഇന്ത്യ കാണാനെത്തുന്നത്. കാരണം ഇന്ത്യയെക്കാൾ തണുപ്പുള്ള രാജ്യങ്ങളിൽ നിന്നുള്ള ഇവർക്ക് ഇന്ത്യയിലെ ചൂടുകാലം അസഹ്യം തന്നെയാണ്. തണുപ്പുകാലം തന്നെയാണ് അവർക്കും പ്രിയങ്കരം. മഞ്ഞുപെയ്യുന്ന കാലാവസ്ഥയുള്ള രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലെത്തുന്നവർക്ക് ഇവിടുത്തെ തണുപ്പുകാലം ഒരിക്കലും അസഹ്യമായിത്തോന്നാറില്ല. ■

(തുടരും...)

*(ലേഖകൻ ഡൽഹി സെൻട്രൽ മോനിറ്ററിംഗ് സർവീസിൽ ന്യൂസ് മോനിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്)*

## തദ്ദേശഭരണസ്ഥാപന കണക്കുകൾ നിർദ്ദേശം പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ട് നിയമസഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇനിപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയാൽ വകുപ്പുതല നടപടി സ്വീകരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും യഥാസമയം ഓഡിറ്റ് വകുപ്പിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കർശന നടപടി സ്വീകരിക്കണം. ഏറ്റവും അത്യാവശ്യമായും കൃത്യമായും സൂക്ഷിക്കേണ്ട അക്കൗണ്ട് ബുക്കുകളും മറ്റ് അനുബന്ധ രേഖകളും യഥാവിധി സൂക്ഷിക്കണം. ക്യാഷ് ബുക്ക് പ്രതിദിനം ക്ലോസ് ചെയ്യാതെയും പ്രതിമാസ ക്ലോസിങ് നടത്താതെയും വരവ് ഭാഗമോ ചെലവ് ഭാഗമോ എഴുതാതെയും സൂക്ഷിക്കുന്നത് കുറ്റകരമാണ്. ഒന്നിലധികം ക്യാഷ് ബുക്കുകൾ സൂക്ഷിക്കുന്നത് വിവിധ ഫണ്ടുകളുടെ ഫലപ്രദമായ വിനിയോഗം മോണിറ്റർ ചെയ്യുന്നതിന് തടസ്സമാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ക്യാഷ് ബുക്ക് മാത്രമേ സൂക്ഷിക്കുവാൻ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശം കർശനമായി പാലിക്കണം. ക്യാഷ് ബുക്കുകളും അനുബന്ധ രേഖകളും എഴുതി സൂക്ഷിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വ്യക്തമായ മാർഗ്ഗരേഖ അനുസരിക്കണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മുൻകൂർ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കണം. അഡ്വാൻസ് സാങ്ഷനിങ് അതോറിറ്റി മൂന്ന് മാസം കഴിഞ്ഞാൽ അത് അഡ്ജസ്റ്റ് ചെയ്യണം. നിശ്ചിത കാലാവധി കഴിഞ്ഞാൽ പലിശ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വകുപ്പുതലത്തിൽ അഡ്വാൻസ് നൽകുമ്പോൾ മുമ്പ് വാങ്ങിച്ചിട്ടുള്ള അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നുള്ള ഒരു സാക്ഷ്യപത്രം കൂടി രേഖപ്പെടുത്തി മാത്രമേ അഡ്വാൻസ് തുക നൽകാവൂ എന്നും ഓരോ സാമ്പത്തിക വർഷവും ബുക്ക് ക്ലോസ് ചെയ്ത ബാലൻസ് തുക മാത്രം അടുത്ത വർഷത്തേക്ക് ക്യാരി ഓവർ ചെയ്യേണ്ടതാണെന്നും സർക്കുലർ നിർദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിരം ആസ്തികൾ സൂക്ഷിക്കുന്നതിൽ ധാരാളം പോരായ്മകൾ ഉള്ളതായും പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവ സൂക്ഷിക്കുന്നില്ലെന്നും ഇവയുടെ ഭൗതിക സ്റ്റോക്ക് പരിശോധന കൃത്യമായി നടത്താറില്ലെന്നും സമിതി കണ്ടെത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ, ചെക്ക് ബുക്ക് ഇഷ്യു രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, റോഡ് രജിസ്റ്റർ തുടങ്ങിയ പ്രധാന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ചൂണ്ടിക്കാണിക്കുന്ന ന്യൂനതകൾ, ക്രമക്കേടുകൾ നിശ്ചിത സമയത്തിനകം തിരുത്തുന്നതിനും മറുപടി നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതും ഇതിന് വ്യവസ്ഥാപിതമാർഗ്ഗം സ്വീകരിക്കേണ്ടതുമാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചുമത്തുന്ന സർച്ചാർജ്ജും ചാർജ്ജും സംബന്ധിച്ചും ഇത് സംബന്ധിച്ച് കോടതി വ്യവഹാരങ്ങളുണ്ടെങ്കിൽ അതിന്റെ സ്ഥിതി സംബന്ധിച്ചും ഉള്ള ഒരു രജിസ്റ്റർ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്. വിവിധ തസ്തികകളിൽ വിവിധ കാലം സേവനം അനുഷ്ഠിച്ചവരുടെ പേര്, വിലാസം, തസ്തിക, സേവനകാലം, സ്ഥലംമാറ്റം, ആഡിറ്റ് പരാമർശം എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കണം. സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് അധികാരിയെ രജിസ്റ്റർ സൂക്ഷിക്കുന്നതിന് ബാധ്യതപ്പെടുത്തണം. സമിതിയുടെ നിർദ്ദേശങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും കൃത്യമായി പാലിക്കുന്നുണ്ടെന്ന് വകുപ്പു തലവൻമാർ ഉറപ്പുവരുത്തണം. പണം തിരിമറി നടത്താതിരിക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണം. അതിനായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്ന് വകുപ്പു തലവൻമാർ പരിശോധിക്കേണ്ടതുമാണ്. (സർക്കുലർ നമ്പർ. 21384/എസി3/11/തസ്വഭവ, തീയതി 4.06.2011) ■







# ഇങ്ങനെയും ഒരു സർപഞ്ച്

ഡോ. പി.പി. ബാലൻ

**സന്ത് ബൽബീർ സിങ്ങ് സച്ചേവാൾ ഇന്ന് ഒരു മാതൃകാ പഞ്ചായത്ത് പ്രസിഡന്റാണ്. അദ്ദേഹത്തിന് ഉയർന്ന വിദ്യാഭ്യാസയോഗ്യതകളൊന്നുമില്ല. ഇംഗ്ലീഷ് പരിജ്ഞാനം തീരെ ഇല്ല എന്നു പറയാം. എന്നിട്ടും അദ്ദേഹം വിഖ്യാതനായി. ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്തതാണ് അദ്ദേഹത്തിന്റെ വിജയരഹസ്യം. സ്വന്തം പഞ്ചായത്തിൽ ഒരു പ്രവൃത്തി സംസ്ക്കാരം അദ്ദേഹത്തിന് വളർത്തിയെടുക്കാൻ കഴിഞ്ഞു.**

സന്ത് ബൽബീർ സിങ് പഞ്ചാബിലെ ജലന്തർ ജില്ലയിലെ സച്ചേവാൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്. ഈ ചെറിയ പഞ്ചായത്ത് ഇന്ന് വിഖ്യാതമായിരിക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങളും കാൻസർ പോലുള്ള മാറാരോഗങ്ങളും കൊണ്ടു പ്രശ്നകലുഷിതമായ ഈ പ്രദേശത്ത് ആശ്വാസത്തിന്റെ തെളിനീരെത്തിച്ചുകൊണ്ട് പഞ്ചായത്തിനെ ലോകത്തിന്റെ നെറുകൈയിലെത്തിച്ചത് അവരുടെ പഞ്ചായത്ത് അദ്ധ്യക്ഷൻ സന്ത് ബൽബീർ സിങ്ങിന്റെ ശക്തമായ നേതൃത്വമാണ്. ഇന്ന് ലോകത്തെവിടെയെങ്കിലും പരിസ്ഥിതി സംബന്ധിച്ച കോൺഫറൻസോ സെമിനാറോ ഉണ്ടെങ്കിൽ ഈ പഞ്ചായത്ത് പ്രസിഡന്റ് അവിടെയെല്ലാം അതിഥിയായെത്തുന്നു. കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി കോപ്പൻഹെഗിൽ കഴിഞ്ഞവർഷം നടന്ന രാജ്യാന്തര കോൺഫറൻസിലും അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രദ്ധിക്കപ്പെട്ടു. പരിസ്ഥിതി സംരക്ഷണത്തിനായി ഉഴിഞ്ഞുവെച്ചതാണാ ജീവിതം. അദ്ദേഹത്തിന്റെ പ്രവർത്തനം സ്വന്തം ഗ്രാമമായ സച്ചേവാൾ ഗ്രാമപഞ്ചായത്തിലോ പഞ്ചാബ് സംസ്ഥാനത്തോ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. രാജ്യത്തിനകത്തും പുറത്തുമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളിൽ അദ്ദേഹം ഇടപെടുന്നു. പരിസ്ഥിതി പ്രവർത്തകർ എവിടെയുണ്ടോ അവർക്കെല്ലാം സന്ത് ബൽവീർ സിങ് സച്ചേവാളിനെ അറിയാം.

### തുടക്കം വ്യക്തിയിൽ നിന്ന്

വൃത്തിയും വെടിപ്പുമുള്ള ചുറ്റുപാടുകളാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ അതിന്റെ തുടക്കം വ്യക്തിയിൽ നിന്ന് തന്നെയായിരിക്കണം. വ്യക്തിയിൽ നിന്ന് കുടുംബത്തിലേക്കും അവിടെ നിന്ന് സമൂഹത്തിലേക്കും എന്ന ആശയ പ്രചാരണമായിരുന്നു അദ്ദേഹം ആദ്യം നടത്തിയത്. സിഖ് മത ഗ്രന്ഥമായ ഗ്രന്ഥ സാഹിബിലെ വരികൾ അദ്ദേഹത്തെ



ഹഠാതാകർഷിച്ചു. അത് പറയുന്നു 'വായുവാണ് നമ്മുടെ ഗുരു, വെള്ളം നമ്മുടെ പിതാവും ഭൂമി മാതാവുമാണ്'. ഈ വചനത്തിൽ അധിഷ്ഠിതമായ ജീവിതം അനുഷ്ഠിക്കുമ്പോൾ പ്രകൃതിയെ ഹനിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനത്തിനും സാധുതയില്ല. അതിനദ്ദേഹം മാതൃകയായി. ത്യാഗമനസ്ഥിതിയുടെയും അർപ്പണമനോഭാവത്തിന്റെയും പ്രതീകമായി അദ്ദേഹം മാറി. അദ്ദേഹം ഏറെ ലളിതമായി പറയുന്ന ഒരു കാര്യമുണ്ട്. 'ഓരോ വ്യക്തിയും സ്വയം വിചാരിച്ചാൽ നടക്കുന്ന കാര്യമേ ഇവിടെ ഉള്ളൂ' എന്ന്. ചുരുങ്ങിയ കാലം കൊണ്ട് നിരവധി വ്യക്തികളുടെ കൂട്ടായ്മയിലൂടെ പാരിസ്ഥിതിക രംഗത്ത് ധാരാളം അനുകരണീയ മാതൃകകൾ ഈ ഗ്രാമപഞ്ചായത്തിൽ സൃഷ്ടിക്കപ്പെട്ടു. അങ്ങനെ സച്ചേവാൾ ഗ്രാമത്തെ ലോകം അറിഞ്ഞു.

**സ്വയം പര്യാപ്തഗ്രാമം**

സന്ദ് ബൽവീർ സിങ് സച്ചേവാൾ പഞ്ചായത്ത് അദ്ധ്യക്ഷനാകുന്നത് രണ്ടാം തവണയാണ്. അതും ഒരു തിരഞ്ഞെടുപ്പോ മത്സരമോ ഇല്ലാതെ. വിഖ്യാതനായ ഒരു പരിസ്ഥിതി പ്രവർത്തകൻ തങ്ങളുടെ ഗ്രാമത്തിലെ പ്രഥമ പൗരൻ ആകണമെന്ന് ജനങ്ങൾക്കെല്ലാം നിർബന്ധം. അത് മനസ്സാലെ അദ്ദേഹം സ്വീകരിച്ചു. വരണ്ട മരുഭൂമിക്ക് സമാനമായ ഈ പ്രദേശത്തെ മാറ്റിയെടുക്കാൻ തന്നെയാണ് അദ്ദേഹത്തിന്റെ നീക്കം. ഒരു ദശാബ്ദകാലത്തെ പ്രവർത്തനം കൊണ്ട് പഞ്ചായത്ത് ആകെ മാറി. ഇന്ന് എവിടെ നോക്കിയാലും പച്ചപ്പ് കാണാം. കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കപ്പെട്ടു. മാറാരോഗങ്ങളിൽ നിന്നും നാട്ടുകാർ വിമുക്തരായിക്കൊണ്ടിരിക്കുന്നു.

ഒരു ദശാബ്ദകാലത്തെ പ്രവർത്തനം കൊണ്ട് പഞ്ചായത്ത് ആകെ മാറി. ഇന്ന് എവിടെ നോക്കിയാലും പച്ചപ്പ് കാണാം. കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കപ്പെട്ടു. മാറാരോഗങ്ങളിൽ നിന്നും നാട്ടുകാർ വിമുക്തരായിക്കൊണ്ടിരിക്കുന്നു.

കഴിഞ്ഞ കുറച്ചു നാളുകളായി നടന്ന ജനകീയ ഇടപെടലിന്റെ പരിണിത ഫലമാണിത്. പരിസ്ഥിതി സംരക്ഷണത്തിന്റെ ബോധവൽക്കരണമായിരുന്നു ആദ്യം നടത്തിയത്. ഗ്രാമസഭകൾ ഇതിനായി പലകുറി ചേർന്നു. പ്രശ്നങ്ങൾ ചർച്ചചെയ്തു പരിഹാര നിർദ്ദേശങ്ങളുമുണ്ടായി. പഞ്ചായത്തദ്ധ്യക്ഷൻ തന്നെ മുന്നിട്ടിറങ്ങിയപ്പോൾ ജനം കാത്തുനിന്നില്ല. സന്നദ്ധ പ്രവർത്തനങ്ങൾക്ക് യുവതീയുവാക്കൾ അണിനിരന്നു. ചുരുങ്ങിയ കാലംകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറി. പ്രീ പ്രൈമറി വിദ്യാഭ്യാസം തുടങ്ങി. കോളേജ് വിദ്യാഭ്യാസ സൗകര്യങ്ങൾ വരെ ഇന്നീ പഞ്ചായത്തിനുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒട്ടും കുറവല്ല. എല്ലാവരും അവരുടെ കഴിവനുസരിച്ച് പ്രവർത്തിക്കുക എന്ന ആശയം ഇവിടെ നിറവേറ്റപ്പെടുകയാണ്. ഗാന്ധിജി കണ്ട സ്വയം പര്യാപ്ത ഗ്രാമമാണദ്ദേഹത്തിന്റെ ആത്യന്തിക ലക്ഷ്യം. ആദ്യപടിയായി പഞ്ചായത്തിനെ പ്രശ്നരഹിത പഞ്ചായത്താക്കുന്നതിനുവേണ്ടി ജനകീയ കൂട്ടായ്മകൾ ക്രമപ്പെടുത്തിയെടുത്തു.



**ഒരു നദി പുനർജനിക്കുന്നു**

പഞ്ചാബ് – ആ പേരു തന്നെ അതിലൂടെ ഒഴുകുന്ന 5 നദികളെയാണല്ലോ സൂചിപ്പിക്കുന്നത്. ഇന്ത്യയുടെ ഭക്ഷ്യകലവറയായ പഞ്ചാബ് ഹരിത വ്യാപനത്തിനുശേഷം ഏറെ വികസിച്ചു. ഒപ്പം പ്രശ്നങ്ങളും കടന്നുവന്നു. പരിസ്ഥിതിയെ അവഗണിച്ചു കൊണ്ടുള്ള വികസനം നദികളെയും പുഴകളെയും മാലിന്യവാഹികളാക്കി. വ്യവസായശാലകളിൽ നിന്നും പുറത്തുവരുന്ന മാലിന്യങ്ങൾ കുടിവെള്ളത്തെ വിഷലിപ്തമാക്കി. ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യപ്പെട്ടപ്പോൾ കിണർ, തോട് എന്നിവ വറ്റിവരണ്ടു. പുഴകളുടെ തിരോധാനത്തിനുപോലും ഇതു കാരണമായി. പഞ്ചാബിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന ബെയിൻ നദിയുടെ അവസ്ഥയും ഏറെ ശോചനീയമായിരുന്നു. മാലിന്യങ്ങളും പായലുകളും നീരൊഴുക്ക് അസാദ്ധ്യമാക്കി. ഈ നദിയും വറ്റിവരണ്ടു. മഴക്കാലത്തുപോലും വെള്ളമില്ലാത്ത അവസ്ഥ. ഈ നദിയുടെ പുനരുദ്ധാരണം ഒരു ദൗത്യമായി സന്ത് ബൽബീർ സിങ് ഏറ്റെടുത്തു. 44 പഞ്ചായത്തുകളിലൂടെയും 6 മുനിസിപ്പാലിറ്റികളിലൂടെയും ഒഴുകുന്ന ഈ നദിക്ക് 99 km ദൈർഘ്യം ഉണ്ട്. തികച്ചും മരുഭൂമിക്ക് സമാനമായ നദീഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനം ആരംഭിച്ചു. ഓരോ ഗ്രാമങ്ങളിലെയും എല്ലാവിഭാഗം ജനങ്ങളെയും കൂട്ടിയിണക്കികൊണ്ടുള്ള കർസേവ പ്രവർത്തനങ്ങൾ ആരംഭിച്ചു. പുഴയുടെ ഇരുകരകളിലും വൃക്ഷം വെച്ചുപിടിപ്പിക്കുക എന്ന പ്രവർത്തനമാണ് ആദ്യം ആരംഭിച്ചത്. പിന്നീട് നദിയുടെ രൂപം വീണ്ടെടുക്കാനുള്ള ശ്രമമായിരുന്നു. ചാലുകീറി, മണ്ണുവാരി, പായലുകൾ നീക്കം ചെയ്ത് ആ പ്രവർത്തനങ്ങളും ത്വരിതഗതിയിൽ നടന്നു. എല്ലാ പ്രവർത്തനങ്ങളും സന്നദ്ധ വാളണ്ടിയർമാരുടെ സഹായത്തോടെ സമയബന്ധിതമായി തന്നെ പൂർത്തിയാക്കാൻ കഴിഞ്ഞു. എല്ലാ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും ഭരണസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു. പ്രസ്തുത കാംപെയിൻ പരിപാടി 2 വർഷക്കാലം നീണ്ടുനിന്നു. യന്ത്രസാമഗ്രികളുടെ ഉപയോഗം വേണ്ടിവന്നപ്പോൾ പ്രാദേശികമായി തന്നെ ഫണ്ട് സ്വരൂപിച്ചു. അന്നത്തെ ഇന്ത്യൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം, സന്ത് ബൽവീർ സിങ്ങിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ നേരിട്ട് നിരീക്ഷിക്കാൻ വന്നെത്തി. അവിടെ നടന്നുവരുന്ന ജനകീയ കൂട്ടായ്മയിൽ അദ്ദേഹത്തിന് അത്ഭുതം തോന്നി. ചുരുങ്ങിയ സമയംകൊണ്ടു തന്നെ വരണ്ട നദിയുടെ പല ഭാഗങ്ങളിലും നീരോട്ടമുണ്ടായി. ക്രമത്തിൽ അത് ശക്തിപ്പെട്ടു. വെള്ളച്ചാൽ തോടായി, പുഴയായി, നദിയായി രൂപാന്തരപ്പെട്ടു, ശക്തിപ്പെട്ടു. 10 വർഷക്കാലമാകുമ്പോഴേക്കും നദി അതിന്റെ പൂർണ്ണ രൂപത്തിലെത്തി. ഇവിടെ നടക്കുന്ന പ്രവർത്തനങ്ങൾ നേരിട്ടു കാണാൻ വിദേശ പത്രപ്രവർത്തകർ എത്തിച്ചേരുകയുണ്ടായി. ടൈം (Time) മാസിക പ്രസ്തുത പ്രവർത്തനത്തെ സംബന്ധിച്ച് മുഖപ്രസംഗമെഴുതി. ദേശീയ പത്രങ്ങളും സാധാരണക്കാരനായ ഒരു പഞ്ചായത്ത് അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ നടക്കുന്ന പരിസ്ഥിതി പ്രവർത്തനങ്ങളെ സംബന്ധിച്ച് വസ്തുനിഷ്ഠമായിത്തന്നെ ലേഖനങ്ങളെഴുതി. ഇന്ത്യക്കും ലോകത്തിനും മാതൃകയാക്കാൻ പറ്റിയ ഒരു പ്രവർത്തനമായി ഇതിനെ ചില പത്രങ്ങൾ വിശേഷിപ്പിച്ചു. ഇപ്പോൾ ബെയിൻ നദി പഞ്ചാബിലൂടെ സ്വച്ഛമായി ഒഴുകുകയാണ്. ആരും അതിനെ മലീമസമാക്കുന്നില്ല.

സന്ത് ബൽബീർ സിങ് സച്ചേവാൾ ഇന്ന് ഒരു മാതൃകാ പഞ്ചായത്ത് പ്രസിഡന്റാണ്. അദ്ദേഹത്തിന് ഉയർന്ന വിദ്യാഭ്യാസയോഗ്യതകളൊന്നുമില്ല. ഇംഗ്ലീഷ് പരിജ്ഞാനം തീരെ ഇല്ല എന്നു പറയാം. എന്നിട്ടും അദ്ദേഹം വിഖ്യാതനായി. ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്തതാണ് അദ്ദേഹത്തിന്റെ വിജയരഹസ്യം. സ്വന്തം പഞ്ചായത്തിൽ ഒരു പ്രവൃത്തി സംസ്ക്കാരം അദ്ദേഹത്തിന് വളർത്തിയെടുക്കാൻ കഴിഞ്ഞു. ഓരോരുത്തരും കഴിവിന്റെ പരമാവധി അദ്ധ്വാനിക്കുക എന്ന ആശയം ജനങ്ങൾ ശിരസാവഹിക്കുകയായിരുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായ ഒരു കൂട്ടായ്മ രൂപപ്പെട്ടതും അങ്ങനെയാണ്. വികസനപ്രവർത്തനങ്ങളിൽ ഓരോരുത്തരും അവരുടേതായ പങ്കുവഹിക്കുന്നു. ഇത് സ്വയം പ്രചോദനത്തിന്റെ ഭാഗമായാണ് ഉണ്ടായത്. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസനതന്ത്രമാണ് സച്ചേവാൾ പഞ്ചായത്തും സമീപ പ്രദേശങ്ങളിലെ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും ആവിഷ്ക്കരിച്ചത്. അതിൽ അവർ വിജയം കണ്ടു. വികസനത്തിന്റെ പേരിൽ പരിസ്ഥിതി അട്ടിമറിക്കപ്പെടുന്നത് ദൂരവ്യാപകമായ ദുരന്തമുണ്ടാക്കുന്നതിന്റെ അനുഭവം അവർക്കുണ്ട്. മുൻ വീഴ്ചകളിൽ നിന്നും പാഠം ഉൾക്കൊണ്ടു കൊണ്ട് പഞ്ചാബിലെ സച്ചേവാൾ ഗ്രാമപഞ്ചായത്ത് മുന്നേറുകയാണ്. അതിനവർ കടപ്പെട്ടിരിക്കുന്നത് അവരുടെ എല്ലാമായ പഞ്ചായത്ത് അദ്ധ്യക്ഷൻ സന്ത് ബൽബീർ സിങ്ങിനോടു. ■

*ലേഖകൻ ചണ്ഡിഗഢിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ ആൻഡ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റിൽ ഡയറക്ടറാണ്.*







# പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്തിൽ 'സ്നേഹ മരം' പദ്ധതി

സ്കൂളുകളിലെ വിദ്യാർത്ഥികൾ തങ്ങൾ കൊണ്ടുവന്ന വൃക്ഷത്തൈകൾ പരസ്പരം കൈമാറി പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്തിന്റെ പരിസ്ഥിതി സംരക്ഷണ പദ്ധതി 'സ്നേഹമരം' ആരംഭിച്ചു. പഞ്ചായത്തിലെ ഹയർ സെക്കന്ററി സ്കൂൾ, ചൂരിക്കാട്, ബി. ഇ.എം.എ.പി. സ്കൂൾ പനയൂർ, കെ.വി.എം.യു.പി. സ്കൂൾ, പൊൽപ്പുള്ളി എന്നിവിടങ്ങളിൽ ഒരേ സമയത്താണ് പദ്ധതി തുടങ്ങിയത്.

പഞ്ചായത്തുതല പരിപാടി പൊൽപ്പുള്ളി കെ.വി.എം.യു.പി. സ്കൂളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പ്രസീത ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രധാന അദ്ധ്യാപിക സിസ്റ്റർ ലിറ്റിൽ ഫ്ളവർ ആദ്യസ്നേഹമരം പ്രതീകമായി പഞ്ചായത്ത് സെക്രട്ടറി അജിത്തിനു കൈമാറി. സ്കൂൾ അങ്കണത്തിൽ, നിറഞ്ഞുനിന്ന കുട്ടികൾ തങ്ങളുടെ കൂട്ടുകാരെ കണ്ടെത്തി തൈകൾ കൈമാറിയത് കൗതുകമുണർത്തിയ കാഴ്ചയായി. നിരവധി രക്ഷിതാക്കളും ചടങ്ങിൽ പങ്കെടുത്തു.

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ എന്നിവരെ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലമാക്കാനാണ് പഞ്ചായത്ത് ഭരണസമിതി ഉദ്ദേശിക്കുന്നത്. നന്നായി തൈകൾ വളർത്തുന്ന കുട്ടികൾക്ക് സ്കൂൾതലത്തിൽ പ്രോത്സാഹന സമ്മാനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ■



# ശുചിത്വത്തിനൊരു വേറിട്ട മാതൃക

സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷം ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ വൃത്തിയാക്കിയ സ്ഥലത്ത് കൃഷി ചെയ്ത വാഴയിൽ നിന്നും വിളവെടുത്തു. വിളവെടുപ്പിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. ഗൗരിടീച്ചർ നിർവ്വഹിച്ചു. വാഴകൾക്കൊപ്പം കപ്പ, വഴുതന, വെണ്ട, മുളക്, ചീര എന്നിവയും കണികാ ജലധാരയോടു കൂടിയ മനോഹരമായ ഒരു ഉദ്യാനവും ഓഫീസ് പരിസരത്ത് ഉണ്ട്. സർക്കാർ ജീവനത്തോടൊപ്പം കൃഷിയും എന്നതാണ് ഇവിടുത്തെ ജീവനക്കാരുടെ ലക്ഷ്യം. തികച്ചും ജൈവ രീതിയിലാണ് കൃഷി. ■





മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

മുറ്റത്തൊരു പടുകൂറ്റൻ മാവ് പണ്ട് കേരളത്തിലെ തറവാടുകളുടെ മുഖമുദ്രയായിരുന്നു. അതിനു ചുവട്ടിൽ നിന്നും ബാല്യങ്ങൾ കൗമാരത്തിലേക്കും യൗവനത്തിലേക്കും വളർന്നു. പിന്നീടൊരിക്കൽ ജീവിതയാത്രയ്ക്ക് വിരാമമിടുമ്പോഴും മാവ് തന്നെ തുണയായിത്തീർന്നിരുന്നു. മാമ്പൂനുള്ളിയ കുഞ്ഞിനെ ശാസിച്ച അമ്മയുടെ കണ്ണുനീർ മാമ്പഴമായി മലയാളിയുടെ മനസ്സിൽ നീറുന്നുണ്ട്. കലാലയത്തിനു മുന്നിലെ കാരണവരായ മാവിനെ 'സ്ഥൂലാപ്രാധിപൻ' എന്നു വിളിച്ച് കുമാരനാശാൻ ബഹുമാനിച്ചു. മാവുമായി മാങ്ങയുമായി ബന്ധപ്പെട്ട് എത്രയോ വാക്കുകൾ നമ്മുടെ നിത്യജീവിത വ്യവഹാരത്തിൽ ഇടം പിടിച്ചിരിക്കുന്നു. മാങ്ങയുടെ ചുന വീണു പൊള്ളിയ നെഞ്ചുമായി, പച്ച മാങ്ങയുടെ പുളിയും മാമ്പഴത്തിന്റെ മധുരവുമായി പലതരം മാവുകൾ തേടി അവധിക്കാലം മുഴുവൻ കളിച്ചുനടന്ന ഒരു കാലം ഓർമ്മയിൽ തെളിയുന്നു. ആ ഓർമ്മകളോടൊപ്പം അനേകം വാക്കുകളും. അവയിൽ ചിലതാണിവിടെ. നൂറുനൂറു തരം മാവുകൾ ഉണ്ടായിരുന്നു. അവയ്ക്കോരോ ആകൃതി, ഓരോ നിറം, വലിപ്പം, ഓരോ രുചി, ഓരോ മണം, വായനക്കാരെ മാവിന്റെ വൈചിത്ര്യങ്ങളിലേക്ക് സ്വാഗതം ചെയ്യുന്നു. ഇതിൽപ്പെടാത്ത വാക്കുകൾ നിങ്ങൾ പൂരിപ്പിക്കുമ്പോഴാണ് ശരിക്കും മാമ്പഴക്കാലം പിറക്കുക.



## മാമ്പൂവ്

'മാമ്പൂവ് കണ്ടും, മക്കളെ കണ്ടും മദിക്കരുതെന്നാണ് പഴമൊഴി'. ഏറെ അർത്ഥപൂർണ്ണമായ ഈ പഴമൊഴിയിൽ നിന്നു തന്നെ 'മാമ്പൂവ്' എന്താണെന്ന് വ്യക്തമാണ്. മാവ് പൂക്കുന്ന കാലമായാൽ ചില വർഷങ്ങളിൽ ഇല കാണാൻ കഴിയാത്ത വിധം മാവ് പൂത്തുലഞ്ഞു നില്ക്കും. മാവ് പൂത്ത് മാമ്പൂവ് വിരിഞ്ഞുകഴിഞ്ഞാൽ അതിനെ തഴുകിയെത്തുന്ന കാറ്റിന് പോലും ഹൃദ്യമായൊരു മണമാണ്.

## മാന്തളിർ

മകരമാസ കുളിരെത്തുമ്പോൾ മാവ് തളിരിടും. വർണ്ണക്കടലാസ്സുകൊണ്ടുണ്ടാക്കിയ തോരണം കാറ്റിലാടിയുലയുന്നതു പോലെ തളിരിലകൾ നിറഞ്ഞ മാവ് കാറ്റിലാടിയുലയുന്നതു തന്നെ ഒരു കാഴ്ചയാണ്. മാന്തളിരുണ്ണാൻ വന്നാട്ടേ... എന്ന കവി ഭാവന തന്നെ ഇതിന്റെ മനോഹാരിതയെയാണ് വരച്ചു കാട്ടുന്നത്.

## ഉണ്ണിമാങ്ങ

മാവ് പൂവിട്ടു കഴിഞ്ഞാൽ പിന്നെ ക്രമേണ ചെറിയ ഉണ്ണിമാങ്ങകളായി അവ മാറുന്നു. ഈ ഉണ്ണിമാങ്ങകളിലേറെയും കൊഴിഞ്ഞുപോകുകയും ചെയ്യും. മാവിന്റെ കൊമ്പിന് താങ്ങാവുന്നതിലേറെയുള്ള ഉണ്ണിമാങ്ങകൾ സ്വയമേവ കൊഴിയുക എന്നത് പ്രകൃതിയുടെ ഒരു പ്രതിഭാസമാണ്. ഉണ്ണിമാങ്ങ പെറുക്കുവാൻ കണ്ണൻ ചിരട്ടയുമായി മാഞ്ചുവട്ടിൽ കളിച്ചുനടന്ന ബാല്യം എന്നും ഗൃഹാതുരത്വമുള്ള ഓർമ്മയല്ലേ?

## കണ്ണിമാങ്ങ

ഉണ്ണിമാങ്ങപ്പരുവം കഴിഞ്ഞ് മാങ്ങയണ്ടി മുറ്റുന്നതിന് മുമ്പുള്ള മാങ്ങയാണ് കണ്ണിമാങ്ങ. ഇത് അച്ചാറിടുന്നതിനായി കൂടുതലായും ഉപയോഗിക്കുന്നു. കണ്ണിമാങ്ങ നിലത്തുവീഴാതെ കുലയോടെ പറിച്ചെടുത്ത് കണ്ണിമാങ്ങ അച്ചാറുണ്ടാക്കുക പരമ്പരാഗതമായ ഒരു കേരളീയ രീതിയായിരുന്നു.



## ഒറ്റപ്പുറങ്ങാടി

നന്നായി വിളഞ്ഞ് മൂപ്പെത്തുന്നതിന് മുമ്പായി കല്ലോ, കമ്പോ കൊണ്ട് മാങ്ങ എറിഞ്ഞിടുക പതിവായിരുന്നു. പ്രത്യേകിച്ച് കുട്ടിക്കാലത്ത് അതൊരു കൗതുകമായിരുന്നു. തെല്ലും ഉന്നം പിഴയ്ക്കാതെ മാങ്ങ എറിഞ്ഞിടുന്ന വിരുതന്മാരുണ്ടായിരുന്നു. കുട്ടികൾ ഒന്നിച്ചുകൂടി മാങ്ങ എറിഞ്ഞിട്ട് ഉപ്പും കൂട്ടി അത് കഴിക്കുന്നത് ഏറെ രസകരമായ അനുഭവമായിരുന്നു. ഇങ്ങനെ ഏറുകൊണ്ട് താഴെ വീഴാത്ത മാങ്ങയുടെ ക്ഷതമേറ്റ ഭാഗം അകത്തേക്ക് ചപ്പി നില്ക്കും. എന്നാൽ ബാക്കിയുള്ള ഭാഗം നന്നായി മാംസമായി നില്ക്കയും ചെയ്യും. ഇത്തരം മാങ്ങയെ 'ഒറ്റപ്പുറങ്ങാടി' എന്നാണ് നാട്ടുഭാഷയിൽ പറയുക. ഇത്തരം മാങ്ങയ്ക്ക് വേറിട്ടൊരു രുചിയാണ്.

## കൊഴി

"എറിയാനറിയുന്നോന്റെ കൈയ്യിൽ 'കൊഴി' കൊടുക്കില്ല", നാം സാധാരണയായി പ്രയോഗിക്കുന്ന ഒരു ശൈലിയാണ്. മാങ്ങയോ, പറങ്കിമാങ്ങയോ, ആഞ്ഞിലിപ്പഴമോ എറിഞ്ഞിടാൻ പാകത്തിൽ ഉള്ള ഒരു കൈയ്യുടെ നീളമുള്ള കമ്പാണ് 'കൊഴി'.

## ഇത്തിൾ

"ഇടിവെട്ടിയ തെങ്ങിന് ഇത്തിൾ പിടിച്ച മാവ് കൂട്ട്" – പറഞ്ഞുപതിഞ്ഞ ഒരു ചൊല്ലാണിത്. ഇത് മാവിന്റെ അന്തകനാണ്. പരാന്നഭോജികളായ ഈ സസ്യം മാവിന്റെ കൊമ്പുകളിൽ വേരാഴ്ത്തി പടർന്നു പന്തലിച്ചു വളരും. വേരു പിടിക്കുമ്പോൾ തന്നെ ഇവ ചുവടോടെ വെട്ടി നശിപ്പിച്ചില്ലെങ്കിൽ ക്രമേണ മാവ് ഉണങ്ങി നശിക്കും. "ഇങ്ങനെ ഇത്തിൾക്കണ്ണിയായി എത്രകാലം ജീവിക്കും"? – സ്വന്തമായി അദ്ധ്വാനിക്കാതെ മറ്റുള്ളവരെ മാത്രം ആശ്രയിച്ചു കഴിയുന്നവരോടുള്ള ചോദ്യമാണിത്.

## നാട്ടുമാവ്

മാവിൽതന്നെ നാട്ടുമാവും നാടനല്ലാത്തവയും ഉണ്ടെന്ന് ഇതിൽനിന്നും വ്യക്തമല്ലേ? മൂവാണ്ടൻ, കിളിച്ചുണ്ടൻ, തത്തച്ചുണ്ടൻ, കോലൻ, ശർക്കരേശി, കർപ്പൂരം, മയിലാപ്പൂ, കോട്ടുക്കോണം തുടങ്ങി ഓരോ പ്രദേശത്തും വ്യത്യസ്തമായ പേരുകളിൽ നിരവധി നാട്ടുമാവുകളുണ്ടായിരുന്നു. നമ്മുടെ പറമ്പിൽ പടർന്നുവളർന്നിരുന്ന നാടൻ മാവുകളിലേറെയും ആരും തൈനട്ട് നനച്ച് വളർത്തിയതല്ല – മാങ്ങയണ്ടി വീണ് സ്വയമേവ വളർന്നവയാണ്. ഗുണത്തിലും മണത്തിലും കാഴ്ചയിലുമെല്ലാം ഏറെ സവിശേഷതകളുണ്ടായിരുന്ന ഈ നാടൻ മാവുകളിൽ പലതിനും വംശനാശം വന്നിരിക്കുന്നു എന്നതാണ് ഇന്നത്തെ അവസ്ഥ.



## ഒട്ടുമാവ്

ഇന്ന് നമുക്കേറെ പരിചിതം ഒട്ടുമാവുകളാണ്. അൽഫോൺസോ, നീലം, ബംഗ്ലോറ, മൽഗോവ, സിന്ദൂരം, സുവർണ്ണരേഖ തുടങ്ങി ഒട്ടനവധി ഒട്ടുമാവിനങ്ങൾ ഇന്ന് സുലഭമാണ്. ശാഖോപശാഖകളോടുകൂടി വളരെ ഉയരത്തിൽ വളർന്ന് പന്തലിക്കാതെ കുള്ളൻ പരുവത്തിൽ വളരുകയും വളരെ സ്വാദിഷ്ഠമായ മാങ്ങ ലഭിക്കുകയും ചെയ്യുന്നു. നാടൻമാവിൽ വിളപ്പൊലിമയാർന്ന ഇനങ്ങൾ സ്റ്റോൺ ഗ്രാഫ്റ്റിംഗ് (ഒട്ടിക്കൽ) നടത്തിയാണ് ഒട്ടുമാവ് ഉല്പാദിപ്പിക്കുന്നത്. താരതമ്യേന കൊമ്പുണക്കം കൂടുതലായിക്കാണുന്നത് ഒട്ടുമാവുകളിലാണ്.

## മാങ്ങാച്ചുന

പച്ചമാങ്ങയുടെ ഞെട്ട് അടർത്തി മാങ്ങ പറിച്ചെടുക്കുമ്പോൾ ഞെട്ടിന്റെ ഭാഗത്തുനിന്നും ഒലിച്ചുവരുന്ന അമ്ല രസമാണ് 'മാങ്ങാച്ചുന'. അമ്ലാംശമുള്ള ഈ ദ്രവം ശരീരഭാഗങ്ങളിൽ വീണാൽ ആ ഭാഗം പൊള്ളിക്കുടിരും. മാങ്ങ പറിച്ച് പഴുക്കാനായി വെയ്ക്കുമ്പോൾ മാങ്ങയുടെ ഒലിച്ചിറങ്ങിയിട്ടുള്ള 'ചുന' തുടച്ചുവേണം പഴുക്ക വെയ്ക്കുവാൻ. അല്ലാത്ത പക്ഷം മാങ്ങ പഴുക്കുമ്പോൾ ചുന ഒലിച്ചിറങ്ങിയ ഭാഗം കേടാകാൻ സാദ്ധ്യത കൂടുതലാണ്.

## മെത്തപ്പൂള്

മാമ്പഴം തൊലി ചെത്തി പൂളിയെടുക്കുമ്പോൾ അതിന്റെ പ്രധാനവശത്തെ ഏറ്റവും വലിയ കഷ്ണം മുറിച്ചെടുക്കുന്നതാണ് 'മെത്തപ്പൂള്'. ചെറിയ കഷ്ണത്തിന് കോടാലിപ്പൂളെന്നാണ് പറയുക. മാങ്ങ പൂളുമ്പോൾ മെത്തപ്പൂളുതന്നെ കിട്ടുവാൻ കുട്ടികൾ വഴക്കുകൂടാറുണ്ട്.

## ഉപ്പുമാങ്ങ

"അയ്യോ എന്തൊരു വണ്ണമാണ് ഉപ്പുമാങ്ങ ഭരണി പോലുണ്ടല്ലോ"? ക്രമത്തിലധികം വണ്ണമുള്ളവരെ ഉപ്പുമാങ്ങ ഭരണിയോടാണ് പൊതുവേ നാം ഉപമിക്കുന്നത്. പഴുത്ത മാങ്ങ നിലത്ത് മണ്ണിൽ വീഴാതെ പറിച്ചെടുത്ത് കഴുകിത്തുടച്ച് ഉപ്പും, കാന്താരിയും ആവശ്യത്തിന് വെള്ളവും മറ്റും നിറച്ച ഭരണിയിൽ നിറയ്ക്കുന്നു. ഭരണിയിൽ മാങ്ങ നിറച്ച് ഭരണിയുടെ വായ വളരെ ഭദ്രമായി കെട്ടി അടച്ചുവെയ്ക്കുന്നു. മാങ്ങയുടെ സീസൺ കഴിയുമ്പോൾ ഭരണി തുറന്ന് ഒന്നോ രണ്ടോ മാങ്ങയും അതിലെ കുറച്ച് വെള്ളവും കൂടി കോരിയെടുക്കുന്നു–ഈ 'ഉപ്പുമാങ്ങ' കൊണ്ടുള്ള വിഭവങ്ങൾ ഏറെ സ്വാദിഷ്ടമാണ്. ■

*(തുടരും)*

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്*

# കുടുംബശ്രീ വാർഷികം

## പ്രദർശനമേളയിൽ പുളി മുതൽ പായസം വരെ



കുടുംബശ്രീയുടെ പതിമൂന്നാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്ന സി.ഡി.എസ് ചെയർപേഴ്സൺമാരുടെ സംസ്ഥാനതല സംഗമം തിരുവനന്തപുരത്ത് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടന്നു. സംഗമം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. ജൂൺ 23,24 തീയതികളിലായി നടന്ന സംഗമത്തിൽ വിവിധ ചടങ്ങുകളിലായി മന്ത്രിമാരായ ഡോ. എം.കെ. മുനീർ, പി.കെ. കുഞ്ഞാലിക്കുട്ടി, കെ.സി. ജോസഫ്, വി.എസ്. ശിവകുമാർ, പി.കെ. ജയലക്ഷ്മി, എ.പി. അനിൽകുമാർ, കെ.പി. മോഹനൻ, ഡോ. ടി.എം. തോമസ് ഐസക് എം.എൽ.എ. തുടങ്ങിയവർ പങ്കെടുത്തു.



കുടുംബശ്രീയുടെ പതിമൂന്നാം വാർഷികത്തോടനുബന്ധിച്ച് നടന്ന പ്രദർശനമേള പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പു മന്ത്രി ഡോ. എം.കെ. മുനീർ സന്ദർശിക്കുന്നു.

സംഗമത്തോടനുബന്ധിച്ചു നടന്ന പ്രദർശനം നല്ല നാടൻപുളി മുതൽ പായസം വരെയുള്ള കുടുംബശ്രീ ഉത്പന്നങ്ങളുടെ വൈവിധ്യത്താൽ ശ്രദ്ധേയമായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയിട്ടുള്ള കുടും ബശ്രീ പ്രവർത്തകർ, അവർ നിർമ്മിച്ച ഉത്പന്നങ്ങളുടെ വലിയ പ്രദർശനമാണ് ഒരുക്കിയിരുന്നത്.

ശുദ്ധമായ പിഴുപുളിയും കുടമ്പുളിയും പ്രത്യേക പാക്കറ്റിലാക്കി ഇവിടെ വില്പനക്കെത്തിച്ചിരുന്നു. ജൈവവളങ്ങളുപയോഗിച്ച് കൃഷിചെയ്ത നാടൻ പച്ചക്കറികളും ഇവിടെ ലഭ്യമായിരുന്നു. തിരുവനന്തപുരം ജില്ലയിലെ കോട്ടുകാലിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തകരാണ് പച്ചക്കറികൾ മേളയിലെത്തിച്ചിരുന്നത്. കലർപ്പില്ലാത്ത മറയൂർ ശർക്കര മൂന്നാറിൽ നിന്നുള്ള കുടുംബശ്രീ യൂണിറ്റ് വില്പനയ്ക്കെത്തിച്ചിരുന്നു. മധുരത്തിലും ശുദ്ധിയിലും മറയൂർ ശർക്കര മികച്ചു നിന്നു.

കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ നിുള്ള കുടംബശ്രീ യൂണിറ്റ് പ്രവർത്തകർ വിവിധ തരത്തിലുള്ള സോപ്പുല്പ്പന്നങ്ങളുമായാണ് പ്രദർശനത്തിനെത്തിയത്. നെല്ലിക്ക സോപ്പ്, വാകസോപ്പ്, നാൽപ്പാമര സോപ്പ്, രക്തചന്ദനത്താൽ നിർമ്മിച്ച സോപ്പ് എന്നിവയ്ക്ക് വൻ ഡിമാന്റാണിവിടെ അനുഭവപ്പെട്ടത്. രാസപദാർത്ഥങ്ങൾ അടങ്ങിയിട്ടില്ലാത്ത സോപ്പ് എന്ന മേൻമകൂടി ഈ സോപ്പുകൾക്കുണ്ട്.



പ്ലാസ്റ്റിക്ക് പൂർണ്ണമായും ഉപേക്ഷിച്ചാണ് സോപ്പുകളുടെ പായ്ക്കിംഗ്. പായ്ക്കിംഗിന് ഉപയോഗിച്ചിരിക്കുന്നത് കവുങ്ങിന്റെ പാളയാണെന്നതാണ് പ്രത്യേകത. ശുദ്ധമായ വെളിച്ചെണ്ണ വേവിച്ച ശേഷം അതിനൊപ്പം പയറുപൊടിയും മറ്റും ചേർത്ത് തയ്യാറാക്കിയ സോപ്പും രക്തചന്ദന സോപ്പും ഇവിടെ വില്പനയ്ക്കുണ്ടായിരുന്നു.

വയനാട്ടിൽ നിന്നുള്ള കുടംബശ്രീ പ്രവർത്തകർ കാട്ടുവിഭവങ്ങളുടെ കലവറയുമായാണ് പ്രദർശനത്തിനെത്തിയത്. അതിൽ പ്രധാനം കാട്ടിൽ നിന്നുശേഖരിച്ച ശുദ്ധമായ തേൻ തന്നെയാണ്. ആദിവാസി വൈദ്യത്തിലെ ഒറ്റമൂലി കൂട്ടുകളും ഇവിടെ എത്തിച്ചിരുന്നു. വയറിളക്കം മുതൽ മൈഗ്രേൻ വരെയുള്ള രോഗങ്ങൾക്ക് ആദിവാസികൾ ഒറ്റമൂലി നൽകും.

കേരള കാർഷികസർവ്വകലാശാല സുഗന്ധവിളവിഭാഗം കസ്തൂരി മഞ്ഞളിന്റെ ശേഖരം ഇവിടെ എത്തിച്ചിരുന്നു. കസ്തൂരി മഞ്ഞൾ കൃഷിചെയ്യുന്നതെങ്ങനെയെന്ന് മനസ്സിലാക്കിത്തരാൻ നോട്ടീസുകളും വിതരണം ചെയ്തു.

മുളയിലും തടിയിലും തീർത്ത അലങ്കാര വസ്തുക്കൾ, ചിരട്ടയിലും വിവിധ ലോഹങ്ങളിലും നിർമ്മിച്ച ആഭരണങ്ങൾ, തുകൽ ഉത്പന്നങ്ങൾ, പേപ്പറിൽ നിർമ്മിച്ച മനോഹരമായ ബാഗുകൾ, തുണിത്തരങ്ങൾ, പച്ചക്കറി വിത്തുകൾ.... തുടങ്ങി എല്ലാം ഇവിടെയുണ്ടായിരുന്നു. വസ്ത്രങ്ങളിൽ കാദംബരി ബ്രാൻഡിനായിരുന്നു വൻ ഡിമാൻഡ്.

മേളയിലെത്തുന്നവരാരും വിശന്നു നടക്കേണ്ടി വന്നില്ല. കുടമ്പുളി ഇട്ട നല്ല മീൻകറിയും കപ്പയും ചിക്കൻ കറിയും അപ്പവും വിവിധ പായസങ്ങളുമായി സംഘടിപ്പിച്ച കുടുംബശ്രീ പ്രദർശനമേളയ്ക്ക് നല്ല തിരക്കാണ് അനുഭവപ്പെട്ടത്. രണ്ടുദിവസങ്ങളിലായി നടന്ന സംഗമത്തിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ച് ആയിരത്തിൽപ്പരം സി.ഡി.എസ് ചെയർപേഴ്സൺമാരടക്കം 1500-ഓളം കുടുംബശ്രീ പ്രവർത്തകർ പങ്കെടുത്തു. ■









*കുടുംബശ്രീയുടെ 13-ാം വാർഷികം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, ഡോ. എം.കെ. മുനീർ, വി.എസ്.ശിവകുമാർ, എ.പി. അനിൽകുമാർ, ഡോ. ടി.എം. തോമസ് ഐസക് എം.എൽ.എ. തുടങ്ങിയവർ സമീപം.*

ജനഹൃദയങ്ങളിലേക്കിറങ്ങിച്ചെല്ലുന്ന പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ നടത്തുന്നത് നിശബ്ദ സാമ്പത്തിക വിപ്ളവമാണ്. കുടുംബശ്രീ സർക്കാരിന്റെ ഔദ്യോഗിക സംവിധാനമായിരിക്കും.അശരണർക്ക് തുണയാകുന്ന ആശ്രയ പദ്ധതി എല്ലാ പഞ്ചായത്തുകളിലും എല്ലാ മുനിസിപ്പാലിറ്റികളിലും വ്യാപിപ്പിക്കും. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ പൂർണ പിന്തുണയും നേതൃത്വവും ഉണ്ടാകും. ഇതു സംബന്ധിച്ച ആശങ്കകൾക്ക് യാതൊരു അടിസ്ഥാനവുമില്ല. കുടുംബശ്രീക്ക് സർക്കാർ എല്ലാ പ്രോത്സാഹനവും നൽകും. ഒപ്പം മറ്റ് സ്വാശ്രയ സംഘങ്ങളെ നിരുത്സാഹപ്പെടുത്തുകയുമില്ല.

*- **ഉമ്മൻചാണ്ടി**, മുഖ്യമന്ത്രി*

കുടുംബശ്രീക്ക് കാർഷിക വായ്പ പൂജ്യം ശതമാനം പലിശനിരക്കിൽ നൽകുന്ന കാര്യം സർക്കാർ പരിഗണിക്കും. സി ഡി എസ് ചെയർപേഴ്സൺമാരുടെ ഏറ്റവും കുറഞ്ഞ ഓണറേറിയം 3000 രൂപയായി വർദ്ധിപ്പിക്കും. ഇപ്പോഴിത് 2000 മുതൽ 2500 രൂപ വരെയാണ്. ആർക്കും നിഷേധിക്കാനാകാത്ത അനിഷേധ്യശക്തിയായി കുടുംബശ്രീ മാറി കഴിഞ്ഞു.

*- **ഡോ. എം.കെ. മുനീർ**, പഞ്ചായത്ത് സാമൂഹ്യക്ഷേമ മന്ത്രി*

സംസ്ഥാനത്തിന്റെ അഭിമാനമാണ് കുടുംബശ്രീ. കുടുംബശ്രീയുടെ പ്രവർത്തനം മാതൃകാപരമാണ്. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിൽ ഐ.ടിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തും.

*- **പി.കെ. കുഞ്ഞാലിക്കുട്ടി**, നഗരകാര്യ മന്ത്രി*

കുടുംബശ്രീ കേരളത്തിന്റെ ഗ്രാമങ്ങളിൽ വ്യക്തമായ ഒരു ഇടം കണ്ടെത്തി കഴിഞ്ഞു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കെല്ലാം മാതൃകയാകുകയാണ് ഈ പ്രസ്ഥാനം. കുടുംബശ്രീക്ക് സർക്കാരിന്റെ പൂർണ്ണപിന്തുണയുണ്ടാകും. ഇക്കാര്യത്തിലുള്ള എല്ലാ സംശയങ്ങളും അസ്ഥാനത്താണ്. രാഷ്ട്രീയവത്കരണം പോലെയുള്ള അനഭിലഷണീയ പ്രവണതകൾ കുടുംബശ്രീക്ക് ഗുണകരമാകില്ല. സംസ്ഥാന ഭരണത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഇത്തരം സംരംഭങ്ങളെ ദോഷകരമായി ബാധിക്കരുത്.

*- **കെ.സി. ജോസഫ്**, ആസൂത്രണ-ഗ്രാമവികസന മന്ത്രി*

ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കുടുംബശ്രീയുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കും.

*- **എ.പി. അനിൽകുമാർ**, ടൂറിസം വകുപ്പു മന്ത്രി*

കേരളത്തിന്റെ സംഘനാദമായി മാറിയ കുടുംബശ്രീ സ്ത്രീശാക്തീകരണത്തിൽ പുത്തൻ ചരിത്രം സൃഷ്ടിച്ചു.

*- **പി.കെ. ജയലക്ഷ്മി**, പട്ടികവർഗ-യുവജനക്ഷേമ മന്ത്രി*

*(കുടുംബശ്രീയുടെ പതിമൂന്നാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്ന സി.ഡി.എസ് ചെയർപേഴ്സൺമാരുടെ സംസ്ഥാനതല സംഗമത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടന്ന വിവിധ ചടങ്ങുകളിൽ നിന്ന്.)*

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

# വാർത്തകളും വിശേഷങ്ങളും

## ത്രിതല പഞ്ചായത്തുകളിൽ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ്

സംസ്ഥാനത്തെ എല്ലാ ത്രിതല പഞ്ചായത്തുകളിലും സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ ഘട്ടം ഘട്ടമായി 2011-12ൽ നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ സാംഖ്യ നടപ്പാക്കുന്നതിനുള്ള ചുമതല യഥാക്രമം പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എന്നിവർക്കായിരിക്കും. ഇതിന്റെ സംസ്ഥാനതല മോണിറ്ററിംഗിന് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ കൺവീനറായി സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ മോണിറ്ററിംഗിന് ഒൻപതംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരിശീലനം 'കില' നിർവഹിക്കും. മറ്റു സാങ്കേതിക സഹായത്തിനുള്ള ചുമതല ഇൻഫർമേഷൻ കേരള മിഷനായിരിക്കും. ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ ചുമതലകളും ഉത്തരവിൽ നിർവചിച്ചിട്ടുണ്ട് [G.O.(Ms) No. 128/2011/LSGD, dated: 6-7-2011].

## ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട്: 2011 – 12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം

ഭൂരഹിത-ഭവനരഹിതർ വീട് നിർമ്മിക്കുന്നതിനുവേണ്ട സ്ഥലം വിലയ്ക്ക് വാങ്ങിയാൽ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും 2011-12 വാർഷിക പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചു. മറ്റു മാർഗ്ഗങ്ങളിലൂടെ ഭൂമി കണ്ടെത്തി അനുവദിക്കുന്നതിന് പല വിധത്തിലുള്ള പ്രയാസങ്ങൾ നേരിടുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. നിലവിലുള്ള സമഗ്ര ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും സ്ഥലം ലഭ്യമാക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ ഉറപ്പാക്കണം. ഐ.എ.വൈ പദ്ധതിയിൽ അനുവദനീയമായ 10,000 രൂപ കൂടി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണ്. (സർക്കുലർ നമ്പർ. 30244/ഡി.ബി.1/2011/തസ്വഭവ തീയതി 16.06.2011)

## ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സെർവർ കമ്പ്യൂട്ടറുകൾ, കമ്പ്യൂട്ടറുകളും അനുബന്ധങ്ങളും, യു.പി.എസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് (AMC) നുള്ള സ്ഥാപനങ്ങളുടെ ജില്ലാതല ലിസ്റ്റ് സർക്കാർ പ്രസിദ്ധീകരിച്ചു. (G.O.(Rt)No.1509/2011/LSGD, dated 24.06.2011).

## ക്വാറി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് വേണം

ക്വാറി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റുകൾ അനുവദിക്കുന്ന പെർമിറ്റിൽ ഇത് ക്വാറി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസല്ല എന്നും പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുള്ള ഡി & ഒ ലൈസൻസ് ലഭിച്ചതിനുശേഷം മാത്രമേ പ്രവർത്തനങ്ങൾ ആരംഭിക്കാവൂ എന്നും രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു.

## പഞ്ചായത്ത് ഭരണസമിതികൾക്കുള്ള അധികാരം പുനഃസ്ഥാപിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർ, അക്കൗണ്ടന്റ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ കരാർ ഓരോ വർഷവും പുതുക്കുന്നതിനും അവസാനിപ്പിക്കുന്നതിനുമുള്ള അധികാരം ഭരണസമിതികൾക്കു തിരിച്ചുനൽകി ഉത്തരവായി. ഈ അധികാരം ജില്ലാ കളക്ടർമാർക്കും ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും വിട്ടുകൊടുത്തുകൊണ്ടുള്ള മുൻ ഉത്തരവും റദ്ദാക്കി.

## ദത്തെടുക്കൽ: കുഞ്ഞുങ്ങളുടെ ജനന സ്ഥലം തിരുത്താൻ അനുമതി

കുട്ടിയെ ദത്തെടുക്കുന്ന മാതാപിതാക്കളുടെ താമസ സ്ഥലത്ത് ജനനം രജിസ്റ്റർ ചെയ്യുന്നതിനും മാതാപിതാക്കളുടെ വിലാസം കുട്ടിയുടെ ജനനസ്ഥലമായി രേഖപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവായി. ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ ദത്തെടുക്കൽ കേന്ദ്രമോ, കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലമോ ജനന സ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിലാണ് അനുമതി. (സ.ഉ.(ആർ.ടി) 1480/2011/തസ്വഭവ, തീയതി 20.06.2011)

## കൂറുമാറ്റം : പഞ്ചായത്ത് പ്രസിഡന്റിന് അയോഗ്യത

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ടോമിയെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ കെ. ശശിധരൻ നായർ അയോഗ്യയാക്കി. പഞ്ചായത്തിലെ മറ്റൊരംഗമായ ഉല്ലാസൻ നൽകിയ ഹർജിയിലാണ് ഉത്തരവ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് ഒൻപതും എൽ.ഡി.എഫ് എട്ടും സീറ്റിലാണ് ജയിച്ചത്. കോൺഗ്രസ് അംഗമായ ഷീന സെബാസ്റ്റ്യനായിരുന്നു യു.ഡി.എഫിന്റെ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനാർത്ഥി. എന്നാൽ കോൺഗ്രസ് ടിക്കറ്റിൽ വിജയിച്ച ഡെയ്സി ടോമി എൽ.ഡി.എഫ്. പിന്തുണയോടെ പ്രസിഡന്റായി. യു.ഡി.എഫ് സ്ഥാനാർത്ഥിക്ക് വോട്ടു ചെയ്യണമെന്ന വിപ്പ് ലംഘിച്ച ഡെയ്സി ടോമിയെ അയോഗ്യയാക്കണമെന്നായിരുന്നു ഹർജിയിലെ ആവശ്യം. കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ച് ജയിച്ചശേഷം എതിർപക്ഷത്തിന്റെ പിന്തുണയോടെ പ്രസിഡന്റായ നടപടി കൂറുമാറ്റ നിരോധനനിയമത്തിന്റെ ലംഘനമാണെന്ന് വിലയിരുത്തിയാണ് കമ്മീഷൻ ഡെയ്സി ടോമിയെ അയോഗ്യയാക്കിയത്. തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ ആറു വർഷത്തേക്ക് അവർക്ക് വിലക്കുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsg.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.





ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033